## എറണാകുളം ജില്ലാ പഞ്ചായത്ത്

(ISO 9001 – 2015 അംഗീകൃതം)

# ബജറ്റ് 2023–24

| ക്ര.നം. | മേഖല | പുറം |
|---|---|---|
| 1 | ധനകാര്യ വിശകലനം | 5-12 |
| 2 | കാർഷിക മേഖല | 13-29 |
| 4 | വ്യവസായ മേഖല | 30-33 |
| 5 | സ്ത്രീ ശാക്തീകരണം | 34-38 |
| 6 | പ്രവാസി ക്ഷേമം | 39-41 |
| 7 | ശുചിത്വവും മാലിന്യ സംസ്കരണവും | 42-46 |
| 8 | വിദ്യാഭ്യാസം | 47-50 |
| 9 | ആരോഗ്യം | 51-56 |
| 10 | ഭിന്നശേഷി വിഭാഗത്തിനുള്ള ക്ഷേമം | 57-58 |
| 11 | വയോജന ക്ഷേമം | 59-62 |
| 12 | കുട്ടികളുടെ ക്ഷേമം | 63-64 |
| 13 | ഭിന്നലിംഗക്കാരുടെ ക്ഷേമം | 65-67 |
| 14 | പട്ടികജാതി പട്ടികവർഗക്ഷേമം | 68-72 |
| 15 | കലയും സംസ്കാരവും | 73-76 |
| 16 | കുടിവെള്ളം | 77 |
| 17 | സദ്ഭരണം | 78-79 |
| 18 | ദുരന്തനിവാരണം | 80 |
| 19 | പശ്ചാത്തല മേഖല | 81-82 |
| 20 | ഉപസംഹാരം | 83-84 |
| | | |

# ബജറ്റ് സ്പീച്ച്
# 2023-24

## ആമുഖം

സർ , ഇത് എന്റെ കന്നി ബജറ്റ് ആണ്. എന്റെ മുൻഗാമി അവതരിപ്പിച്ച ബജറ്റുകൾ എല്ലാം അവതരണ ശൈലിയിലെ വ്യത്യസ്ത കൊണ്ട് ശ്രദ്ധേയമായിരുന്നു. വ്യത്യസ്തവും നൂതനവുമായ വിവിധ പദ്ധതികൾ ആ ബജറ്റുകളിലൂടെ നമ്മുടെ മുൻപിൽ എത്തി കവിതാ ശകലങ്ങളും കഥാ ഭാഗങ്ങളും കൊണ്ട് അലംകൃതവുമായിരുന്നു ആ ബജറ്റുകൾ.

ഞാനും ഒരു കഥയിൽ തുടങ്ങുകയാണ്.

ഒരു വീട്ടിൽ ഒരു മൃത സംസ്കാര ശുശ്രൂഷ നടക്കുകയാണ്. ആ വീട്ടിലെ ഗൃഹനാഥൻ മരണപ്പെട്ടിരിക്കുന്നു. ശുശ്രൂഷകൾ ആരംഭിച്ചു. ഒരുപാട് ആളുകൾ കൂടിയിട്ടുണ്ട്. അല്പ നേരം കഴിഞ്ഞപ്പോൾ പെട്ടെന്ന് ഒരു ശബ്ദം ഉയർന്നു, ഇല്ല അച്ഛൻ മരിച്ചിട്ടില്ല ! ഉച്ചത്തിൽ വിളിച്ചു കൂവുന്നത് മരണപ്പെട്ട ആളുടെ ഇളയ പുത്രനാണ്. ആളുകൾ അത്ഭുതപ്പെട്ടു. അയാൾ വീണ്ടും വിളിച്ചുപറഞ്ഞു: നോക്കു അച്ഛന്റെ ചെറുവിരൽ അനങ്ങുന്നുണ്ട്, ആളുകൾ നോക്കി. ശരിയാണ് മരണപ്പെട്ട ആളുടെ ചെറുവിൽ അനങ്ങുന്നു. പെട്ടെന്നു തന്നെ അയാളെ ആശുപത്രിയിൽ കൊണ്ടുപോയി ജീവൻ തിരിച്ചുകിട്ടി.

സർ, ബജറ്റ് അവതരണ വേളയിൽ മരണത്തെക്കുറിച്ചും മൃതസംസ്കാരത്തെക്കുറിച്ചും സംസാരിക്കുന്നത് എന്താണെന്ന് അങ്ങ് അത്ഭുതം കൂറുന്നുണ്ടാവാം. ഞാനിത് പറഞ്ഞത് ഞങ്ങൾ മരിച്ചിട്ടില്ല എന്നും ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നും കാണിക്കുന്ന ചെറു വിരൽ പ്രയോഗം ആയിട്ടല്ല ഈ ഭരണസമിതി ബജറ്റ് അവതരണത്തെ കാണുന്നത് എന്ന് സൂചിപ്പിക്കാനാണ്. മറ്റു പല സ്ഥലങ്ങളിലും ബജറ്റ് വേളയിൽ മാത്രം അനക്കം വെക്കുന്ന ഭരണസമിതികൾ ആണുള്ളത്. ഒരിക്കലും നടപ്പാക്കാൻ കഴിയാത്ത കുറെ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ച ശേഷം മൃതതുല്യരായി കഴിയുന്ന അത്തരക്കാരിൽ നിന്നും വ്യത്യസ്തമാണ് ഈ ഭരണസമിതി. നടപ്പാക്കാൻ കഴിയുന്നവ മാത്രം ബജറ്റിൽ പ്രഖ്യാപിക്കുകയും നിശ്ചയദാർഢ്യത്തോടെയുള്ള കൂട്ടായ പ്രയത്നം വഴി ഓരോന്നായി നടപ്പാക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ നയം.

ഈ ഭരണസമിതി കഴിഞ്ഞ രണ്ട് ബജറ്റിലും പ്രഖ്യാപിച്ച ഏതാണ്ട് മുഴുവൻ കാര്യങ്ങളും പൂർണമായ അർത്ഥത്തിൽ നടപ്പാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് സർ അർഹതയ്ക്കുള്ള അംഗീകാരമായി ഇന്ന് 2021-22 വർഷത്തെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള സ്വരാജ്ട്രോഫി നമ്മുടെ ഓഫീസിനെ അലങ്കരിക്കുന്നത്. അത് ആരുടെ എങ്കിലും ഔദാര്യമോ പക്ഷപാതമോ കൊണ്ട് ലഭിച്ച ഒന്നല്ല. അക്ഷീണമായ പ്രയത്നങ്ങളിലൂടെ നാം നേടിയെടുത്തതാണ്. ഇതൊരു തുടക്കം മാത്രമാണ്. അനവധി അംഗീകാരങ്ങൾ ഒന്നിന് പിന്നാലെ ഒന്നായി നമ്മെ തേടിയെത്തും എന്നതിൽ സംശയമില്ല.

2023-24 വർഷത്തെ ബജറ്റ് അവതരിപ്പിക്കുമ്പോൾ അടിയന്തരമായി ഏറ്റെടുക്കേണ്ട ഒട്ടനവധി പദ്ധതികൾ എന്റെ മുമ്പിൽ വന്നു നിറഞ്ഞിട്ടുണ്ട്. നാടിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും ഈ പദ്ധതികളൊക്കെ നടപ്പാക്കേണ്ടത് ആവശ്യമാണ്. പക്ഷേ കടുത്ത സാമ്പത്തിക ഞെരുക്കം നാം അനുഭവിക്കുന്നുണ്ട്.

# വരവിനം

## കേന്ദ്ര സംസ്ഥാന സർക്കാർ ഗ്രാന്റുകൾ

ഈ വർഷത്തെ നമ്മുടെ ജില്ലാ പഞ്ചായത്തിനുള്ള ബജറ്റ് വിഹിതത്തിൽ പ്രത്യേകിച്ച് റോഡ് ഫണ്ടിൽ വലിയ കുറവുണ്ടായിട്ടുണ്ട്. പ്ലാൻ ഫണ്ടിലും കുറവ് വരുത്തിയിട്ടുണ്ട്. മറ്റുള്ളവർക്ക് മാതൃകയായ മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന നമ്മെ സംബന്ധിച്ചിടത്തോളം ഫണ്ട് ലഭ്യതയിൽ ഉണ്ടാകുന്ന ഈ കുറവുകൾ വലിയ പ്രയാസം സൃഷ്ടിക്കുന്നു. സംസ്ഥാന സർക്കാരിൻറെ ഈ പ്രതികൂല നടപടിയെ തിരുത്തുവാൻ ശ്രമം നടത്തുന്നതാണ്. ഈ വർഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ഗ്രാൻഡ് ഇൻ എയ്ഡുകൾ ഇപ്രകാരമാണ്.

| ഇനം | തുക |
|---|---:|
| വികസന ഫണ്ട് (ജനറൽ) | 341971000 |
| സി.എഫ്.സി. (ടൈഡ്) | 101926800 |
| സി.എഫ്.സി. (അൺ ടൈഡ്) | 67951200 |
| എസ്.സി.പി. | 169342000 |
| ടി.എസ്.പി. | 7027000 |
| മെയിന്റനന്സ് ഗ്രാന്റ് (റോഡ്) | 128371000 |
| മെയിന്റനന്സ് ഗ്രാന്റ് (നോൺ റോഡ്) | 139328000 |
| ആകെ | **955917000** |

## തനത് വരുമാനം

അങ്ങേയ്ക്ക് അറിയാവുന്നതു പോലെ ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം തനത് വരുമാനത്തിനുള്ള സാധ്യതകൾ വളരെ വിരളമാണ്. ജില്ലാ കൃഷിത്തോട്ടങ്ങളിൽ നിന്നുള്ള വരുമാനവും ടെൻഡർ ഫോറങ്ങളുടെ വിൽപ്പനയിനത്തിൽ ലഭിക്കുന്ന വരുമാനവും ആണ്

നമ്മുടെ പ്രധാന തനത് വരുമാന സ്രോതസ്സുകൾ. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നല്കുന്ന ധന സഹായങ്ങളെ മാത്രം ആശ്രയിക്കാതെ കൂടുതൽ തനത് വരുമാനം കണ്ടെത്തുന്നതിനുള്ള പരിപാടികൾക്കാണ് ഈ ബജറ്റ് ഊന്നൽ നല്കുന്നത്. ജില്ലാ കൃഷിത്തോട്ടങ്ങളെ ആധുനികവൽക്കരിച്ചു കൊണ്ടും നടീൽ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിച്ചു കൊണ്ടും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച വിപണനം ചെയ്തു കൊണ്ടും ഫാമുകളിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നാം കഴിഞ്ഞ കുറേ വർഷങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആ ശ്രമത്തിന് കുറച്ചൊക്കെ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. എങ്കിലും വിവിധ ഫാമുകളുടെ കൃഷിത്തോട്ടങ്ങളിൽ നാം മുടക്കുന്ന പണത്തിന് അനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകുന്നില്ല. ജില്ലാ കൃഷിത്തോട്ടങ്ങളിൽ നാം ഏറ്റെടുക്കുന്ന പദ്ധതികളിൽ ഭൂരിപക്ഷവും മൂലധന ചെലവുകൾ ആയതുകൊണ്ട് അവയുടെ പ്രയോജനം ലഭിക്കുന്നതിന് കുറെ വർഷങ്ങൾ കൂടി കാത്തിരിക്കേണ്ടിവരും. എങ്കിലും നമ്മുടെ വിവിധ ഫാമുകളിൽ സാധ്യതകളെ പൂർണമായും പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിയണം. ഇക്കാര്യത്തിൽ ഫാം ഓഫീസർമാർ കൂടുതൽ ശ്രദ്ധയും ശ്രമവും നടത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞവർഷം ജില്ലാ കൃഷി തോട്ടങ്ങളിലെ വരുമാനം വർദ്ധിപ്പിക്കുവാൻ ക്രിയാത്മകമായ ചില പരിപാടികൾ നാം നടപ്പാക്കിയിരുന്നു. ഫാം വിപണികളുടെ കമ്പ്യൂട്ടറൈസേഷൻ ആണ് അതിൽ പ്രധാനപ്പെട്ടത്. മുഴുവൻ ഫാം ഉൽപ്പന്നങ്ങളും നാം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയും, വിപണനം ടാലി സോഫ്റ്റ്വെയർ സമ്പ്രദായത്തിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിപണന സാധ്യതയുള്ള നേര്യമംഗലം ഒക്കൽ ഫാമുകളിൽ ഓരോ സെയിൽസ് അസിസ്റ്റൻറ് മാരെയും ആലുവ സംസ്ഥാന വിത്തുത്പാദന കേന്ദ്രം ആലുവ മെട്രോ സ്റ്റേഷനിൽ ആരംഭിച്ചിരിക്കുന്ന സെയ്ൽസ് ഔട്ട്ലെറ്റിലേക്ക് ഒരു അപ്രന്റിസിനെയും നിയമിച്ചിട്ടുണ്ട്. ഏപ്രിൽ ഒന്നുമുതൽ എല്ലാ ഫാമുൽപന്നങ്ങൾക്കും നാം ഏകീകൃത വില നിശ്ചയിക്കുകയാണ്. ജില്ല കൃഷിത്തോട്ടങ്ങൾ ജില്ലാ പഞ്ചായത്തിന് വിട്ടു

കിട്ടിയിട്ടുള്ളതാണ്. അവിടെയുള്ള ഉല്പാദനങ്ങൾക്കും പശ്ചാത്തല സൗകര്യങ്ങൾക്കും ജില്ലാ പഞ്ചായത്ത് തന്നെ പണം മുടക്കുന്നതും ആണ്. അതിനാൽ ജില്ലാ പഞ്ചായത്തിന്റെ ചെലവിൽ ഉൽപ്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കൾക്കും വില നിശ്ചയിക്കുന്നതിനുള്ള അധികാരം ജില്ലാ പഞ്ചായത്തിനുണ്ട്. ഏകീകൃതമായ വില നിശ്ചയിക്കുകയും ആവശ്യാനുസരണം ഉൽപാദനം വർദ്ധിപ്പിക്കുകയും ഓൺലൈൻ വിപണനം ഉൾപ്പെടെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നത് വഴി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിയും.

നിലവിൽ നമ്മുടെ ഫാം പ്രവർത്തനങ്ങളെ കുറിച്ചോ അവിടെ ലഭിക്കുന്ന വസ്തുക്കളെ കുറിച്ചോ കൃത്യവും വ്യക്തവുമായ അറിവ് പൊതുജനങ്ങൾക്കില്ല. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ വ്യാപകമായ പരസ്യം നൽകിയും ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുന്ന മുറയ്ക്ക് സമർത്ഥരായ സെയിൽസ് ഓഫീസർമാരെയും സെയിൽ എക്സിക്യൂട്ടീവ് മാരെയും നിയമിച്ചും ഫാം പ്രവർത്തനങ്ങൾ  ജനങ്ങളിലേക്ക് കൂടുതൽ എത്തിക്കുവാനും അതുവഴി ഫാം ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുവാനും ഉള്ള നിർദ്ദേശം ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നു. ഇതുവഴി ഫാം ഉൽപ്പന്നങ്ങൾ കൂടുതൽ വിറ്റു പോകുവാൻ ഇടയാകും. ഫാമിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് നിശ്ചിത ഇടവേളകളിൽ ജില്ലയുടെ പ്രധാന കേന്ദ്രങ്ങളിലും ആളുകൾ കൂടുതൽ എത്തുന്ന സ്ഥലങ്ങളിലും ഫാം ഫെസ്റ്റുകൾ സംഘടിപ്പിക്കും. ഇത്തരത്തിൽ ആദ്യത്തേത് ഏപ്രിൽ മാസം കളക്ടറേറ്റ് കോമ്പൗണ്ടിലും മറൈൻ ഡ്രൈവിലും നടത്തുവാൻ ഉദ്ദേശിക്കുന്നു.

നമ്മുടെ ജില്ലാ കൃഷിത്തോട്ടങ്ങൾ എല്ലാം തന്നെ വളരെ മനോഹരമായ ഭൂപ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. തലയെടുപ്പോടെ നിൽക്കുന്ന സഹ്യന്റെ മടിത്തട്ടിലൂടെ ഒഴുകുന്ന പെരിയാറിന്റെ ഓരം ചേർന്നാണ് നേര്യമംഗലത്തെ ജില്ലാ കൃഷിത്തോട്ടം സ്ഥിതി ചെയ്യുന്നത്. കാടും മലയും നദിയും എല്ലാം ചേർന്ന് ആരെയും

ഭാവഗായകരാക്കുന്ന പ്രകൃതി സൗന്ദര്യമാണ് നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നമുക്ക് കാണാൻ കഴിയുക.

നാലു ചുറ്റും ആലുവാപ്പുഴ തഴുകുന്ന ദ്വീപിലാണ് ആലുവ സംസ്ഥാന വിത്തുൽപാദനകേന്ദ്രം നിലനിൽക്കുന്നത്. പുഴയുടെ നടുവിലുള്ള ഈ പച്ചത്തുരുത്തും അവിടെ കൃഷി ചെയ്തുവരുന്ന അപൂർവ്വയിനം നെല്ലിനങ്ങളും അവയുടെ ഇടയിലൂടെ കുണുങ്ങി നീങ്ങുന്ന താറാവിൻ കൂട്ടങ്ങളും പാടവരമ്പിലൂടെ തുള്ളിച്ചാടി ഓടുന്ന ആട്ടിൻകുട്ടികളും പശുക്കിടാങ്ങളും ആരുടെ മനസ്സിനെയാണ് സന്തോഷിപ്പിക്കാത്തത്. എം.സി റോഡിന് സമീപമുള്ള ഒക്കൽ സംസ്ഥാന വിത്തുല്പാദന കേന്ദ്രവും വൈറ്റിലയ്ക്കടുത്ത് സ്ഥിതി ചെയ്യുന്ന നാളികേര നേഴ്സറിയും കാർഷിക വിദ്യാഭ്യാസ ടൂറിസത്തിന് ഏറ്റവും അനുയോജ്യമാണ്. ഫാം ടൂറിസത്തിന്റെ ഈ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് നാം വിവിധ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

അതാതു ഫാമുകളിൽ ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ അതാതു ഫാമുകളിൽ മാത്രം വിൽക്കുന്ന രീതിയാണ് നിലവിലുള്ളത്. അതിനാൽ ഉപഭോക്താക്കൾക്ക് ആവശ്യമുള്ള എല്ലാ സാധനങ്ങളും ലഭ്യമാകുന്നില്ല. ഇത് വിൽപ്പനയെ ദോഷകരമായി ബാധിക്കുന്നു. വിപുലമായ വിപണന ശൃംഖല സൃഷ്ടിച്ച്ഫാമുകൾ തമ്മിൽ ഉൽപ്പന്നങ്ങൾ കൈമാറ്റം നടത്തിയും കർഷകരിൽ നിന്നും നേരിട്ട് സ്വീകരിക്കുന്ന ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിച്ചും ഈ പോരായ്മ പരിഹരിക്കാൻ കഴിയും. ക്രമേണ ഫാമുകളിലെ വിപണനം ജില്ലാ പഞ്ചായത്ത് നേരിട്ട് നിർവഹിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ ഒക്കൽ വിപണ കേന്ദ്രം ജില്ലാ പഞ്ചായത്തിന്റെ നേരിട്ടുള്ള വില്പന കേന്ദ്രം ആക്കി അടുത്ത മാസം മുതൽ പ്രവർത്തനമാരംഭിക്കും. അങ്കമാലിയിൽ ഉള്ള മുയൽ വളർത്തൽ കേന്ദ്രത്തിൽ നാമ മാത്രമായ മുയലുകളാണ് ഇപ്പോഴുള്ളത്. കഴിഞ്ഞ കുറെ നാളുകളായി പ്രസ്തുത കേന്ദ്രത്തിൽ സ്ഥിരമായി വെറ്റിനറി ഡോക്ടർ ഇല്ലാത്തത് മൂലം പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥിരമായി ഒരു ഡോക്ടറെ ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ മുയലുകളുടെ എണ്ണം

വർദ്ധിപ്പിക്കുന്നതിനും അവിടെയുള്ള പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്ന തിനും **30 ലക്ഷം രൂപ** ബജറ്റ് നിർദ്ദേശിക്കുന്നു. മുയലുകളുടെ കാര്യക്ഷമമായ വിപണനവും ലക്ഷ്യം വെക്കുന്നു. ഈവക പ്രവർത്തനങ്ങളിലൂടെ അവിടെ നിന്നും കൂടുതൽ വരുമാനം ലഭ്യമാകും.

ഫാം ടൂറിസം മുൻനിർത്തിയുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ചിലത് പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റു ചിലത് നടന്നു കൊണ്ടിരിക്കുന്നു. ഏതാനും എണ്ണം പ്രാരംഭ ഘട്ടത്തിലാണ്. മൂന്നു വർഷം മുമ്പ് നാം പ്രഖ്യാപിച്ച ഫാം ടൂറിസം പദ്ധതി വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗതിവേഗമില്ലായ്മ മൂലം ഇനിയും ആരംഭിക്കാനായിട്ടില്ല എന്നത് ഖേദകരമാണ്. ഇനിയും നമുക്ക് കാത്തിരിക്കാനാവില്ല. വളരെ അടിയന്തരമായി ആവശ്യമുള്ള സൗകര്യങ്ങൾ അതായത് Snack bar, ടിക്കറ്റ് കൗണ്ടർ മുതലായവ ഏർപ്പെടുത്തി മെയ് മാസത്തിൽ തന്നെ നമ്മുടെ എല്ലാ ജില്ലാ കൃഷിത്തോട്ടങ്ങളും പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കും. നേര്യമംഗലം ആലുവ കൃഷിത്തോട്ടങ്ങളിൽ 25/- രൂപയും ഒക്കൽ, വൈറ്റില കൃഷിത്തോട്ടങ്ങളിൽ 15/- രൂപയും പ്രവേശന ഫീസ് ഏർപ്പെടുത്തും. കാർഷിക രീതികളെക്കുറിച്ച് പഠിക്കുവാനും പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കുവാനും ധാരാളം സ്വദേശ വിദേശ ടൂറിസ്റ്റുകൾ എത്തിച്ചേരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഒക്കലിലും വൈറ്റിലയിലും ആരംഭിക്കുന്ന വിദ്യാഭ്യാസ ടൂറിസം വഴിയും മികച്ച വരുമാനം ലഭ്യമാകും. ഇപ്രകാരം ഫാം ടൂറിസത്തിലൂടെ **25 ലക്ഷം രൂപ** വരവ് പ്രതീക്ഷിക്കുന്നു.

ആമുഖമായി സൂചിപ്പിച്ചതു പോലെ തനത് വരുമാനത്തിനുള്ള സാധ്യതകൾ ജില്ലാ പഞ്ചായത്തിന് വിരളമാണെങ്കിലും പരിമിതികളെ മറികടന്നു കൊണ്ട് തനതു വരുമാനം വർദ്ധിപ്പിക്കുക എന്നതിനാണ് ഈ ബജറ്റിൽ ഞാൻ ഊന്നൽ നൽകുന്നത്. അതിൽ ഉൾക്കൊള്ളുന്ന ഏതാനും കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞു.

നമ്മുടെ ഓഫീസ് കോമ്പൗണ്ടിൽ സ്ഥാപിക്കുന്ന വിപണന കേന്ദ്രം അടുത്ത രണ്ടു മാസങ്ങൾക്കുള്ളിൽ സജ്ജമാകും. മനോഹരമായ

രൂപകൽപ്പനയോടെ നിർമ്മിക്കുന്ന പ്രസ്തുത വിപണന കേന്ദ്രം നമ്മുടെ ഫാമുൽപന്നങ്ങൾ വിൽക്കുന്നതിനും മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആയി വാടകയ്ക്ക് നൽകുന്നതിലൂടെ **10 ലക്ഷം രൂപ** സമാഹരിക്കും. ജില്ലാ പഞ്ചായത്ത് കാൻറീൻ പുനരുദ്ധാരണം അതിവേഗം പുരോഗമിക്കുകയാണ്. ഈ മാസം തന്നെ നിർമ്മാണം പൂർത്തിയാകും. പ്രൗഢിയോടെയും കൂടുതൽ സൗകര്യത്തോടെയും ഈ കാൻറീൻ ഏപ്രിൽ മാസത്തിൽ തന്നെ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കും. രുചികരമായ ഭക്ഷണം സൗജന്യ നിരക്കിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ജീവനക്കാർക്കും ലഭ്യമാകുന്നതോടൊപ്പം കുറഞ്ഞ നിരക്കിൽ പൊതു ജനങ്ങൾക്കും ലഭിക്കും. കാന്റീൻ നടത്തിപ്പ് ലേലം ചെയ്തു നൽകുന്ന വകയിൽ **10 ലക്ഷം രൂപ** വരുമാനം പ്രതീക്ഷിക്കുന്നു.

പ്രിയദർശിനി ഹാളിൽ എ സി ഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടുതൽ പവർ ആവശ്യമായതിനാൽ ആയതിനുള്ള ഉയർന്ന ശേഷിയുള്ള ജനറേറ്റർ സ്ഥാപിച്ചു കഴിഞ്ഞു. പ്രിയദർശിനി ഹാളിന്റെ വാഷ് ഏരിയായും പുതുക്കുകയാണ്. അധിക സൗകര്യങ്ങളോടെ പ്രിയദർശിനി ഹാൾ സജ്ജമാകുമ്പോൾ കൂടുതൽ വാടക ഈടാക്കാനാവും. അത്തരത്തിൽ ബൈലോ ഭേദഗതി ചെയ്തിട്ടുണ്ട്. റൂഫ് ടോപ്പിലും അത്യാവശ്യ സൗകര്യങ്ങൾ ഉള്ള ഒരു ഹാൾ സജ്ജമാക്കുന്നുണ്ട്. ഈ ഹാളുകളുടെ വാടകയിനത്തിൽ **25 ലക്ഷം രൂപ** പ്രതീക്ഷിക്കുന്നു.

ടെൻഡർ ഫോറവില്പനയിലൂടെ ഇനത്തിൽ 45 **ലക്ഷം രൂപ** ലഭിക്കുമെന്ന് കരുതുന്നു. നാം ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ ചില കരാറുകൾ മനപ്പൂർവമായി വീഴ്ച വരുത്തുന്നുണ്ട്. ഭൂരിപക്ഷം കരാറുകാരും നമ്മോട് സഹകരിക്കുന്നവരും നല്ല രീതിയിൽ പണി പൂർത്തിയാക്കുന്നവരുമാണ്. എന്നാൽ ഇവർക്ക് കൂടി പേരുദോഷം വരത്തക്ക വിധത്തിൽ ചില കരാറുകാർ മനപ്പൂർവ്വം പ്രവർത്തികൾ താമസിപ്പിക്കുന്നതായി കണ്ടു വരുന്നുണ്ട്. ഇത്തരക്കാർക്കെതിരെ കർശനമായ നടപടികൾ

സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. പിഴ ഇനത്തിൽ **50 ലക്ഷം രൂപ** പ്രതീക്ഷിക്കുന്നു.

തനത് ഫണ്ട് വരുമാന വർദ്ധനവിനായി വ്യത്യസ്തമായ ഒരു സമീപനവും നാം സ്വീകരിച്ചു വരുന്നുണ്ട്. കാർഷിക വ്യാവസായിക മേഖലകളിലും മറ്റ് മേഖലകളിലും പ്ലാൻ ഫണ്ട് വകയിരുത്തി നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ നിർമ്മിച്ചെടുക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് തനത് ഫണ്ടിലേക്ക് വരുമാനം ലഭ്യമാക്കുന്ന രീതി നാം കഴിഞ്ഞവർഷം വിജയകരമായി പരീക്ഷിച്ചു. മരട് കാർഷിക മൊത്ത വ്യാപാര വിപണിയിൽ നാം ആരംഭിച്ച ജൈവവള നിർമ്മാണ യൂണിറ്റിലൂടെ ഉല്പാദിപ്പിക്കുന്ന ബയോസ്റ്റർ ജൈവവളം കിലോയ്ക്ക് ₹20 രൂപ പ്രകാരം ആണ് നാം വിൽക്കുന്നത് ജൈവവള വിൽപ്പനയിലൂടെ **2 കോടി രൂപ** തനതു ഫണ്ടിലേക്ക് അടുത്തവർഷം വന്നുചേരും.

## വിവിധ ധന സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടിനങ്ങൾ പ്രത്യേകമായി പട്ടികപ്പെടുത്തുന്നു.

### പ്രതീക്ഷിത തനത് വരുമാനം

| സ്രോതസ്സ് | തുക |
|---|---|
| കൃഷി ഫാം വരവ് | 100000000 |
| വിവിധ പദ്ധതികളിൽ നിന്നുള്ള വരവ് | 30000000 |
| സി.എസ്.ആർ. ഫണ്ട് | 20000000 |
| പാഴ്വസ്തുക്കളുടെ വില്പന | 5000000 |
| ഫാറവില | 4500000 |
| ഓഡിറ്റോറിയങ്ങൾ | 2500000 |
| മറ്റുള്ളവ | 172803000 |
| ജനറൽ പർപ്പസ് | 53968000 |
| വാടക | 10000000 |
| B s l | 399771000 |

മുൻ വർഷത്തെ നീക്കി ബാക്കി തുക 10,88,13,696/- രൂപയും സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള ബി വിഭാഗം ഫണ്ട് 4,00,00,000/- രൂപയും ഉൾപ്പെടെ ആകെ 1504501696/- രൂപ വരവും 145,82,56,500/- രൂപ ചെലവും പ്രതീക്ഷിക്കുന്ന ഈ മിച്ച ബജറ്റിലെ നീക്കി ബാക്കി 4,62,45,196/- രൂപ ആണ്.

ആകെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ തുക കൊണ്ട് ഏറ്റവും ഫലപ്രദവും ഉപയോഗപ്രദവും ആയ പദ്ധതികൾ ധീരമായി ഏറ്റെടുക്കുന്നതിനുള്ള ശ്രമമാണ് ഈ ബജറ്റിൽ ഞാൻ നടത്തുന്നത് .

# കാർഷിക മേഖല

## കൃഷി

സർ, കേരള ജനതയുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയായിരുന്നു. വൈവിധ്യമാർന്ന ഭൂപ്രകൃതിയും ജൈവ സമ്പത്തും ഇവിടെ വ്യത്യസ്ത തരം കൃഷി സാധ്യമാക്കി. ഇന്ന് പല കാരണങ്ങളാലും കൃഷി ഉപേക്ഷിച്ച് നാം മറ്റ് ജീവിത മാർഗങ്ങളിലേക്ക് തിരിഞ്ഞിരിക്കുന്നു. എങ്കിലും കൃഷി ഈ നാടിന്റെ സംസ്കാരവുമായി ഇഴ ചേർന്നിരിക്കുന്ന ഒന്നാണ്.

ഈ നാടിന്റെ മാത്രമല്ല സർ, മാനവ ചരിത്രത്തിന്റെ വികാസ പരിണാമങ്ങൾ കൃഷിയുമായി ഇഴചേർന്നിരിക്കുന്നതാണ്. പണ്ട് തമിഴകം എന്നറിയപ്പെട്ടിരുന്ന ഭൂപ്രദേശത്തിന്റെ ഭാഗമായിരുന്ന കേരളത്തിൽ പ്രാചീനകാലം മുതൽ കൃഷി ഉണ്ടായിരുന്നു എന്നതിന് സംഘം കൃതികളിൽ സൂചനകൾ ഉണ്ട്. ഇത് സംബന്ധിച്ച് നിരവധി ചെമ്പേട്ടുകളും മറ്റ് ആർക്കിയോളജിക്കൽ തെളിവുകളും ലഭ്യമായിട്ടുമുണ്ട്. വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും ജീവിതം കഴിച്ചിരുന്ന പ്രാചീന മനുഷ്യൻ പിന്നീട് മലമുകളിൽ കാട് വെട്ടിത്തെളിച്ച് തിന പോലുള്ള കൃഷികൾ ചെയ്തു തുടങ്ങി. ഇതിനെ വെട്ടി ചുട്ട കൃഷി എന്നാണ് പറഞ്ഞിരുന്നത്. കാടുവെട്ടി തീയിട്ട് പിന്നീട് മഴയെത്തുമ്പോൾ ചാരം ഇളക്കി വിത്തിറക്കുന്ന രീതി ആയതു കൊണ്ടാണ് വെട്ടി ചുട്ട കൃഷി എന്ന് ഈ രീതി അറിയപ്പെട്ടത്. അന്നുവരെ അലഞ്ഞു തിരിഞ്ഞിരുന്ന മനുഷ്യൻ കൃഷി തുടങ്ങിയതോടെയാണ് ഒരു സ്ഥലത്ത് തന്നെ താമസിക്കുവാൻ ആരംഭിച്ചത്. അങ്ങനെയാണ് കുടികളും കുലങ്ങളും ഗോത്രങ്ങളും ഉണ്ടായത്.

അതിനു ശേഷം പുതിയ കൃഷിസ്ഥലങ്ങൾ തേടി അവൻ മലയിറങ്ങി മലയടിവാരത്തിൽ കൃഷി തുടങ്ങി. മലമുകളിൽ നിന്നും ജൈവ അവശിഷ്ടങ്ങളുമായി കുത്തിയൊലിക്കുന്ന വെള്ളം നമ്മുടെ സമൃദ്ധമായ നദീതീരങ്ങളിൽ എക്കൽ നിക്ഷേപിക്കുന്നു എന്ന് കണ്ട് മനുഷ്യൻ ഈ നദീതീരങ്ങൾ ഉഴുതുമറിച്ച് നെൽകൃഷി ചെയ്തു.

നീർ നെൽ കൃഷിയും മലമുകളിൽ ചെയ്തിരുന്ന മല നെൽകൃഷിയും മറ്റ് കൃഷികളും മിച്ചധാന്യം ഇവിടെ ഉണ്ടാക്കി. അതോടെ മിച്ചം വരുന്ന ധാന്യവും മറ്റ കാർഷിക വിളകളും പരസ്പരം കൈമാറ്റം ചെയ്യേണ്ടി വന്നു. അങ്ങനെ മാറ്റ വിപണികൾ ഉണ്ടായി. സ്ഥിര കൃഷി ചെയ്തു തുടങ്ങിയതോടെ ഭൂമിയുടെ ഉടമസ്ഥത ആവശ്യമായി വന്നു. കൃഷിക്കായി വലിയ തോതിൽ മനുഷ്യ അധ്വാനം വേണ്ടിയിരുന്നതിനാൽ കൃഷിഭൂമിയോട്ടു ചേർന്നു തന്നെ കൃഷിപ്പണിക്കാരെയും താമസിപ്പിക്കേണ്ടി വന്നു. കൂലി നൽകാതെ കൃഷിപ്പണി ചെയ്യുവാൻ ആളെ ലഭ്യമാക്കുന്നതിന് അടിമ സമ്പ്രദായം വന്നു.

സർ, കാർഷിക മേഖലയിലേക്ക് കടന്നപ്പോൾ ഞാൻ അല്പം ചരിത്രം പറഞ്ഞത് നമ്മുടെ ചരിത്രവും സംസ്കാരവുമായി കൃഷി എത്രമേൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് സൂചിപ്പിക്കുവാനാണ്. എത്ര വികസനം സാധ്യമായാലും പ്രകൃതിയുമായുള്ള പാരസ്പര്യം നിലനിർത്താതെ മനുഷ്യന് മുന്നോട്ടു നീങ്ങുവാൻ ആവില്ല. മനുഷ്യന്റെ അസ്തിത്വം പ്രകൃതിയോട് ചേർന്നുള്ള ഉത്പാദന പ്രക്രിയയിലാണ് നിലകൊള്ളുന്നത്.

പ്രകൃതിയുമായുള്ള മനുഷ്യൻെറ പൊക്കിൾകൊടി ബന്ധം സാധ്യമാകുന്നത് കാർഷിക പ്രവർത്തികളിലൂടെയാണ്. ഇതു മറന്നു കൊണ്ട് നാം കൃഷിയെ അവഗണിക്കുന്നതു മൂലമാണ് ഇന്ന് നമുക്ക് ചുറ്റും നിരവധിയായ ദുരന്തങ്ങൾ ഉണ്ടാകുന്നത്. ഈ ഭരണസമിതിക്ക് ഈ സത്യത്തെക്കുറിച്ച് നല്ല ബോധ്യമുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞ രണ്ട് ബജറ്റുകളിലും കാർഷിക മേഖലയ്ക്ക് ഏറ്റവും വലിയ പ്രാധാന്യം നൽകുകയും കൂടുതൽ തുകയുള്ള പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്തത്. ഇപ്രകാരം ഭരണസമിതി കാർഷിക മേഖലക്കായി എല്ലാവർഷവും വലിയ തുക നീക്കി വെക്കുന്നുണ്ടെങ്കിലും ഓരോ വർഷം കഴിയുന്തോറും ഏറ്റെടുത്ത പദ്ധതികളിൽ പലതും പൂർണമായി പൂർത്തീകരിക്കാത്ത അവസ്ഥയുണ്ട്. വകയിരുത്തുന്ന തുകയിൽ ചെറിയൊരു ശതമാനം മാത്രമാണ് ചെലവഴിക്കപ്പെടുന്നത്. കൃഷിക്കായി പ്രധാനമായും നെൽകൃഷിക്കായി നീക്കിവെക്കുന്ന തുക ചെലവഴിക്കപ്പെടാത്തതു മൂലം

വർഷാവസാനം ആ തുകയിൽ വെട്ടിക്കുറക്കലുകൾ നടത്തേണ്ടി വരികയും മറ്റു മേഖലകളിലേക്ക് തുക വക മാറ്റുകയും ചെയ്യേണ്ടി വരുന്നു.

## കതിരാട്ടം പാടം-നെൽകൃഷി പ്രോൽസാഹന പദ്ധതി

നമ്മുടെ ജില്ലയിൽ ധാരാളം നെൽവയലുകൾ കാലങ്ങളായി കൃഷി ചെയ്യാതിരിക്കുന്നുണ്ട്. എല്ലാ വയലുകളും കൃഷി ചെയ്ത് തരിശ് രഹിത ജില്ല എന്ന നിലയിലേക്ക് നമ്മുടെ ജില്ലയെ മാറ്റുക എന്നത് ഈ ഭരണസമിതിയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി കഴിഞ്ഞ വർഷങ്ങളിൽ ഒട്ടേറെ പദ്ധതികൾ നാം ഏറ്റെടുത്തിരുന്നു. പാടശേഖരങ്ങളിലേക്കുള്ള റോഡുകളും നിർച്ചാലുകളും വൃത്തിയാക്കി ഒഴുക്ക് സുഗമമാക്കുന്നതിനുള്ള സുജലം പദ്ധതി, പടശേഖരങ്ങളുടെ ബണ്ടുകൾ ബലപ്പെടുത്തുന്നതിനും സ്ലൂയിസുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതി, തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതി എന്നിവ നാം ഇതിലേക്കായി ഏറ്റെടുത്ത പ്രധാന പദ്ധതികളാണ് തരിശു നെൽകൃഷിക്കു മാത്രമായി 22,20,000/- രൂപയാണ് കഴിഞ്ഞവർഷം നാം നീക്കിവെച്ചത്. എന്നാൽ കേവലം 3,90,836/- രൂപ മാത്രമാണ് ഈ പദ്ധതിയിൽ ചെലവഴിക്കാൻ ആയത്. നെൽകൃഷി പ്രോത്സാഹന പദ്ധതിയിൽ നീക്കിവെച്ച രൂപയിൽ പൊക്കാളി പാടശേഖരങ്ങളുടെ ബണ്ട്നിർമാണവും ബലപ്പെടുത്തലും എന്ന പദ്ധതിയിൽ നീക്കിവച്ച 30 ലക്ഷം രൂപയിൽ 24,87,075/- രൂപ യാണ് ചെലവഴിച്ചത്. സുജലം പദ്ധതിയിൽ വകയിരുത്തിയിരുന്ന 7.5 ലക്ഷം രൂപയിൽ ഒരു രൂപ പോലും ചെലവഴിച്ചില്ല. പടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ എന്ന പദ്ധതിയില് തുകയൊന്നും ചെലവഴിച്ചില്ല. പൊക്കാളി പടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുന്നതിന് 14,64,902/- രൂപ നീക്കി വെച്ചിരുന്നെങ്കിലും 32,479/- രൂപ മാത്രമാണ് ചെലവഴിച്ചത്. എത്രമേൽ ആഗ്രഹത്തോടെ ഭരണസമിതി പദ്ധതികൾ ഏറ്റെടുത്താലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ സഹകരണം ഇല്ലാതെ കാർഷിക മേഖലയുടെ പുനരുജ്ജീവനം സാധ്യമല്ല.

ഈ വർഷം മെച്ചപ്പെട്ട പ്രവർത്തനം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ നാം ഈ മേഖലയിൽ നടപ്പാക്കി വരുന്ന പദ്ധതികളോടൊപ്പം പുതിയ ചില പദ്ധതികൾ കൂടി ഏറ്റെടുക്കുകയാണ്. നെൽകൃഷി വികസന പരിപാടികൾക്കായി **1.75 കോടി രൂപ** വകയിരുത്തുന്നു.

## പച്ചക്കറി വികസന പരിപാടി

കുടുംബശ്രീ വഴി നടപ്പാക്കുന്ന പച്ചക്കറി വ്യാപന പദ്ധതി വഴി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പച്ചക്കറി വ്യാപന പദ്ധതിക്ക് **10 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

## കാർഷികമേഖലയുടെ ആധുനികവൽക്കരണവും സാങ്കേതിക വിദ്യയുടെ ഉപയോഗവും

കൃഷിയിലേക്ക് ചുവട് മാറ്റിയ മനുഷ്യൻ ഒരേ മട്ടിൽ ഉള്ള കൃഷി രീതികൾ അല്ല അവലംബിച്ചത്. കാർഷികമേഖലയിൽ കൂടുതൽ വിളവിനും കുറഞ്ഞ അധ്വാനത്തിനുമായി എന്നും അവൻ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. അതിനായി യന്ത്രവൽകൃതവും അല്ലാത്തതുമായ കാർഷിക ഉപകരണങ്ങൾ ഉപയോഗിച്ചു. ഈ രംഗത്ത് ഇപ്പോഴും പരീക്ഷണങ്ങൾ തുടർന്നു കൊണ്ടിരിക്കുകയാണ്. ആധുനിക യന്ത്രവൽകൃത കാർഷിക രീതിയിലൂടെ മാത്രമേ കൃഷി ലാഭകരമാക്കാൻ കഴിയൂ. ഇന്ന് കൃഷിയുമായി ബന്ധപ്പെട്ട ഏതാണ്ട് എല്ലാ പ്രവർത്തികൾക്കും  യന്ത്രങ്ങൾ ലഭ്യമാണ്. വിത യന്ത്രം, കൊയ്ത്ത് യന്ത്രം, കിളയന്ത്രം, തടമെടുക്കൽ യന്ത്രം, തുടങ്ങി നിരവധി ഉപകരണങ്ങൾ ലഭ്യമാണ്. എല്ലാം പഞ്ചായത്തുകളിലും പാടശേഖര സമിതിക്കു കീഴിൽ പ്രത്യേക കാർഷിക കർമ്മ സേനകൾ രൂപീകരിച്ച് അവയ്ക്ക് ഉപകരണങ്ങൾ നൽകുന്നതിന് **20 ലക്ഷം രൂപ** മാറ്റി വെക്കുന്നു.

## അന്വേഷണം – കാർഷിക ഗവേഷണ പദ്ധതി

മുൻപ് പറഞ്ഞതു പോലെ നിരന്തരമായ അന്വേഷണമാണ് കൃഷി മേഖലയിൽ നടന്നു കൊണ്ടിരിക്കുന്നത്. സാങ്കേതികവിദ്യ അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ഇക്കാലത്ത് സാങ്കേതിക വിദ്യയുടെ ഗുണങ്ങൾ കാർഷിക മേഖലയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. നിർമ്മിത ബുദ്ധി കാർഷിക മേഖലയിൽ എപ്രകാരം ഉപയുക്തമാക്കാം എന്ന അന്വേഷണം അനിവാര്യമാണ്. ഉദാഹരണത്തിന് ക്ഷമത കൂടിയ ലെൻസ് ഘടിപ്പിച്ചതും നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്നതുമായ വിദൂര നിയന്ത്രിത Drone ഉപയോഗിച്ച് കൃഷിയെ ബാധിക്കുന്ന രോഗങ്ങളെ തിരിച്ചറിയുവാനും കൃഷിയിടത്തിൽത്തന്നെ വളരെ വേഗം പരിഹാരം കാണുവാനും കഴിയും. ജില്ലയിൽ ഒട്ടാകെ ഇത്തരം ആധുനിക സാങ്കേതിക ഉപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി കൃഷി അസി.എക്സിക്യൂട്ടീവ് എൻജിനീയറിയുടെ മേൽനോട്ടത്തിൽ പദ്ധതികൾ ആവിഷ്കരിക്കും. കൂടുതൽ ഭാഗവും വെള്ളത്താൽ നിറഞ്ഞിരിക്കുന്ന നമ്മുടെ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും പെട്ടെന്ന് ചീയാത്തതും പ്രതിരോധശേഷി കൂടിയതുമായ നാടൻ ധാന്യവിത്തിനങ്ങളും കിഴങ്ങ് വിത്തിനങ്ങളും ആണ് കൃഷി ചെയ്തുവന്നിരുന്നത്. ഇവയുടെ ഉൽപാദനക്ഷമത കുറഞ്ഞിരിക്കുന്നത് കർഷകർക്ക് നഷ്ടം വരുന്നതിനിടയാക്കുന്നു. അപൂർവ്വമായതും ഗുണമേന്മയേറിയതുമായ ഈ വിത്തിനങ്ങൾ കൂടുതലായി കൃഷി ചെയ്യപ്പെടണമെങ്കിൽ ലാഭകരമായ രീതിയിൽ കൃഷി രീതികൾ പരിവർത്തനം ചെയ്യപ്പെടുകയും കൂടുതൽ ഉൽപാദനം നൽകുന്ന വിത്തിനങ്ങൾ കണ്ടെത്തുകയും വേണം. പുതിയ വിത്തിനങ്ങൾ കണ്ടെത്തുന്നതിനും നവീന കാർഷിക രീതികൾ കൊണ്ടു വരുന്നതിനും നിരന്തരമായ ഗവേഷണം ആവശ്യമാണ്. നിർഭാഗ്യവശാൽ ഇത്തരം ഗവേഷണങ്ങൾ കാര്യമായ രീതിയിൽ ഉണ്ടാകുന്നില്ല. നമ്മുടെ കൃഷി ഓഫീസുകൾ ഓരോന്നും ഗവേഷണ സ്ഥാപനങ്ങളായി കൂടി മാറണം. കൃഷി ഓഫീസർമാർ നിരന്തരം കൃഷിയിലെ പുതിയ വിജ്ഞാന മേഖലകൾ അന്വേഷിച്ചു കണ്ടെത്തണം. നിലവിൽ ആരും കാര്യമായ ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തുന്നില്ല

എന്നത് പരമാർത്ഥമാണ്. ഗവേഷണം ജില്ലാ പഞ്ചായത്തുകളുടെ ഒരു പ്രധാന പരിപാടിയായി പഞ്ചായത്ത് രാജ് നിയമം മുന്നോട്ടുവയ്ക്കുന്നുണ്ട്. എന്നാൽ ഇക്കാലമത്രയും അത്തരത്തിലുള്ള യാതൊരു പദ്ധതിയും നാം ഏറ്റെടുത്തിട്ടില്ല. ഈ വർഷം കാർഷിക ഗവേഷണത്തിനുള്ള പദ്ധതികൾക്ക് നാം തുടക്കമിടുന്നു. നമ്മുടെ നാട്ടിലുള്ള സാങ്കേതിക സ്ഥാപനങ്ങളും കാർഷിക യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ഗവേഷണ പരിപാടികൾ സംഘടിപ്പിക്കും. ഇപ്രകാരം ഗവേഷണം നടത്തി പുതിയ പേപ്പറുകൾ പ്രസന്റ് ചെയ്യുന്നവർക്ക് സാമ്പത്തിക സഹായം നൽകും.

## പോഷണം – ചെറുധാന്യ കൃഷി

ഈ വർഷം അന്താരാഷ്ട്ര മില്ലറ്റ് വർഷമായി ആചരിക്കുകയാണ്. നമ്മുടെ ആരോഗ്യ പരിപോഷണത്തിന് ചെറുധാന്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ചെറുധാന്യ കൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് നമ്മുടെ നാട്ടിലുള്ളത്. എന്നാൽ ഇത്തരം കൃഷി അത്ര ജനകീയമായി തീർന്നിട്ടില്ല. ചോളം റാഗി, തിന, മുതലായ ചെറു ധാന്യങ്ങളുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി **10 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

## ഫലം മധുരം – ഫലവൃക്ഷ കൃഷി പ്രോൽസാഹനം

മലയാളികൾ ധാരാളം ധാരാളം ഫല വർഗ്ഗങ്ങൾ ഭക്ഷിക്കുന്നവരാണ്. എല്ലാ സീസണുകളിലും ആഹാരത്തിന്റെ ഒരു ഭാഗമായി ഏതെങ്കിലും ഒരു പഴവർഗം നാം സ്വീകരിക്കുന്നു. പോഷക സമൃദ്ധമായ ആഹാരമെന്ന നിലയിൽ നമ്മുടെ ഭക്ഷണക്രമത്തിൽ നിർബന്ധമായും പഴവർഗങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ അടുത്ത കാലത്ത് മഴവിൽ ഭക്ഷണം എന്ന ഭക്ഷ്യ രീതിയെ കുറിച്ച്നവമാധ്യമങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. മഴവിൽ ഭക്ഷണത്തിൽ പച്ചക്കറികളും ഫലവർഗങ്ങളും ആണ് ഉൾപ്പെടുന്നത്. നമ്മുടെ നാട്ടിൽ മാങ്ങ, ചക്ക, പൈനാപ്പിൾ, വാഴപ്പഴങ്ങൾ മുതലായവ കൃഷി ചെയ്തുവരുന്നുണ്ട്. എന്നാൽ ഭൂരിപക്ഷം പഴവർഗങ്ങളും

അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തിച്ചേരുന്നത്. ഇവയാകട്ടെ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാൻ കഴിയും വിധം മാരകമായ വിഷപദാർത്ഥങ്ങൾ പുരട്ടിയാണ് നമ്മുടെ ചന്തകളിൽ എത്തുന്നത്. നമ്മുടെ കാലാവസ്ഥയിലും ഭൂപ്രകൃതിയിലും നന്നായി വളരുന്ന പല പഴവർഗങ്ങളും ഉണ്ട്. റമ്പൂട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്സ്, കിവി തുടങ്ങിയവ അടുത്ത നാളുകളിൽ ആയി നമ്മുടെ നാട്ടിൽ വിജയകരമായി കൃഷി ചെയ്തുവരുന്നുണ്ട്. പഴവർഗകൃഷി വ്യാപിപ്പിക്കുന്നതിന് **ഫലം മധുരം** എന്ന ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. ഒരു പഞ്ചായത്തിൽ ഒരു ഫലം എന്ന നിലയിൽ 82 പഞ്ചായത്തുകളിലും വ്യത്യസ്തമായ പഴവർഗ്ഗ കൃഷി ചെയ്യുന്നതിന് **10 ലക്ഷം രൂപ** വകയിരുത്തുന്നു. ഓരോ വീട്ടിലും ചുരുങ്ങിയത് ഒരു ഫലവൃക്ഷമെങ്കിലും ഉണ്ടാകുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുകൂടാതെ വിസ്തൃതി ഏറിയ സ്ഥലങ്ങളിൽ ഫല വൃക്ഷ തോപ്പുകളും ഉണ്ടാക്കുക എന്നത് ഈ പദ്ധതിയുടെ ഭാഗമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളും ഇതിൽ പ്രയോജനപ്പെടുത്തും. ഈ പദ്ധതിക്ക് ആവശ്യമായ ഫലവൃക്ഷത്തൈകൾ നമ്മുടെ കൃഷി ഫാമുകളിൽ തന്നെ ഉത്പാദിപ്പിക്കുകയും കേരഗ്രാമം പദ്ധതിയിൽ എന്നപോലെ സൗജന്യ നിരക്കിൽ ജൈവവളത്തോടൊപ്പം വൃക്ഷത്തൈകൾ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഫലവൃക്ഷ കൃഷി വ്യാപകമാകുന്നതോടെ കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുവാനും മായം ഇല്ലാത്ത പഴവർഗങ്ങൾ ലഭിക്കുന്നതു വഴി ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കപ്പെടുവാനും ഇടയാകും. ഇതു വഴി ജില്ലാപഞ്ചായത്ത് തനതു വരുമാനവും ലക്ഷ്യമിടുന്നു.

## മണ്ണ് പരിശോധന

നമ്മുടെ ജില്ലാ പഞ്ചായത്തിന് കീഴിൽ ഒരു മണ്ണ് പരിശോധനാ കേന്ദ്രം ഉണ്ട്. ഇതിന്റെ പ്രയോജനം മുഴുവൻ കർഷകരിലേക്കും എത്തിക്കുന്ന പുതിയ ഒരു പദ്ധതി പ്രഖ്യാപിക്കുന്നു. ശരിയായ മണ്ണ് പരിശോധനയുടെ അഭാവം മൂലം നമ്മുടെ കൃഷിഭൂമിക്ക് ആവശ്യമായ

വളവും ലവണങ്ങളും ആവശ്യമായ അളവിൽ ലഭ്യമാക്കുവാൻ കഴിയുന്നില്ല. മണ്ണിന്റെ അവസ്ഥ മനസ്സിലാക്കാതെ ഒരേ രീതിയിലുള്ള വളപ്രയോഗവും കീടനാശിനി പ്രയോഗവുമാണ് നടത്തി വരുന്നത്. ഇത് പലപ്പോഴും പ്രയോജനരഹിതമായി തീരുന്നു എന്നത് മാത്രമല്ല പലപ്പോഴും വിപരീതഫലം ഉണ്ടാക്കുകയും ചെയ്യുന്നു. അനാവശ്യമായ വളപ്രയോഗവും കീടനാശിനിയുടെ ഉപയോഗവും വർദ്ധിച്ച ചെലവ് വരുത്തി വയ്ക്കുകയും ചെയ്യുന്നു. ഇവിടെയാണ് കൃത്യമായ മണ്ണ് പരിശോധനയുടെ ആവശ്യം ഉയരുന്നത്. നമ്മുടെ മണ്ണ് പരിശോധന കേന്ദ്രത്തിന്റെ സേവനം ജനങ്ങളുടെ അടുത്തക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിശ്ചിത സ്ഥലങ്ങളിൽ ചെറിയ ഫീസ് ഈടാക്കി മണ്ണ് പരിശോധന ക്യാമ്പ്, കാർഷിക ക്ലിനിക്, കർഷക സെമിനാർ എന്നിവ നടത്തുന്ന പദ്ധതിക്ക് **15 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു. ഒരു വർഷം കൊണ്ട് ജില്ലയിലെ കൃഷിഭൂമികളിൽ വലിയൊരു ശതമാനം സ്ഥലത്തും മണ്ണ് പരിശോധന പൂർത്തിയാക്കും. ഏതാനും വർഷം കൊണ്ട് മുഴുവൻ കൃഷിഭൂമികളുടെയും മണ്ണിന്റെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് ആക്കുകയും അതിനനുസൃതമായ തുടർ നനടപടികൾ സ്വീകരിക്കുകയും ചെയ്യും. ആവശ്യമായി വരുന്ന പക്ഷം മണ്ണ് പരിശോധന കേന്ദ്രത്തിന് പുതിയ വാഹനം വാങ്ങി നൽകുകയും കരാർ അടിസ്ഥാനത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും ചെയ്യും.

**മണ്ണ് പരിശോധന ലാബിന്റെ ദൈനംദിന ചെലവുകൾക്ക് 5 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതിയിലൂടെ** ഇതു വഴി ജില്ലാപഞ്ചായത്ത് തനതു വരുമാനം ലക്ഷ്യമിടുന്നു.

## ജില്ലാ കൃഷിത്തോട്ടങ്ങൾ

നമ്മുടെ നിയന്ത്രണത്തിലുള്ള നാല് ജില്ലാ കൃഷിത്തോട്ടങ്ങളെ കുറിച്ചും റാബിറ്റ് ഫാമിനെ കുറിച്ചും തുടക്കത്തിൽ തന്നെ സൂചിപ്പിച്ച

കഴിഞ്ഞു. ഈ കൃഷിത്തോട്ടങ്ങളെ ജില്ലാ പഞ്ചായത്തിന്റെ അഭിമാന സ്ഥാപനങ്ങൾ ആയിട്ടാണ് നാം കണക്കാക്കുന്നത്. ഏറ്റവും മികവാർന്ന പ്രവർത്തനങ്ങളിലൂടെ ജനങ്ങൾക്ക് ഗുണമേന്മയേറിയ വിത്തിനങ്ങളും തൈകളും ലഭ്യമാക്കുന്നത്. കൂടാതെ സംശുദ്ധമായ ഉൽപ്പന്നങ്ങളും നൽകുന്നതിന് ഒട്ടേറെ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. **ഫലവൃക്ഷത്തൈകളുടെ ഉൽപാദനം, നടീൽ വസ്തുക്കളുടെ ഉൽപാദനം, രക്തശാലി, ജപ്പാൻ വൈലറ്റ് തുടങ്ങിയ അപൂർവയിനം നെല്ലിനങ്ങൾ, ഉയർന്ന കായ്ഫലം നൽകുന്ന തെങ്ങിൻ തൈകളുടെ ഉത്പാദനം എന്നിവ കൂടാതെ ഇന്റെഗ്രേറ്റഡ് ഫാമിങ് സിസ്റ്റവും** നാം നടപ്പാക്കി വരുന്നു .

വിവിധ ഫാമുകളിൽ കെഎൽഡിസി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതുകൂടാതെ ജില്ലാ പഞ്ചായത്തും വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഫാം ടൂറിസം തുടങ്ങുന്നതിനായി അടിയന്തരമായി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് **20 ലക്ഷം രൂപ** വകയിരുത്തുന്നു. നേര്യമംഗലം, ഒക്കൽ, വൈറ്റില, ആലുവ കൃഷി തോട്ടങ്ങൾക്കായി **2 കോടി രൂപ** വകയിരുത്തുന്നു. ഫാമുകളിൽ പുതിയ വിത്തിനങ്ങൾ വികസിപ്പിച്ച് കൃഷി ചെയ്യുന്നതിന് **10 ലക്ഷം രൂപയും** ഒക്കൽ ഫാമിൽ വിദ്യാഭ്യാസ ടൂറിസം പദ്ധതിക്കായി **40 ലക്ഷം രൂപയും** മാറ്റിവെക്കുന്നു.

വിവിധ കേന്ദ്രങ്ങളിൽ ഫാം ഫെസ്റ്റ് നടത്തുന്നതിനും കൈമാറ്റ ചന്തകൾക്കുമായി **25 ലക്ഷം രൂപ** നീക്കിവെക്കുന്നു. കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസിന്റെ പ്രവർത്തന ചെലവുകൾ, അറ്റകുറ്റപ്പണികൾ, ഓഫീസ് ഉപകരണങ്ങൾ വാങ്ങൽ യന്ത്രോപകരണങ്ങൾ വാങ്ങാൽ തുടങ്ങിയവയ്ക്കായി **15 ലക്ഷം രൂപ** നൽകുന്നു.

സർ, നമ്മുടെ ജില്ലാ കൃഷിത്തോട്ടങ്ങളെ നിലനിർത്തുന്നത് അവിടെ പണിയെടുക്കുന്ന തൊഴിലാളികളാണ്. അവരുടെ അധ്വാനത്തിന്റെ ഫലമാണ് വൃക്ഷത്തൈകളായും പച്ചക്കറി

തൈകളായും കായ് കനികളായും നമുക്ക് തിരികെ ലഭിക്കുന്നത്. അവരുടെ അധ്വാനത്തെയും സേവനത്തെയും ഈ ഭരണസമിതി ആദരവോടെയാണ് കാണുന്നത്. ജില്ലാ കൃഷിത്തോട്ടങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക എന്നത് നമ്മുടെ ലക്ഷ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി ഓരോ കൃഷിത്തോട്ടങ്ങളിലും ചെലവഴിക്കുന്ന തുകയേക്കാൾ അധികമായി ലഭിക്കുന്ന ഫാമിലെ ലാഭവിഹിതം തൊഴിലാളികൾക്ക് പ്രത്യേക Production cash ഇൻസെന്റീവ് ആയി നൽകുന്ന പദ്ധതി പ്രഖ്യാപിക്കുന്നു. ഇതുപ്രകാരം മിച്ച തുകയുടെ പത്തു ശതമാനം ആ ഫാമിലെ തൊഴിലാളികൾക്ക് തുല്യമായി വീതിച്ചു നൽകും. ഏറ്റവും മികച്ച തൊഴിലാളിയെ പ്രത്യേകം ആദരിക്കും. മിച്ചവരുമാനം നൽകുന്ന ജില്ലാ കൃഷിത്തോട്ടങ്ങളിലെ ഉദ്യോഗസ്ഥർക്കും സർക്കാർ അനുമതിയോടെ പ്രത്യേക പാരിതോഷികം നൽകും. ഇത് ഫാമിൽ നിന്നുള്ള തനതുവരുമാനം കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

## മേന്മ –വളങ്ങളുടെ ഗുണനിലവാര പരിശോധനാ ലാബ്

ജൈവകൃഷി വ്യാപകമായതോടെ ഒട്ടേറെ വളം നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കപ്പെടുന്നുണ്ട്. ഈ യൂണിറ്റുകളിൽ ഉണ്ടാക്കുന്ന വളങ്ങളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്തുന്നില്ല. നമ്മുടെ കൃഷിഭവനുകൾ വിവിധ കാർഷിക പദ്ധതിക്കായി വാങ്ങുന്ന വളങ്ങളുടെ ഗുണനിലവാരം അറിയുന്നതിന് ഇത് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ബാംഗ്ലൂർ ഉള്ള ഗുണനിലവാര ലാബിലാണ് വളങ്ങളുടെ സർട്ടിഫിക്കേഷൻ ആധികാരികമായി നടത്തുന്നത്. നമ്മുടെ കാർഷിക സർവകലാശാലയിലും ഈ സർട്ടിഫിക്കേഷൻ നടത്തുന്നുണ്ട്. ഈ ലാബുകളിലേക്ക് വളത്തിന്റെ സാമ്പിളുകൾ കൃത്യമായി ഇടവേളകളിൽ എത്തിച്ച് പരിശോധന നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് മൂലം പലരും അത് ഒഴിവാക്കുകയാണ് ചെയ്യുന്നത്. കാർഷിക സർവകലാശാലയുമായി സഹകരിച്ച് വളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിന് ഉള്ള സംവിധാനം

ഒരുക്കുന്നതിന് **25 ലക്ഷം രൂപ** വകയിരുത്തുന്നു. തനതു വരുമാന വർധനവ് കൂടി ലക്ഷ്യം വയ്ക്കുന്നു.

## ജീവൻ – ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും ഉൽപാദനവും വിപണനവും

നെറ്റ് സീറോ കാർബൺ കേരളം പദ്ധതിക്ക് ജൈവരീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. ജൈവകൃഷിയിൽ രാസവളങ്ങളും രാസ കീടനാശിനികളും പൂർണമായും ഒഴിവാക്കപ്പെടേണ്ടതുണ്ട്. എന്നാൽ ഇതിന് പകരമായി ഉപയോഗിക്കുവാൻ കഴിയുന്ന ഫലപ്രദമായ മാർഗ്ഗങ്ങൾ ഉണ്ടാകണം. ഈ ആവശ്യത്തിലേക്കായി ഗുണമേന്മയേറിയ ജൈവവളങ്ങളും കീടനാശിനികളും ഉത്പാദിപ്പിച്ച് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ബ്രാൻഡിൽ വിപണനം ചെയ്യുന്ന പുതിയ പദ്ധതിക്ക് **10 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.തനതു വരുമാന വർധനവ് കൂടി ലക്ഷ്യം വയ്ക്കുന്നു.

## ജീവജലം – പൊതു കുളങ്ങളുടെയും ചിറകളുടെയും സംരക്ഷണം

മനുഷ്യ ജീവൻറെ നിലനിൽപ്പിനു ജലം അത്യന്താപേക്ഷിതമാണ്. നമ്മുടെ നിത്യജീവിതത്തിലെ ഏതാണ്ട് എല്ലാ കാര്യങ്ങൾക്കും ജലം അനിവാര്യമാണ്. നമുക്ക് സമൃദ്ധമായ ജലാശയങ്ങൾ ഉള്ളതിനാൽ ജല ഉപയോഗത്തിൽ നാം വലിയ ധാരാളിത്തമാണ് കാട്ടുന്നത്. എത്രമാത്രം ജലമാണ് നാം പാഴാക്കിക്കളയുന്നത്. അമിതമായ ജലചൂഷണം ജല ദൗർലഭത്തിനു കാരണമാകുന്നു. ഭൂഗർഭ ജലത്തിൻറെ അളവ് അപകടകരമാംവിധം താഴ്ന്നതായി വിദഗ്ധർ അവകാശപ്പെടുന്നു. അടുത്ത ലോകമഹായുദ്ധം ജലത്തിനു വേണ്ടി ആയിരിക്കുമെന്ന് പ്രവചിക്കപ്പെട്ടിട്ടുണ്ട്. നാട്ടിൻപുറങ്ങളിലെ എല്ലാ വീടുകളിലും കുളങ്ങൾ ഉണ്ടായിരുന്നു. പൊതു കുളങ്ങളും ചിറകളും നമ്മുടെ നാട്ടിൽ ധാരാളമായി കാണപ്പെട്ടിരുന്നു. എന്നാൽ ഇവയെ വേണ്ടവിധം സംരക്ഷിക്കുന്നതിൽ നാം ശ്രദ്ധിച്ചില്ല. അതിനാൽ പല കുളങ്ങളും ചിറകളും നഷ്ടപ്പെട്ടു പോയി. പലതും നാശത്തിന്റെ വക്കിലാണ്.

പേരിനെങ്കിലും അവശേഷിക്കുന്ന പൊതു കുളങ്ങളുടെയും ചിറകളുടെയും പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി 2 **കോടി രൂപ**യുടെ **ജീവജലം** എന്ന പുതിയ പദ്ധതി ഏറ്റെടുക്കുന്നു. ചിറകളും കുളങ്ങളും പുനരുദ്ധരിക്കുന്നതോടൊപ്പം ജൈവസമ്പത്തിന്റെ കലവറയായ കാവുകളും സാധ്യമായ സ്ഥലങ്ങളിൽ വെച്ച് പിടിപ്പിക്കുന്നതും ഈ പദ്ധതിയുടെ ഭാഗമാക്കും.

## മൃഗ സംരക്ഷണ – ക്ഷീര വികസന മേഖല

കൃഷിയോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് മൃഗസംരക്ഷണ മേഖലയും. കാർഷിക വൃത്തിയിൽ മനുഷ്യനെ സഹായിക്കുന്നതിനായും ഒരു ഉപ തൊഴിൽ എന്ന നിലയിലും മനുഷ്യനൊപ്പം മൃഗങ്ങളെയും പരിപാലിക്കുന്ന രീതി പണ്ടുമുതലേ നിലവിലുള്ളതാണ്. വളർത്തുമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ എത്രയോ കഥകൾ നമ്മുടെ സാഹിത്യ ലോകത്തെ പരിപുഷ്ടം ആക്കിയിട്ടുണ്ട്.

ഇത്തരത്തിലുള്ള മനോഹരമായ ഒരു കഥയാണ് പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ. ഔസേപ്പ് ചേട്ടൻ എന്ന കൃഷിക്കാരന്റെയും അയാൾ വളർത്തുന്ന കണ്ണൻ എന്ന കാളയുടെയും ആത്മബന്ധത്തിന്റെ കഥയാണത്.

"കാളയുടെ വയറു നിറയുമ്പോഴേ അയാളുടെ വിശപ്പുമാറൂ കന്നുകാലി കൂട്ടിൽ പട്ടിണി നിന്നാൽ ആ വീടിൻറെ ഐശ്വര്യം കെട്ടുപോകും എന്നാണ് അയാളുടെ വിശ്വാസം. ഒരു വേള കുറെ കപ്പ കൊടുക്കുന്നതെന്ന് വിചാരിക്കുക, അത് നന്നായി ചതച്ച് നുറുക്കിയേ അയാൾ കൊടുക്കൂ. ഇനി രണ്ട് തണ്ട് കൈതപ്പോളയാണെന്ന് ഇരിക്കട്ടെ, അത് ചീവി മുള്ളു കളഞ്ഞേ കൊടുക്കൂ. വെളിയിൽ വല്ലയിടത്തും പോയി മുറ്റത്ത് കയറുമ്പോൾ തന്നെ അയാൾ വിളിക്കും "എടാ കണ്ണാ !.. ആ വിളി കേൾക്കേണ്ട താമസമേയുള്ളൂ സ്നേഹശീലനായ ആ കാള അമറിത്തുടങ്ങാൻ. ഒന്നുകിൽ ഒരുപിടി പച്ചപ്പുല്ല് അല്ലെങ്കിൽ രണ്ടു പഴത്തൊലി എന്തെങ്കിലും ഒന്ന് സമ്മാനമായിട്ടായിരിക്കും അയാൾ ചെല്ലുക. ആ കൈയിൽ നിന്നു

തന്നെ അവനത് കഴിക്കും. സ്നേഹത്തോടു കൂടി അവനെ തഴുകുന്ന ഔസേപ്പ് ചേട്ടനെ ചിലപ്പോൾ അവൻ നക്കി തുടങ്ങും".

ഈ കർഷകന്റെയും കാളയുടെയും കഥയ്ക്കു സമാനമായ ഒരുപാട് ജീവിതങ്ങൾ നമ്മുടെ ചുറ്റും നാം കണ്ടിട്ടുണ്ട്. എന്നാൽ കൃഷിയിൽ നിന്നുള്ള പിന്മാറ്റം മൃഗസംരക്ഷണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നെൽ വയലുകളും പുൽമേടുകളും ഇല്ലാതായത് മൃഗസംരക്ഷണ മേഖലയെ ക്ഷീണിപ്പിച്ചു എങ്കിലും ഗ്രാമപ്രദേശങ്ങളിൽ പലരും പശു വളർത്തലും ആട് വളർത്തലും ഉപജീവന മാർഗ്ഗമായി ഇപ്പോഴും കൊണ്ട് നടക്കുന്നുണ്ട്.

## ക്ഷീരമിത്രം – പാലിന് സബ്സിഡി

ഈ മേഖലയിൽ നാം നടപ്പാക്കി വരുന്ന പ്രധാന പദ്ധതിയാണ ക്ഷീര മിത്രം. ക്ഷീരകർഷകർ പാൽ സൊസൈറ്റികളിൽ അളക്കുന്ന പാലിന് അനുപാതികമായി സബ്സിഡി നൽകുന്ന ഈ പദ്ധതി അനേകം കർഷകർക്ക് പ്രയോജനകരമാണ്. ക്ഷീരമിത്രം പദ്ധതിക്കായി **1 കോടി രൂപ** വകയിരുത്തുന്നു .

## ആട്, പശു ഫാമുകൾ

മൃഗപരിപാലന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ആട്, പശു, എരുമ, പോത്ത് എന്നിവ വളർത്തുന്നതിനു ഗ്രാമപഞ്ചായത്തുകളുമായി സംയുക്ത പദ്ധതികൾ നടപ്പാക്കും. ഡയറി ഫാമുകളും ആട് ഫാമുകളും നടത്തുവാൻ തയ്യാറായി മുന്നോട്ടു വരുന്ന ഗ്രൂപ്പ് സംരംഭകർക്ക് തൊഴുത്തു നിർമ്മിക്കുന്നതിനും പശുക്കളെ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്നതിനും ധനസഹായം നൽകുന്ന പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് **30 ലക്ഷം രൂപ** നൽകുന്നു. ഈ ഫാമുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാലും ക്ഷീര സാഗരം പദ്ധതിയിൽ നൽകിയിട്ടുള്ള പശുക്കളിൽ നിന്ന് ലഭിക്കുന്ന പാലും ശേഖരിച്ച് ജില്ലാ പഞ്ചായത്ത് പ്രത്യേക ബ്രാൻഡിൽ വിപണനം ചെയ്യും. കൂടാതെ പാലിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിക്ക് **10 ലക്ഷം രൂപ** നൽകുന്നു. ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന പാൽഉപയോഗിച്ച്

ഐസ്ക്രീം ഉണ്ടാക്കി ജില്ലാ പഞ്ചായത്ത് ബ്രാൻഡിൽ വിപണനം ചെയ്യുന്ന പദ്ധതിക്ക് ഡിപിആർ തയ്യാറാക്കുന്നതിന് **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**ജില്ലാ വെറ്റിനറി കേന്ദ്രത്തിനും മൊബൈൽ ഡിസ്പെൻസറിക്കും മരുന്നു വാങ്ങുന്നതിന് 5 ലക്ഷം രൂപ നീക്കിവെക്കുന്നു.**

## അഭയം തെരുവുനായ സംരക്ഷണ കേന്ദ്രവും പെറ്റ് കെയർ സെൻററും

തെരുവുനായ ശല്യം നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. പകൽ സമയത്ത് പോലും ആളുകളെ ആക്രമിച്ച് പരിക്കേൽപ്പിക്കുന്ന നായകൾ നമ്മുടെ സ്വൈര്യ ജീവിതത്തെ നശിപ്പിക്കുന്നു. മനുഷ്യന്റെ ചരിത്രത്തോളം തന്നെ നായയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനും പഴക്കമുണ്ട്. ഭക്ഷണം തേടി വനങ്ങളിൽ നിന്നും മനുഷ്യ വാസസ്ഥലങ്ങളിൽ എത്തിയ ചെന്നായ്ക്കളാണ് ക്രമേണ അവനോട് ഇണങ്ങി നായ ആയി പരിണമിച്ചത്. മനുഷ്യനോട് ഏറ്റവും വിശ്വസ്തതയും സ്നേഹവും കാണിക്കുന്ന ഈ ജീവവർഗ്ഗത്തെ നമുക്ക് കൊന്നൊടുക്കുവാൻ കഴിയില്ല. അവയുടെ പ്രജനനം നിയന്ത്രിച്ച് കൊണ്ട് സംഖ്യ പരിമിതപ്പെടുത്തുക എന്നതാണ് കരണീയമായ മാർഗ്ഗം. ഇതിലേക്കായി അലഞ്ഞു തിരിയുന്ന നായ്ക്കൾക്ക് പ്രത്യേകമായ ഒരു സൗകര്യം ഒരുക്കുന്ന പദ്ധതിക്ക് **50 ലക്ഷം രൂപ** വകയിരുത്തുന്നു. വളർത്തു മൃഗങ്ങളുടെ സംരക്ഷണം ഇന്ന് ഒരു പ്രധാന ഹോബിയാണ് . പൂച്ചകൾ, നായകൾ, പക്ഷികൾ മുതലായവ വളർത്തുന്നവർ എന്തെങ്കിലും യാത്ര പോകുമ്പോഴും മറ്റ് അത്യാവശ്യഘട്ടങ്ങളിൽ വീട്ടുകളിൽ നിന്നും അകന്നു നിൽക്കുമ്പോഴും ഈ വളർത്തു മൃഗങ്ങളെ അനാഥമാക്കി പോകുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നു. കുറച്ചുകാലത്തേക്ക് ഇവയെ പരിപാലിക്കുന്ന കെയർ സെൻററുകളും തെരുവുനായ സംരക്ഷണ കേന്ദ്രത്തോട് അനുബന്ധമായി സ്ഥാപിക്കും.

# മത്സ്യ മേഖല

ജില്ലാ പഞ്ചായത്ത് എക്കാലത്തും മുന്തിയ പരിഗണന നൽകുന്ന മേഖലയാണ് മത്സ്യ മേഖല. ഈ ജില്ല കായലും കടലും നിറഞ്ഞതാണ്. ഇവയോട് ബന്ധപ്പെട്ട് മത്സ്യബന്ധനം, വിപണനം, അനുബന്ധ തൊഴിലുകൾ എന്നിവയിൽ ഏർപ്പെട്ട് ധാരാളം ആളുകൾ കഴിയുന്നുണ്ട്. പല കാരണങ്ങളാലും എന്നും തീരജീവിതം ദുരിത പൂർണമാണ്. ഏത് സമയത്തും ഉണ്ടാകുന്ന കടൽക്ഷോഭവും കൂടെ കൂടെയുണ്ടാകുന്ന കടൽ കയറലും വെള്ളക്കെട്ടും ഈയടുത്ത കാലത്ത് വർദ്ധിച്ചുവരുന്ന വെള്ളപ്പൊക്കവും വീരപ്രദേശത്തെ ജീവിതങ്ങളെ അരക്ഷിതാവസ്ഥയിൽ ആക്കിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായും ജലാശയങ്ങൾ മലിനീകരിക്കപ്പെടുന്നതിന്റെ ഫലമായും മത്സ്യസമ്പത്തിൽ ഉണ്ടായിട്ടുള്ള ഗണ്യമായ കുറവ് ഈ ദുരിതത്തിന്റെ ആക്കം കൂട്ടുന്നു. അതിനാൽ തന്നെ മത്സ്യ മേഖലയ്ക്ക് എത്രമേൽ സഹായം നൽകിയാലും അധികമാകുന്നില്ല.

## റാഞ്ചിങ് – പൊതുജലാശയങ്ങളിൽ മത്സ്യ വിത്ത് നിക്ഷേപം

നമ്മുടെ രാജ്യത്തിൽ കയറ്റുമതി വരുമാനത്തിന്റെ ഗണ്യമായ ഒരു ഭാഗം മത്സ്യത്തിൽ നിന്നുമാണ്. മത്സ്യ സമ്പത്തിൽ ഉണ്ടായ കുറവ് ഈ രംഗത്തെയും ബാധിച്ചിട്ടുണ്ട്. ജലാശയങ്ങളിൽ മത്സ്യ സമ്പത്തു വർദ്ധിപ്പിക്കുന്നതിന് നാം നടപ്പാക്കിയ റാഞ്ചിങ് – പൊതുജലാശയങ്ങളിൽ മത്സ്യ വിത്ത് നിക്ഷേപം എന്ന പദ്ധതി ഏറെ ഗുണം ചെയ്തിട്ടുണ്ട് . കഴിഞ്ഞവർഷം 12 സ്ഥലങ്ങളിലാണു മത്സ്യ വിത്ത് നിക്ഷേപം നടത്തിയത്. ഈ വർഷം കൂടുതൽ സ്ഥലങ്ങളിൽ പ്രജനന ശേഷിയുള്ള നാടൻ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് **30 ലക്ഷം രൂപ** അനുവദിക്കുന്നു.

തീരശോഷണം തടയുന്നതിനും വെള്ളപ്പൊക്ക നിവാരണത്തിനുമായി കണ്ടൽകാട് വെച്ചു പിടിപ്പിക്കുന്ന പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സമ്യോജനത്തോടെയും നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി **10 ലക്ഷം രൂപ** നൽകുന്നു.

തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കും. ഇതിന്റെ ഭാഗമായി ഇനിയും വൃത്തിയാക്കുന്നതിന് അവശേഷിക്കുന്ന തോടുകൾ പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കും. താഴ്ന്ന പ്രദേശങ്ങളിൽ നിന്നും വെള്ളം വാർന്നു പോകുന്നതിന് സംവിധാനം ഒരുക്കും. ഇതിനായി ഗ്രാമപഞ്ചായത്തുകൾ, ദുരന്ത നിവാരണ അതോറിറ്റി, എന്നിവയുടെ സഹായത്തോടെ **1 കോടി രൂപ**യുടെ പദ്ധതി നടപ്പാക്കും.

## കൂട് മത്സ്യ കൃഷി

നമ്മൾ സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി 2022-23 ൽ നടപ്പാക്കിയ കൂട് മത്സ്യ കൃഷി കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന പദ്ധതിയാണ്. ഈ പദ്ധതി തുടരുന്നതിന് **30 ലക്ഷം രൂപ** വകയിരുത്തുന്നു.

## സുരക്ഷിത യാനം - മത്സ്യബന്ധന വള്ളങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ നൽകൽ

നമ്മുടെ തീരങ്ങളിൽ നിന്നും മത്സ്യബന്ധനത്തിന് പോകുന്ന ചെറുവള്ളങ്ങൾ, ഔട്ട് ബോർഡ് എഞ്ചിൻ പിടിപ്പിച്ച വള്ളങ്ങൾ എന്നിവ പെട്ടെന്നുണ്ടാവുന്ന പ്രതികൂല കാലാവസ്ഥയിൽ അപകടത്തിൽ പെടാറുണ്ട്. പലപ്പോഴും വിലയേറിയ മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. കാലാവസ്ഥമാറ്റത്തെ കുറിച്ച് യഥാസമയം മുന്നറിയിപ്പ്

നൽകുവാനും എന്തെങ്കിലും അപകടമുണ്ടായാൽ അടുത്തുള്ള യാനങ്ങളിലേക്കും തീരത്തേക്കും വള്ളത്തിലുള്ളവർക്ക് സന്ദേശം നൽകുവാനും കഴിഞ്ഞാൽ ഇത്തരം അപകടങ്ങൾ ഇല്ലാതാക്കുവാൻ കഴിയും. ഇത്തരത്തിലുള്ള സംവിധാനങ്ങൾ യന്ത്രവൽകൃത ബോട്ടുകളിലും കപ്പലുകളിലും ഉണ്ട്. ഈ മാതൃകയിലുള്ള സുരക്ഷാ സംവിധാനം ചെറു വള്ളങ്ങളിലും ഘടിപ്പിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിക്കായി **20 ലക്ഷം രൂപ** നീക്കിവെക്കുന്നു.

## വ്യവസായം – പ്രാദേശിക സാമ്പത്തിക വികസനം

നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് തൊഴിലില്ലായ്മ. കോവിഡ് 19 മൂലം ആഗോള തലത്തിൽ ഉണ്ടായിരിക്കുന്ന സാമ്പത്തിക മാന്ദ്യം കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങൾ സാങ്കേതിക വിദ്യയുടെ കുതിച്ചു കയറ്റം എന്നിവയെല്ലാം തൊഴിലില്ലായ്മ രൂക്ഷമാക്കിയിരിക്കുന്നു. പല സ്വകാര്യ കമ്പനികളും കുത്തകകളും തൊഴിലാളികളെ യാതൊരു തത്വദീക്ഷയും ഇല്ലാതെ പിരിച്ചുവിടുകയാണ്. ഇതുവഴി ലക്ഷക്കണക്കിന് ആളുകളാണ തൊഴിൽ രഹിതരായി തീരുന്നത്. തൊഴിൽ നിയമങ്ങളെ കാറ്റിൽ പറത്തി തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്നു. നമ്മുടെ സംസ്ഥാനത്തെയാണ് ഇത് ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്നത്. ഇത് സാമൂഹിക അരക്ഷിതാവസ്ഥയ്ക്ക് കാരണമാകും. അക്രമ സംഭവങ്ങൾക്കും മയക്കുമരുന്ന് ഉപയോഗത്തിനും ഉള്ള പ്രധാന കാരണങ്ങളിൽ ഒന്ന് തൊഴിലില്ലായ്മ തന്നെയാണ്. ഇക്കാരണങ്ങളാൽ വ്യവസായ അഭിവൃദ്ധിക്കും തൊഴിൽ സൃഷ്ടിക്കുമാണ് ഈ ബജറ്റ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് .

പ്രാദേശിക സാമ്പത്തിക വികസനത്തിൽ നമ്മുടെ ഗ്രാമീണ വനിതകൾ എന്നും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. പ്രാചീന മനുഷ്യ ചരിത്രത്തിൽ വേട്ടയാടലിലാകട്ടെ, കാർഷിക പ്രവർത്തനങ്ങളിൽ ആകട്ടെ ആണുങ്ങൾക്കൊപ്പം വനിതകളും പങ്കാളികളായിരുന്നു. ഈ വക പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിന്നിരുന്നത് സ്ത്രീകളായിരുന്നു എന്നും ആണുങ്ങൾ പൊതുവേ നിഷ്ക്രിയയിൽ ആയിരുന്നു എന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ കാര്യത്തിൽ നമ്മുടെ സാമ്പത്തിക വികസനപ്രക്രിയകളിൽ സ്ത്രീകൾ ശക്തമായ സാന്നിധ്യമാണ്. ഇക്കാര്യം ആദരണീയയായ ഇന്ത്യയുടെ രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമ്മു ഈയടുത്ത ദിവസം പ്രത്യേകം പരാമർശിക്കുകയുണ്ടായി. വിവിധ സംരംഭങ്ങൾ തുടങ്ങുവാൻ സന്നദ്ധരായി വരുന്ന സ്ത്രീകൾക്ക് സാങ്കേതിക സഹായം, പശ്ചാത്തല സൗകര്യം ഒരുക്കൽ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുൾപ്പടെയുള്ള

മറ്റ സഹായങ്ങൾ എന്നിവ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള SHE DEC എന്ന പദ്ധതിക്ക് 1 **കോടി രൂപ**യുടെ പുതിയ പദ്ധതി. നൂതനമായ വ്യവസായ ആശയങ്ങൾ പകർന്നു നൽകുന്നതിനും വിജയം വരിച്ച സംരംഭകരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും ബ്ലോക്ക് തലങ്ങളിൽ സംരംഭക സംഗമങ്ങൾ നടത്തും. പുതിയ സംരംഭങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സഹായിക്കും. ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഉറപ്പാക്കും. ഇതിനായി ചേമ്പർ ഓഫ് കൊമേഴ്സിന്റെ സഹായം തേടും. വനിതാ വ്യവസായകരെ മേൽപ്പറഞ്ഞ തരത്തിൽ സഹായിക്കുന്നതിന് ജില്ലാ പഞ്ചായത്ത് വനിതാ അംഗങ്ങൾ ഉൾപ്പെടുന്ന Task force രൂപീകരിക്കും. ഈ സമിതി തന്നെ പ്രത്യേക ഹെൽപ്പ് ഡെസ്ക് എന്ന രീതിയിലും പ്രവർത്തിക്കും. ഈ പദ്ധതി വഴി 200 പേർക്ക് നേരിട്ട് തൊഴിൽ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സുഫലം – മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം

ഈ മേഖലയിൽ നടപ്പാക്കിവരുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം. നമ്മുടെ നാട്ടിൽ സുലഭമായുള്ള കാർഷിക ഫലങ്ങളും പാലും കടൽ കായൽ വിഭവങ്ങളും ഉപയോഗിച്ച് വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതു വഴി ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുന്നു എന്നത് മാത്രമല്ല ഇതിന്റെ പ്രയോജനം കർഷകർക്ക് എല്ലാ കാലവും സുസ്ഥിരമായ വില ലഭ്യമാകുന്നതിനും ഇത് ഇടയാക്കും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി **50 ലക്ഷം രൂപ** വകയിരുന്നു.തനതു വരുമാന വർധനവ് കൂടി ലക്ഷ്യം വയ്ക്കുന്നു.

## ഉറപ്പ് – കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണ പരിശോധനാ ലാബ്

കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ചെറുതും വലുതുമായ അനേകം യൂണിറ്റുകൾ നമ്മുടെ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട് എങ്കിലും അവയുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ തീർത്തും അപര്യാപ്തമാണ്. ഇത് ഗുണപരിശോധന പ്രയാസകരമാക്കുകയും താമസിപ്പിക്കുകയും ചെയ്യുന്നു. ഈ കുറവ് പരിഹരിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റേതായി കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധന കേന്ദ്രം സ്ഥാപിക്കുന്നതിന് **50 ലക്ഷം രൂപ** നീക്കിവെക്കുന്നു.

## വനമാല – ഈറ്റ – മുള –കൈത്തൊഴിൽ പ്രോത്സാഹനം

പഴയകാലത്ത് ഈ ജില്ലയിൽ ഈറ്റ കൊണ്ടും മുള കൊണ്ടും ഉള്ള ധാരാളം ഉപകരണങ്ങളും കരകൗശല വസ്തുക്കളും നിർമ്മിച്ചിരുന്നു. പ്രധാനമായും വനമേഖലയിൽ താമസിക്കുന്ന ആദിവാസി സമൂഹമാണ് ഇത്തരം കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്നത്. എന്നാൽ വിവിധ കാരണങ്ങളാൽ ഇന്ന് ഇത്തരം കൈത്തൊഴിൽ നാമമാത്രമായിരിക്കുന്നു. നമ്മുടെ ജില്ലയുടെ മുഖമുദ്ര എന്ന നിലയിൽ ഈ കൈത്തൊഴിലിനെ വളർത്തി ക്കൊണ്ടുവരുന്നതിനുള്ള പുതിയ പദ്ധതി ഏറ്റെടുക്കുന്നു. ഈറ്റയും മുളയും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന കൈത്തൊഴിലുകളുടെ പ്രോത്സാഹനത്തിനും ഉൽപ്പന്നങ്ങളുടെ വിപണത്തിനുമായി ബാംബൂ കോർപ്പറേഷന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

## മിനി വ്യവസായ എസ്റ്റേറ്റിന് സ്ഥലം വാങ്ങൽ

നമ്മുടെ വ്യവസായിക പരിപാടികൾക്ക് പ്രധാനമായും തടസ്സമായി നിൽക്കുന്നത് സ്ഥലത്തിന്റെ അപര്യാപ്തതയാണ്. വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനും അറവുശാല നിർമ്മാണത്തിനും ചരിത്രസ്മാരകങ്ങൾ സ്ഥാപിക്കുന്നതിനും മാലിന്യനിർമാർജന സംവിധാനങ്ങൾ ഒരുക്കുന്നതിനും സ്ഥലം ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.തനത് വരുമാനം വർധിപ്പിക്കുന്നതിനായി തനത് ഫണ്ട് വിനിയോഗിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കും.ഇതിനായി ഭൂമി വാങ്ങും. ഇത്തരം വിവിധ ഉദ്ദേശങ്ങൾക്കായി അനുയോജ്യമായ സ്ഥലം വാങ്ങുന്നതിന് **5 കോടി രൂപ** മാറ്റിവെക്കുന്നു.

**ജില്ലാ പഞ്ചായത്ത് പുതുതായി വിലയ്ക്ക് വാങ്ങുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.**

# സ്ത്രീശാക്തീകരണം

സൂര്യനോളം ചൂടും പേറി
കടലിനോളം കണ്ണീരുപ്പ് കുടിച്ചു വറ്റിച്ച്
കാറ്റോളം ദൂരം താണ്ടി
ഭൂമിയോളം സഹനം പഠിച്ചവൾ
ഉമ്മറത്തിണ്ണയിൽ അട്ടഹസിക്കും
അധികാരത്തിൻ കാൽച്ചുവട്ടിൽ
ചിരിയും ചിന്തയും പണയപ്പെടുത്തിയോൾ
അട്ടയെപ്പോൽ അഴുക്കിൽ ചുരുണ്ടവൾ
തേഞ്ഞ ചൂലായ് എച്ചിൽ പാത്രമായ്
അടുക്കളപ്പുറങ്ങളിൽ
ദിനരാത്രമെണ്ണിയോൾ

നാം പുരുഷ കേന്ദ്രീകൃതമായ ഒരു സമൂഹത്തിലാണ് ജീവിച്ചു വരുന്നത്. പുരുഷന്റെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്ത് അടുക്കളയിൽ ഒതുങ്ങിക്കൂടേണ്ടവരാണ് സ്ത്രീകൾ എന്ന ധാരണയാണ് നിലനില്ക്കുന്നത്. പുരുഷൻ അനുഭവിക്കുന്ന യാതൊരുവിധ സ്വാതന്ത്ര്യങ്ങളും സ്ത്രീകൾക്ക് ലഭിക്കുന്നില്ല. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ബോധപൂർവ്വം നടത്തേണ്ടിയിരിക്കുന്നു. ഒരു സ്ത്രീയെന്ന നിലയിൽ സ്ത്രീ പക്ഷത്തു നിന്ന് ചിന്തിച്ചു കൊണ്ട് ജെണ്ടർ ബജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്. സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന പദ്ധതികൾ ഈ ബജറ്റിലുൾപ്പെടുത്തുന്നു.

## സുഖിനോ – ജില്ലാ പഞ്ചായത്ത് ഹോം നേഴ്സിംഗ്

ആധുനിക ചികിത്സ സമ്പ്രദായങ്ങൾ വ്യാപകമായതോടെ നമ്മുടെ ആയുർദൈർഘ്യം ഏറെ കൂടിയിട്ടുണ്ട്. ആയുസ്സ് കൂടിയെങ്കിലും

ആരോഗ്യം അതിനനുസൃതമായി കൂടിയിട്ടില്ല. വിവിധ രോഗങ്ങളാൽ ശയ്യാവലംബരായ ധാരാളം ആളുകൾ വീടുകളിൽ കഴിയുന്നുണ്ട്. ഇവർക്ക് ആവശ്യമായ ശുശ്രൂഷ മുഴുവൻ സമയവും നൽകുവാൻ കുടുംബാംഗങ്ങൾക്ക് കഴിയണമെന്നില്ല. പലരും ഹോം നേഴ്സിംഗ് സംവിധാനത്തെയാണ് ആശ്രയിക്കുന്നത്. ലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഹോം നേഴ്സിങ് സ്ഥാപനങ്ങളും ശമ്പളത്തിനായി മാത്രം ജോലിക്ക് എത്തുന്ന ശുശ്രൂഷകരും രോഗിക്ക് പലപ്പോഴും നല്ല പരിഗണനയും ശുശ്രൂഷയും നൽകുന്നതിൽ ശ്രദ്ധിക്കുന്നില്ല. എഴുന്നേറ്റിരിക്കുവാനോ നടക്കുവാനോ തനിയെ ഭക്ഷണം കഴിക്കുവാനോ സംസാരിക്കുവാനോ പോലും കഴിയാത്ത നിസ്സഹായാവസ്ഥയിലുള്ള കിടപ്പ് രോഗികൾ തീർച്ചയായും നല്ല ശുശ്രൂഷ അർഹിക്കുന്നുണ്ട്. ഇത്തരക്കാർക്ക് മികച്ച സേവനം ഉറപ്പാക്കുവാൻ ആയി ജില്ലാ പഞ്ചായത്ത് ഹോം നേഴ്സിംഗ് ആരംഭിക്കുന്നു. ഇതിനായി ജില്ലയിലെ സന്നദ്ധരും ആരോഗ്യമുള്ള വരുമായ ആളുകൾക്ക് പരിശീലനം നൽകി ഹോം നേഴ്സിങ് വോളണ്ടിയർമാരായി നിയമിക്കും. ജില്ലാ പഞ്ചായത്ത് തന്നെ ഇവർക്ക് ശമ്പളം നൽകും. ഇവരെ എല്ലാവിധ ആരോഗ്യ പരിശോധനയ്ക്കും വിധേയമാക്കും. കൂടാതെ പോലീസ് വെരിഫിക്കേഷനും നടത്തും. ജില്ലാ പഞ്ചായത്തിന്റെ ഹോംനേഴ്സമാർക്ക് പ്രത്യേക യൂണിഫോമും ഐഡി കാർഡും നൽകും. ജില്ലാ പഞ്ചായത്ത് ഹോം നഴ്സിംഗിനായി പ്രത്യേക ആപ്പ് തയ്യാറാക്കും. ജില്ലാ പഞ്ചായത്ത് ഹോം നേഴ്സിംഗ് സേവനം ആവശ്യമുള്ളവർക്ക് ആപ്പിൽ പ്രവേശിച്ച് എളുപ്പത്തിൽ സേവനം ലഭ്യമാക്കാവുന്നതാണ്. ഉപഭോക്താക്കൾക്ക് പരാതികളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനും റേറ്റിംഗ് നടത്തുന്നതിനും ആപ്പിൽ സൗകര്യമുണ്ടായിരിക്കും. ഹോം നഴ്സിംഗ് സംവിധാനത്തിന് മാത്രമായി ഒരു മേൽനോട്ടസമിതിയുണ്ടാകും. ഇതിന് പ്രത്യേക ബൈലോ ഉണ്ടാക്കും. കുടുംബശ്രീക്ക് ആയിരിക്കും ഹോം നേഴ്സിങ് നടത്തിപ്പ് ചുമതല. നൂതനമായ പദ്ധതിക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## മെൻസ്ട്രുവൽ കപ്പ് വിതരണം

കൂടുതൽ പ്രകൃതി സൗഹൃദവും ആരോഗ്യപ്രദവുമായ മെൻസ്ട്രുവൽ കപ്പ് ഉപയോഗിക്കുന്നതു വ്യാപകമാക്കുന്നതിനുള്ള പ്രചരണത്തിനും സൗജന്യ മെൻസ്ട്രുവൽ കപ്പ് വിതരണത്തിനും **50 ലക്ഷം രൂപ**യുടെ പദ്ധതി ഏറ്റെടുക്കുന്നു.

## താലോലം –ഡേ കെയർ സെന്റേഴ്സ്

ഇന്ന് പുരുഷനൊപ്പം സ്ത്രീകളും വിവിധ ജോലികളിൽ ഏർപ്പെടുന്നവരാണ്. രാവിലെ വീട്ടിൽ നിന്നും ഇറങ്ങുന്ന വനിതകൾ ഓഫീസ് ജോലിക്ക് ശേഷം വൈകുന്നേരം മാത്രമാണ് വീടുകളിൽ എത്തുന്നത്. കൂട്ടുകുടുംബത്തിൽ നിന്നും അണു കുടുംബ അവസ്ഥയിലേക്ക് നാം പൂർണ്ണമായും മാറിക്കഴിഞ്ഞിരിക്കുന്നതിനാൽ വീടുകളിൽ ആരും തന്നെ ഉണ്ടാവുകയില്ല. ഇത് മൂലം ജോലിക്കാരായ സ്ത്രീകൾക്ക് കുഞ്ഞുങ്ങളുടെ പരിചരണം വലിയ പ്രശ്നമായി മാറുന്നു. ഇത്തരക്കാർക്ക് ആശ്വാസം നൽകുന്നതിന് **താലോലം** എന്ന പേരിൽ ജില്ലാ പഞ്ചായത്ത് വിവിധ കേന്ദ്രങ്ങളിൽ ബേബി കെയർ സെൻററുകൾ സ്ഥാപിക്കും.  അമ്മമാരെ പോലെ കുഞ്ഞുങ്ങളെ പരിചരിക്കുന്നതിനുള്ള പരിശീലനം നൽകി വനിതകളെ ഡേ കെയർ സെൻററുകളിൽ നിയമിക്കും. അവർക്ക് നിശ്ചിത തുക വേതനം നൽകും. കുഞ്ഞുങ്ങൾക്ക് സുഖമായി കഴിയുവാനും പരിപാലിക്കപ്പെടുവാനും ഉള്ള ആധുനിക സജ്ജീകരണങ്ങൾ സെൻററുകളിൽ ഒരുക്കും. കുഞ്ഞുങ്ങൾക്ക് ആവശ്യമായ പോഷകാഹാരവും അത്യാവശ്യ സന്ദർഭങ്ങളിൽ ചികിത്സയും ഉറപ്പാക്കും. ഈ പദ്ധതിക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## റസ്റ്ററൻറ് ഓൺ വീൽസ്

മലയാളികളുടെ ഭക്ഷണശീലം ഇന്ന് ഏറെ മാറിയിട്ടുണ്ട്. ഒഴിവു വേളകളിലും അവധി ദിവസങ്ങളിലും പുറമേ നിന്ന് ഭക്ഷണം കഴിക്കുക

എന്നത് പതിവായിരിക്കുന്നു. എന്നാൽ മിക്ക ഹോട്ടലുകളിലും ലഭിക്കുന്നത് പഴകിയതും രുചി കൂട്ടുന്നതിനായി വിവിധതരം രാസപദാർത്ഥങ്ങൾ കലർത്തിയതുമായ ഭക്ഷണമാണ്. പല ഹോട്ടലുകളും വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷണത്തിനാകട്ടെ അമിതമായ വിലയും ഈടാക്കുന്നു. ഈ സാഹചര്യത്തിലാണ് റസ്റ്റോറൻറ് ഓൺ വീൽസ് എന്ന പുതിയ ആശയം ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. അനുയോജ്യമായ രീതിയിൽ പ്രത്യേകം രൂപകൽപ്പന ചെയ്യുന്ന വാഹനത്തിൽ രുചികരവും സുരക്ഷിതവുമായ ഭക്ഷണം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പൂർണ്ണമായും ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഈ ചലിക്കുന്ന ഭോജന ശാലയുടെ നടത്തിപ്പ ചുമതല കുടുംബശ്രീക്കായിരിക്കും. കുടുംബശ്രീ ഇതിനായി സ്ത്രീ സംരംഭകരെ കണ്ടെത്തും. ഭക്ഷണശാല നടത്തുന്നവർക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി ഹ്രസ്വകാല പരിശീലനം നൽകും. ഭക്ഷണത്തിന്റെ ഗുണമേന്മയും വൃത്തിയും ഉറപ്പാക്കുന്നതിന് പ്രത്യേക മേൽനോട്ട സമിതിയെ നിയോഗിക്കും. പാചകക്കാർക്കും സേവകർക്കും പ്രത്യേകം ഡിസൈൻ ചെയ്ത യൂണിഫോം നൽകും. പേപ്പർ പ്ലേറ്റുകൾ കപ്പുകൾ എന്നിവ പൂർണമായി ഒഴിവാക്കി പൂർണ്ണമായും പ്രകൃതി സൗഹൃദ രീതിയിലായിരിക്കും ഭോജനശാല പ്രവർത്തിക്കുക. മാലിന്യ സംസ്കരണത്തിന് വാഹനത്തിൽ തന്നെ പ്രത്യേക സംവിധാനം ഒരുക്കും. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന ഈ പുതിയ പദ്ധതിക്കായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

വിവിധ പഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ചിരിക്കുന്ന വനിതാ പരിശീലന കേന്ദ്രങ്ങൾ വനിതാ വ്യവസായ കേന്ദ്രങ്ങൾ വനിതാ വിപണന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിന് **20 ലക്ഷം രൂപ** മാറ്റിവെക്കുന്നു.

## രുചി – അമ്മമാരുടെ പൊതു അടുക്കള

പ്രായമായ അമ്മമാരിൽ പലരും മികച്ച പാചകക്കാരാണ്.

പാരമ്പര്യമായ വിഭവങ്ങൾ ഉണ്ടാക്കുന്നതിന് അവർക്ക് പ്രത്യേക ചാതുര്യം ഉണ്ട്. ഇവരുടെ പാചക വിരുത് ഉപയോഗപ്പെടുത്തി അമ്മമാരുടെ പൊതു അടുക്കള കുടുംബശ്രീയുടെ ചുമതലയിൽ നടത്തുന്നതിന് **10 ലക്ഷം രൂപ**യുടെ പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു.

## ഷീ പാർലമെൻറ്

വനിതാ പ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടതോടെ പാർലമെൻററി രംഗത്തേക്ക് ധാരാളം സ്ത്രീകൾ കടന്നു വരുന്നുണ്ട്. സ്ത്രീകളെ നിർഭയരാക്കുന്നതിലും അഭിപ്രായങ്ങൾ തുറന്നു പറയുവാൻ പ്രാപ്തരാക്കുന്നതിലും കുടുംബശ്രീ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. സ്ത്രീകളുടെ പ്രശ്നങ്ങൾ കൃത്യമായി പറയുവാൻ കഴിയുന്നത് സ്ത്രീകൾക്ക് തന്നെയാണ് സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും,അവരുടെ ആവശ്യങ്ങളും ചർച്ച ചെയ്യുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ആയി സ്ത്രീകളുടെ ഒരു പാർലമെൻറ് ചേരുന്നതിന് പദ്ധതി മുന്നോട്ടുവയ്ക്കുന്നു. ഗ്രാമതലങ്ങളിൽ പ്രത്യേക മത്സരങ്ങൾ നടത്തി തിരഞ്ഞെടുക്കപ്പെടുന്ന നൂറു സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ട് അഞ്ചുദിവസത്തെ പാർലമെൻറ് ആണ് ഉദ്ദേശിക്കുന്നത്. ഇതിനു മുന്നോടിയായി ത്രിദിന പരിശീലനം നൽകും. She പാർലമെൻറിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് ക്യാഷ് അവാർഡും നൽകും. നൂതന പദ്ധതിക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

## പെൺകുട്ടികൾക്ക് ആയോധന കലാ പരിശീലനം

പെൺകുട്ടികൾക്ക് സ്വയംരക്ഷ എന്ന നിലയിൽ 2022-23 വർഷം നാം തായ്ക്കൊണ്ടോ പരിശീലനം നൽകിയിരുന്നു. 2023-24 വർഷം പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനത്തിന് **10 ലക്ഷം രൂപ** നീക്കിവെക്കുന്നു.

# പ്രവാസി ക്ഷേമം

നമ്മുടെ നാടിന്റെ സാമ്പത്തിക സുസ്ഥിതിയെ പിടിച്ചുനിർത്തുന്നതിൽ നിർണായക പങ്കാണ് പ്രവാസികൾ വഹിക്കുന്നത്. ഗൾഫ് നാടുകളിലും യൂറോപ്പിലും ആഫ്രിക്കയിലും എന്നല്ല ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തൊഴിൽ ചെയ്യുന്ന പ്രവാസികൾക്ക് വേണ്ട പരിഗണന നൽകേണ്ടതുണ്ട്. തങ്ങൾ കഷ്ടപ്പെട്ട് സമ്പാദിക്കുന്ന പണം നാട്ടിൽ എന്തെങ്കിലും സംരംഭത്തിന് നിക്ഷേപിച്ച് അതിൽ നിന്നും സ്ഥിരമായ വരുമാനം നേടുവാൻ ആഗ്രഹിക്കുന്ന ഒട്ടേറെ പ്രവാസികളുണ്ട്. പ്രവാസ ജീവിതമവസാനിപ്പിച്ച് നാട്ടിലെത്തിയിട്ടുള്ള പലരും അനുയോജ്യമായ സംരംഭങ്ങൾ തേടി നടക്കുന്നുമുണ്ട്. ഇവർക്കായി മൂന്ന് പദ്ധതികൾ പ്രഖ്യാപിക്കുന്നു.

## 1) എച്ച് ഡി പി ചെടിച്ചട്ടികളുടെ നിർമ്മാണം

പച്ചക്കറികളും പല വൃക്ഷങ്ങളും പൂച്ചെടികളും മറ്റ് അലങ്കാര സസ്യങ്ങളും ഗ്രോബാഗിൽ വളർത്തുന്ന സമ്പ്രദായമാണ് നാം സ്വീകരിച്ചു വന്നിരുന്നത്. ഇത് പ്രകൃതി സൗഹൃദം അല്ല എന്ന് കണ്ടതിനാൽ ഇപ്പോൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. പഴയ രീതിയിൽ മണ്ണ് കൊണ്ടുണ്ടാക്കിയ ചെടിച്ചട്ടിയിലേക്ക് നാം തിരിഞ്ഞിട്ടുണ്ട്. എന്നാൽ ഇത് ഏറെ ചെലവേറിയതും ഉടഞ്ഞു പോകാൻ സാധ്യതയുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഹൈഡെൻ സിറ്റി പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കുന്ന ചെടിച്ചട്ടികൾക്കും ഗ്രോബാഗുകൾക്കും ഇപ്പോൾ പ്രിയമേറിയിട്ടുണ്ട്. കൂടുതൽ കാലം ഈട് നിൽക്കുന്ന ഈ ചെടിച്ചട്ടികൾ കാഴ്ചക്ക് മനോഹരവും ആണ്. ഇത്തരം ചെടിച്ചട്ടികൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രവാസികൾക്ക് സഹായം നൽകുന്ന പദ്ധതിക്ക് **30 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

2) **ഫുഡ് സ്ട്രീറ്റ്**

വിനോദസഞ്ചാരത്തിന് ഏറെ പ്രചാരം ലഭിക്കുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ സുന്ദരമായ ഭൂപ്രകൃതി ആസ്വദിക്കുവാൻ സ്വദേശികളും വിദേശികളുമായ ധാരാളം ആളുകൾ ഇവിടെ വിനോദസഞ്ചാരത്തിന് എത്തുന്നുണ്ട്. എറണാകുളം ജില്ലയിലെ പല മേഖലകളും പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായി വളർന്നു കഴിഞ്ഞു. ഈ കേന്ദ്രങ്ങളിൽ ഫുഡ് സ്ട്രീറ്റുകൾ ആരംഭിക്കുന്നതിന് പ്രവാസികൾക്കായി **10 ലക്ഷം രൂപ** നീക്കിവെക്കുന്നു.

3) **ഫ്ലോട്ടിംഗ് റസ്റ്റോറന്റ്**

ജലസ്രോതസ്സുകളാൽ സമ്പന്നമായ നാടാണ് എറണാകുളം. കായലിലും നദികളിലും കടലിലും സഞ്ചാരം നടത്തുന്നതിനും അവയുടെ സൗന്ദര്യം ആവോളം ആസ്വദിക്കുന്നതിനും സഞ്ചാരികൾ കൂട്ടമായി എത്തുന്നുണ്ട്. കായൽ സമുദ്ര വിഭവങ്ങൾ കൊണ്ടുണ്ടാക്കുന്ന ഭക്ഷണപദാർത്ഥങ്ങൾക്ക് വലിയ സ്വീകാര്യതയുണ്ട്. സ്വാദിഷ്ടമായ ഈ ഭക്ഷണം കായലിലോ കടലിലോ നദിയിലോ പൊങ്ങിക്കിടക്കുന്ന ഭോജനശാലകളിൽ ആസ്വദിക്കുവാൻ കഴിഞ്ഞാൽ അത് മറക്കാനാവാത്ത അനുഭവമായിരിക്കും. ഓളങ്ങളിൽ ചാഞ്ചാടി ജലാശയത്തിന്റെ സൗന്ദര്യം ആസ്വദിച്ച് സൂര്യോദയമോ അസ്തമയമോ കണ്ടുകൊണ്ട് സാവകാശം ഭക്ഷണം കഴിക്കുന്നത് തീർച്ചയായും ഹൃദ്യമായ അനുഭവമാണ്. ഇതിനായി ഫ്ലോട്ടിംഗ് റസ്റ്റോറന്റുകൾ ആരംഭിക്കുന്നതിന് പ്രവാസികൾക്ക് ധനസഹായമായി **10 ലക്ഷം രൂപ** നീക്കിവെക്കുന്നു .

**അക്വാ ടൂറിസം**

മനോഹരമായ നമ്മുടെ ജലാശയങ്ങൾ അക്വാ ടൂറിസത്തിന് ഏറ്റവും അനുയോജ്യമാണ്. ഇപ്പോൾ തന്നെ ചില പ്രദേശങ്ങളിൽ പ്രൈവറ്റായും അല്ലാതെയും അക്വാടൂറിസം സജീവമാണ്.

ഗ്രാമപഞ്ചായത്തുകളും വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് **10 ലക്ഷം രൂപ**യുടെ അക്വാ ടൂറിസം പദ്ധതി ഏറ്റെടുക്കുന്നു.

## ഖാദി ഗ്രാമ വ്യവസായം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൻറെ മുഖമുദ്രയായിരുന്നു സ്വദേശി ഖാദി പ്രസ്ഥാനം. വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിച്ചു കൊണ്ട് ചർക്കയിൽ സ്വയം നെയ്തെടുക്കുന്ന വസ്ത്രങ്ങൾ ധരിക്കണമെന്ന മഹാത്മാഗാന്ധിയുടെ ആഹ്വാനം മുഴുവൻ ജനങ്ങളും ഏറ്റെടുത്തു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും ഖാദിക്ക് വലിയ പ്രാധാന്യം ലഭിച്ചു. ഖാദി വസ്ത്രങ്ങൾ അണിയുന്നത് ദേശീയതയുടെ അടയാളമായി മാറി. ചൂടേറിയ കാലാവസ്ഥയിൽ ഖാദിവസ്ത്രം അണിയുന്നത് സുഖകരമാണ്. കേരളത്തിലെ സ്കൂളുകളിൽ ഖാദി തുണി കൊണ്ടുള്ള യൂണിഫോം ആണ് കുട്ടികൾ ധരിക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കുന്നത് നിർബന്ധിതമാക്കിയിട്ടുണ്ട്. ഖാദിത്തുണിത്തരങ്ങൾക്ക് വർദ്ധിച്ചു വരുന്ന ജനപ്രിയത കണക്കിലെടുത്ത് ഖാദി വ്യവസായ പ്രോത്സാഹനത്തിനുള്ള പദ്ധതികളും ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നു. ഈ മേഖലയ്ക്ക് പൊതുവായി **50 ലക്ഷം രൂപ** നൽകുന്നു.

ഇതിനു പുറമേ കറുകുറ്റിയിൽ ഖാദി വ്യവസായ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ **30 ലക്ഷം രൂപ** അനുവദിക്കുന്നു.

# ശുചിത്വവും മാലിന്യ സംസ്കരണവും

## എന്റെ നാട് നല്ല നാട് – സമഗ്ര മാലിന്യ സംസ്കരണ പദ്ധതി

സർ, വർത്തമാന കാലത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. നമ്മുടെ ജില്ലയിലുള്ള ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ ഉണ്ടായ തീപിടുത്തം വലിയ വിവാദങ്ങൾക്ക് ഇടയാക്കുകയുണ്ടായി. ഈ വിവാദങ്ങളുടെ തീയും പുകയും ഇനിയും കെട്ടടങ്ങിയിട്ടില്ല. ഇത്രവലിയ മാലിന്യമല അവിടെ ഉണ്ടാകുവാൻ അനുവദിച്ചത് ഏതു പ്രകാരത്തിലും ന്യായീകരിക്കത്തക്കതല്ല. മനുഷ്യൻറെ ജീവിക്കാനുള്ള അവകാശത്തെയാണ് ഇത്തരം പ്രവർത്തികൾ ഹനിക്കുന്നത്. ഇത് ഇനിയും ആവർത്തിക്കപ്പെട്ടു കൂടാ. പരസ്പരമുള്ള കുറ്റപ്പെടുത്തലുകൾക്കും ആരോപണ പ്രത്യാരോപണങ്ങൾക്കും അവധി കൊടുത്ത് മാലിന്യ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഏതാണ്ട് രണ്ട് ദശാബ്ദങ്ങളോളമായി തദ്ദേശ സ്ഥാപനങ്ങൾ മാലിന്യ നിർമാർജനത്തിനായി അനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും വലിയ തുക ചെലവഴിക്കുകയും ചെയ്തിട്ടും ഇന്നും മാലിന്യ പ്രശ്നം എല്ലാവർക്കും വലിയ തലവേദനയായി അവശേഷിക്കുന്നു. പൂർണമായും ശാസ്ത്രീയമായ സംവിധാനങ്ങൾ ഇനിയും ആവിഷ്കരിക്കപ്പെടാത്തതും ജനങ്ങളുടെ നിന്നും വേണ്ടത്ര സഹകരണം ഇല്ലാത്തതും പ്രശ്നപരിഹാരത്തിന് തടസ്സം നിൽക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ മാലിന്യ പ്രശ്നം സമ്പൂർണ്ണമായി പരിഹരിക്കുന്നതിന് സമഗ്രമായ കർമ്മപദ്ധതി ജില്ലാ പഞ്ചായത്ത് തയ്യാറാക്കും. ചുരുങ്ങിയ കാലങ്ങൾക്കുള്ളിൽ എറണാകുളം ജില്ലയെ പൂർണമായി മാലിന്യ മുക്തമാക്കി സൗന്ദര്യവൽക്കരിക്കുന്ന പദ്ധതിക്ക് എറണാകുളം ജില്ലാ പഞ്ചായത്ത് നേതൃത്വം നൽകും. ജില്ലാ ഭരണകൂടം, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ

സഹകരണത്തോടെയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, ശുചിത്വമിഷൻ എന്നിവയുടെ സംയോജനത്തോടെയും ആണ് ഈ ബൃഹത്പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

സർ, നമ്മുടെ മുൻപിലുള്ള പ്രശ്നം ഒട്ടും ലളിതമല്ല. ഈ വിഷയത്തെ അഭിമുഖീകരിക്കുമ്പോൾ ഉയർന്നു വരുന്ന വെല്ലുവിളികളെ കുറിച്ചും ഞാൻ ബോധവതിയാണ്. എങ്കിലും ഈ പ്രശ്നം പരിഹരിക്കുവാൻ നമ്മെക്കൊണ്ട് കഴിയും എന്ന് തന്നെയാണ് എൻറെ പൂർണമായ വിശ്വാസം. അതിനായി ബഹുമുഖ പദ്ധതികൾ ആണ് മുന്നോട്ട് വെക്കുന്നത്. നിലവിലുള്ള ഹരിത കർമ്മസേന ഗ്രാമപ്രദേശങ്ങളിൽ നിന്നും പ്രധാനമായും പ്ലാസ്റ്റിക് മാത്രമാണ് ശേഖരിച്ചു വരുന്നത്. കോർപ്പറേഷൻ പരിധിയിൽ പ്ലാസ്റ്റിക്കിനൊപ്പം ജൈവമാലിന്യങ്ങളും ശേഖരിക്കുന്നതായി അറിയുന്നു. എന്നാൽ ഇപ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ ഒന്നിച്ച് കൂട്ടുകയാണ് പതിവ്. ഇത് അപകടകരമാണ്. ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് എടുത്തു മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാകും. എല്ലാ സ്ഥലങ്ങളിലും അതായത് വീടുകളിലും സ്ഥാപനങ്ങളിലും ബയോബിൻ കിച്ചൻ കമ്പോസ്റ്റ് ബിൻ എന്നിവ നിർബന്ധമാക്കും. ഇവ സ്ഥാപിക്കാതെ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കർശന നടപടി ഉണ്ടാകും. വിരുന്നു സൽക്കാരങ്ങൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കും. സൽക്കാര സ്ഥലങ്ങളിൽ നിന്നും ജൈമാലിന്യവും അജൈവ മാലിന്യവും ശേഖരിച്ച് ഇവ കൈകാര്യം ചെയ്യുവാൻ പ്രാപ്തമായ ഏജൻസികൾക്ക് കൈമാറും. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും നിന്ന് എല്ലാത്തരത്തിലും ഉള്ള മാലിന്യങ്ങൾ അതായത് പ്ലാസ്റ്റിക്, ലതർ, റെക്സിൻ പേപ്പർ, ചില്ല്, ഇലക്ട്രിക്, ഇലക്ട്രോണിക് വേസ്റ്റുകൾ, ഡയപ്പർ, സാനിറ്ററി പാഡുകൾ എന്നിവ തരംതിരിച്ച് ശേഖരിക്കും. ഇവ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമായ ഏജൻസിയെ കണ്ടെത്തി കൈമാറും. ഓരോ ദിവസവും ഓരോ തരം മാലിന്യം ശേഖരിക്കത്തക്ക വിധത്തിൽ കലണ്ടർ തയ്യാറാക്കി എല്ലാവർക്കും നൽകും. സാധ്യമായ സ്ഥലങ്ങളിൽ പൊതു ചന്തകൾ

മുതലായി ഇടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിക്കും. ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവവളം ജില്ലാ പഞ്ചായത്ത് വാങ്ങി വിപണനം ചെയ്യും.

ഇപ്പോൾ മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്ന സ്ഥലങ്ങൾ ഒറ്റത്തവണ വൃത്തിയാക്കി അവിടെ പൂന്തോട്ടങ്ങൾ, അലങ്കാര സസ്യത്തോട്ടങ്ങൾ പച്ചത്തുരുത്തകൾ, മിയോവാക്കി വനങ്ങൾ തീറ്റപ്പുൽ തോട്ടങ്ങൾ, എന്നിവ സ്ഥാപിക്കണം. ഇവയുടെ പരിപാലനം റസിഡൻഷ്യൽ അസോസിയേഷനുകൾക്കോ അടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ പൊതു സ്ഥാപനങ്ങൾക്കോ വ്യാപാരി വ്യവസായി സംഘടനകൾക്കോ കൈമാറും. വൃത്തിയാക്കപ്പെട്ട സ്ഥലങ്ങളിലേക്ക് വീണ്ടും മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നില്ല എന്നും വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട് എന്നും ഉറപ്പാക്കുന്നതിന് Third eye പ്രത്യേക ടാസ്ക് ഫോഴ്സിനെ നിയോഗിക്കും. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് വസ്തുക്കൾ കാരിബാഗ് ഉൾപ്പെടെ ഉപയോഗിക്കപ്പെടുന്നില്ല എന്നും പൊതുപരിപാടികളിൽ ഹരിത പെരുമാറ്റം പാലിക്കുന്നുവെന്നും ഉറപ്പാക്കുന്നതും ഈ ടാസ്ക് ഫോഴ്സിന്റെ കർത്തവ്യമാണ്. ലഹരിക്കെതിരായ പോരാട്ടത്തിലും ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. എന്തെങ്കിലും നിയമവിരുദ്ധ പ്രവർത്തനമോ നിയമ ലംഘനമോ മാലിന്യം വലിച്ചെറിയുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ അവ ചിത്രീകരിച്ച് ബന്ധപ്പെട്ട അധികാരികളുടെ വാട്സാപ്പിലേക്ക് അയച്ചു നൽകുന്നതിന് സംവിധാനം ഉണ്ടാക്കും. പ്രധാനമായും വിമുക്തഭടന്മാർ, എൻസിസി കേഡറ്റുകൾ സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ, എൻഎസ്എസ് വോളണ്ടിയർമാർ എന്നിവരായിരിക്കും ഫോഴ്സിലേക്ക് നിയോഗിക്കപ്പെടുക. ഇവർക്കുള്ള വേതനത്തിന് പദ്ധതിയിൽ തുക വകയിരുത്തും. ഇവരെ ഗ്രൂപ്പുകളായി തിരിച്ച് ഓരോ പ്രദേശത്തിന്റെയും ചുമതല നൽകും. സി എസ് ആർ ഫണ്ട് സമാഹരിച്ച് ആവശ്യമെങ്കിൽ ഇവർക്ക് വാഹനം ഏർപ്പാടാക്കും.

ഇങ്ങനെയുള്ള ബഹുമുഖ പദ്ധതികൾ സംയുക്തമായി നടപ്പാക്കുന്നതിലൂടെ മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടും എന്ന് ഞാൻ വിശ്വസിക്കുന്നു. ഇതിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതമായി **25 ലക്ഷം രൂപ** നൽകുന്നു. ഈ സമഗ്ര പദ്ധതിയുടെ കൂടുതൽ വിശദാംശങ്ങൾ ജില്ലാ ഭരണകൂടവും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആയി കൂടിയാലോചിച്ച് തയ്യാറാക്കുന്നതാണ്.

## ബ്ലൂ ആർമി

കരപ്രദേശങ്ങളിലെ മാലിന്യം ശേഖരിക്കുന്നതിന് ഹരിത കർമ്മ സേന ഏതാണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗവും വെള്ളമാണ്. ജലാശയങ്ങൾ മാലിന്യം കൊണ്ട് നിറയുന്നു. പൊതുനിരത്തുകളിൽ എന്നതുപോലെ ജലാശയങ്ങളിലേക്കും മാലിന്യങ്ങൾ വലിച്ചെറിയുന്നു. ഇതു കൂടാതെ വ്യവസായശാലകളിൽ നിന്നുള്ള മലിനജലവും ജലാശയങ്ങളിൽ എത്തിച്ചേരുന്നുണ്ട്. ചില തീരപ്രദേശങ്ങളിൽ വീടുകളിലേയും സ്ഥാപനങ്ങളിലെയും മലിനജല കുഴലുകളും ജലാശയങ്ങളിലേക്കാണു നീട്ടി വെക്കുന്നത്. ഇത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. നമ്മുടെ കുടിവെള്ളത്തിൽ വലിയ അളവിൽ കോളിഫോം ബാക്ടീരിയ അടങ്ങിയിരിക്കുന്നു. ജലാശയങ്ങളിൽ മാലിന്യം നിറയുന്നത് മത്സ്യ സമ്പത്തിന്റെ നാശത്തിനും കാരണമാകുന്നുണ്ട്. ജലാശയങ്ങൾ കൃത്യമായ ഇടവേളകളിൽ ശുചീകരിക്കുന്നതിനും മലിനീകരണം തടയുന്നതിനും ഗ്രാമപഞ്ചായത്തുകളും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഹരിത കർമ്മ സേന മോഡലിൽ **ബ്ലൂ ആർമി** രൂപീകരിക്കുന്ന പദ്ധതിക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു. ബ്ലൂ ആർമി അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും ഉപകരണങ്ങളും നൽകും. ജലാശയങ്ങളിൽ സഞ്ചരിക്കുന്നതിന് യന്ത്രവൽകൃത വള്ളങ്ങൾ നൽകും. ബ്ലൂ ആർമി ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങളും പോളകളും പായലും നീക്കം ചെയ്തു ജലാശയങ്ങളെ

ശുചീകരിക്കും. പ്ലാസ്റ്റിക് മാലിന്യങ്ങൾ അംഗീകൃത ഏജൻസികൾക്ക് കൈമാറും. പായലുകളും പോളകളും വളമാക്കുന്നതിനായി കർഷകർക്ക് നൽകും. മറ്റു ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തീരങ്ങളിൽ മിനി ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കും. അവയുടെ പരിപാലനവും ബ്ലൂ ആർമി നിർവഹിക്കും. ഇവിടെ ഉത്പാദിപ്പിക്കുന്ന ജൈവവളം ജില്ലാ പഞ്ചായത്ത് വിലക്ക് വാങ്ങും. പൈലറ്റ് പദ്ധതി എന്ന നിലയിൽ ജില്ലയിലെ രണ്ട് ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് ഈ വർഷം പദ്ധതി നടപ്പാക്കുക.

## കവചം –ജലാശയങ്ങളിലേക്ക് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് കമ്പിവേലി

ബ്ലൂ ആർമിയുടെ പ്രവർത്തനങ്ങളിലൂടെ ശുചീകരിക്കപ്പെടുന്ന ജലാശയങ്ങളിലേക്ക് വീണ്ടും മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് ജലാശയങ്ങൾക്ക് കുറുകെയുള്ള പാലങ്ങളിലും ആളൊഴിഞ്ഞ ജലാശയ പ്രദേശങ്ങളിലും കമ്പിവേലികൾ സ്ഥാപിക്കും. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു നടത്തുന്ന ഈ ജില്ലാപദ്ധതിക്ക് **10 ലക്ഷം രൂപ** ജില്ലാ പഞ്ചായത്തു വിഹിതമായി നൽകും. നദീതീരങ്ങൾ വൃത്തിയാക്കി പ്രഭാത സായാഹ്ന സവാരിക്ക് ഉതകുന്ന വാക്ക് വേകൾ, ഓപ്പൺ ജിമ്മുകൾ മിനി പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് **30 ലക്ഷം രൂപ** നൽകുന്നു.

# വിദ്യാഭ്യാസ മേഖല

വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്നാണ് ശ്രീനാരായണഗുരു പഠിപ്പിച്ചത്. അജ്ഞത ഒരു പാപമാണ്. വിജ്ഞാനം ഇല്ലാത്തവർ അന്ധകാരത്തിൽ കഴിയുന്നു. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കേന്ദ്രബിന്ദു അജ്ഞത തന്നെയാണ്. വിദ്യാഭ്യാസമുള്ള ഒരു സമൂഹത്തിനു മാത്രമേ സാമൂഹ്യനിർമ്മിതി സാധ്യമാകൂ. എറണാകുളം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുന്തിയ പരിഗണനയാണ് ഈ ഭരണസമിതി നൽകിവരുന്നത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗശേഷിയും കായികക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നാം അതീവ ശ്രദ്ധയാണ് ചെലുത്തുന്നത്.

## ജ്യോതിർഗമയ – മെച്ചപ്പെട്ട വിദ്യാഭ്യാസ പരിപാടി

സർക്കാർ-എയ്ഡഡ് മേഖലയിൽ പത്താം ക്ലാസ് പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർഥികളും വിജയം കൈവരിക്കുന്നതിനായി കഴിഞ്ഞ വർഷം ജ്യോതിർഗമയ എന്ന പദ്ധതി നടപ്പാക്കിയിരുന്നു. വൈകുന്നേരങ്ങളിൽ കുട്ടികൾക്ക് പ്രയാസമേറിയ വിഷയങ്ങളിൽ അധികസമയ പരിശീലനം നൽകുന്ന പദ്ധതിയാണ് ജ്യോതിർഗമയ. പത്താം ക്ലാസ് പരീക്ഷയിൽ ഒരു കുട്ടിയും പരാജയപ്പെട്ടു കൂടാ എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കിയത്. ജ്യോതിർഗമയ പദ്ധതി ചില മാറ്റങ്ങളോടെ ഈ വർഷവും തുടരുന്നതിന് **25 ലക്ഷം രൂപ** മാറ്റിവെക്കുന്നു. എല്ലാ കുട്ടികളും ജയിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിലുപരി നോ ഡി പ്ലസ് എന്ന ലക്ഷ്യത്തോടെയാണ് ഈ വർഷം പദ്ധതി നടപ്പാക്കുന്നത്.

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും 6 **കോടി രൂപ** മാറ്റിവയ്ക്കുന്നു. സ്കൂൾ ലൈബ്രറികൾക്ക് **25 ലക്ഷം രൂപ** നൽകുന്നു. സ്കൂളുകളിൽ ശുചിത്വ പൂർണ്ണമായ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് **1 കോടി രൂപ** നീക്കി വക്കുന്നു.

സ്കൂൾ സയൻസ് മാത്സ് ലാബുകൾക്ക് **30 ലക്ഷം രൂപ** രൂപ മാറ്റിവക്കുന്നു. സ്കൂൾ ഇതരസ്ഥാപനങ്ങളുടെ സൌകര്യവർധനവിന് 40 **ലക്ഷം രൂപ** നൽകുന്നു. സ്കൂളുകളിലും സ്കൂളിതര സ്ഥാപനങ്ങളിലും ബെഞ്ചും ഡസ്കും ഉൾപ്പെടെ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് **50 ലക്ഷം രൂപ** നീക്കിവെക്കുന്നു.

സ്കൂളുകളെ പോലെ തന്നെ പ്രധാനപ്പെട്ടതാണ് നമ്മുടെ സ്കൂളിതര വിദ്യാഭ്യാസ സ്ഥാപനങ്ങളും. ഇവയിൽ പ്രധാനപ്പെട്ടവ തമ്മനം ഞാറക്കൽ എന്നിവിടങ്ങളിലുള്ള ഫാഷൻ ഡിസൈനിങ് ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. തീർത്തും ദരിദ്രമായ സാഹചര്യങ്ങളിൽ നിന്ന് വരുന്ന പെൺകുട്ടികളാണ് ഈ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നത്. സ്കൂൾ വിദ്യാഭ്യാസം നടത്തുന്നവരെ പോലെ തന്നെ നമ്മുടെ ശ്രദ്ധ ഈ പഠിതാക്കളും അർഹിക്കുന്നു. ഈ രണ്ട് സ്ഥാപനങ്ങളിലും ഭൌതിക സാഹചര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. ഫാഷൻ ഡിസൈനിങ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് **30 ലക്ഷം രൂപ** വകയിരുത്തുന്നു.

## പാഷൻ – ഫാഷൻ ഷോ

പഠിതാക്കൾക്ക് ഫാഷൻ ഡിസൈനിങ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി നൽകുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുന്നതാണ്. കോഴ്സിന്റെ ഭാഗമായി നടത്തേണ്ട ഫാഷൻ ഷോ സാമ്പത്തിക പരാധീനതമൂലം കൃത്യമായി നടക്കുന്നില്ല. ഇപ്പോൾ ഈ സ്ഥാപനത്തിൽ പഠിക്കുന്ന കുട്ടികളുടെയും മുൻ വർഷങ്ങളിൽ പഠനം പൂർത്തിയാക്കിയവരുടെയും ഒരു ഫാഷൻ ഷോ വിപുലമായ രീതിയിൽ അടുത്ത ഡിസംബർ മാസം ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ സംഘടിപ്പിക്കുന്നതിന് 5 ലക്ഷം രൂപ. ഫാഷൻ ഡിസൈനിങ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന കുട്ടികൾക്ക് അധിക നൈപുണ്യ പരിശീലനം നൽകി ജോലി ലഭ്യമാക്കുന്ന പദ്ധതിക്ക് **5 ലക്ഷം രൂപ** വകയിരുത്തുന്നു. തമ്മനം ഞാറക്കൽ ഫാഷൻ ഡിസൈനിങ് സ്കൂളുകളിൽ പഠനം

പൂർത്തിയാക്കുന്ന കുട്ടികൾക്ക് ഇതുമായി ബന്ധപ്പെട്ട സംരംഭങ്ങൾ തുടങ്ങുന്നതിന് **10 ലക്ഷം രൂപ** മാറ്റിവെക്കുന്നു.

## തുല്യത സാക്ഷരത പരിപാടി

പട്ടിണിയായ മനുഷ്യ നീ
ആ പുസ്തകം കയ്യിലെടുത്തോളൂ
പുത്തനൊരായുധമാണ് നിനക്കാ
പുസ്തകം കയ്യിലെടുത്തോളൂ

ഒരു കാലഘട്ടത്തിൽ നമ്മുടെ തെരുവോരങ്ങളിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യം ആണിത്. അക്ഷരം അഗ്നിയാണ് എന്നു പറയപ്പെടാറുണ്ട്. അറിവ് നമ്മെ അസ്വസ്ഥരാക്കുകയും നമ്മിൽ അഗ്നി പടർത്തുകയും ചെയ്യും. അറിവ് ഉണ്ടാകുമ്പോഴാണ് നാം ധരിച്ചു വെച്ചിരുന്നത് പലതും തെറ്റായിരുന്നു എന്ന് നമുക്ക് ബോധ്യമാകുന്നത്. അറിവ് നമ്മിൽ അവകാശ ബോധവും സ്വത്വബോധവും ജനിപ്പിക്കും. നിലവിലുള്ള വ്യവസ്ഥിതിയെ ചോദ്യം ചെയ്യുവാൻ നാം തയ്യാറാകും. മാറ്റവിൻ ചട്ടങ്ങളെ എന്ന് വിളിച്ചു പറയും. അറിവ് പകരുന്ന ശക്തി അടിമച്ചങ്ങല പൊട്ടിച്ചെറിയുവാൻ മനുഷ്യരെ പ്രാപ്തരാക്കും എന്ന് കണ്ടറിഞ്ഞതു കൊണ്ടാണ് നമ്മുടെ നാട്ടിൽ അറിവിന്റെ അവകാശം ചിലർ മാത്രം കയ്യാളി വെച്ചിരുന്നത്. അക്ഷരം നിഷിദ്ധമായിരുന്നു. അറിവുകൾ കേൾക്കുന്നവന്റെ ചെവിയിലേക്ക് ഈയം ഉരുക്കി ഒഴിക്കുന്ന നീചമായ ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. എക്കാലവും ഒരു ജനതയെ അടിമകളാക്കി വെക്കുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശം. ഇന്നും സ്ത്രീകൾ വിദ്യാഭ്യാസം ചെയ്യുന്നത് എതിർക്കുന്നവരുടെയും ഉദ്ദേശം മറ്റൊന്നല്ല. പണ്ട് അറിവ് നേടിത്തുടങ്ങിയതോടെ പല ദുരാചാരങ്ങളും നാം തിരിച്ചറിയുകയും മാനവികതയ്ക്കെതിരായ നിയമങ്ങളെ തിരുത്തുകയും ചെയ്തു. വിപ്ലവകരമായ ഈ മാറ്റത്തെയാണ് നാം ജ്ഞാനോദയം എന്നും നവോത്ഥാനം എന്നും പേരിട്ടു വിളിക്കുന്നത്. ഈ നവോത്ഥാനത്തെ നമ്മുടെ നാടിനെ ഇരുണ്ട കാലഘട്ടത്തിന്റെ ജാതി മത വ്യവസ്ഥകളിലേക്ക് തിരിച്ചുകൊണ്ടു പോകുവാനും നമ്മെ

ഭിന്നിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ നടക്കുന്നു. വിദ്യാഭ്യാസം സർവ്വത്രികമാക്കുകയാണ് ഇതിന് എതിരെയുള്ള പ്രതിരോധം. പല കാരണങ്ങളാൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ പോയ ആളുകളെ, അവർ ഏതു പ്രായത്തിലുള്ളവരാണെങ്കിലും പത്താം ക്ലാസ് ഹയർ സെക്കൻഡറി പരീക്ഷ വിജയിക്കുന്നതിന് പ്രപ്തമാക്കുന്ന തുല്യത പരിപാടിക്ക് **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**എസ് എസ് കെ ക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു.**

# ആരോഗ്യ മേഖല

ആരോഗ്യമേഖലയിൽ നമുക്ക് അലോപ്പതി ആയുർവേദ ഹോമിയോ ജില്ലാ ആശുപത്രികൾ ആണുള്ളത്. ഏറെ നാളത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻകഴിഞ്ഞിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ ചികിത്സയും മരുന്നും ഈ ആശുപത്രികൾ വഴി ലഭ്യമാകുന്നുണ്ട്. എങ്കിലും സേവനങ്ങളും പശ്ചാത്തല സൗകര്യവും ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. പശ്ചാത്തല സൌകര്യ വികസന പദ്ധതികൾക്ക് പുറമെ ജില്ലാ ആശുപത്രികൾക്ക് നൽകുന്ന വിവിധ പദ്ധതികൾ പട്ടികപ്പെടുത്തുന്നു.

| **ആശുപത്രി** | **ഇനം** | **തുക** |
|---|---|---|
| ജില്ലാ ആശുപത്രി ആലുവ | ദൈനംദിന ചെലവുകൾ | 1.25 കോടി |
| ജില്ലാ ആയുർവേദ ആശുപത്രി | മരുന്ന് വാങ്ങൽ | 1 കോടി |
| ജില്ലാ ആയുർവേദ ആശുപത്രി | ദൈനംദിന ചെലവുകൾ | 20 ലക്ഷം |
| ജില്ലാ ഹോമിയോ ആശുപത്രി | മരുന്ന് വാങ്ങൽ | 40 ലക്ഷം |
| ജില്ലാ ഹോമിയോ ആശുപത്രി | ദൈനംദിന ചെലവുകൾ | 25 ലക്ഷം |
| ജില്ലാ ആശുപത്രി ആലുവ | ഹീമോഫീലിയ-മരുന്ന് വാങ്ങൽ | 50 ലക്ഷം |
| ജില്ലാ ആശുപത്രി ആലുവ | ഡയാലിസിസ് സെൻറർ | 25ലക്ഷം |

**പാലിയേറ്റീവ് കെയർ പദ്ധതിക്ക് 50 ലക്ഷം രൂപ നൽകുന്നു.**

## നീതി ലാബ്

അലോപ്പതി, ആയുർവേദ, ഹോമിയോ ജില്ലാ ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിലും കുറഞ്ഞ നിരക്കിൽ വിവിധ പരിശോധനകൾ നടത്തുന്ന ആധുനിക സൗകര്യങ്ങൾ ഉള്ള നീതി ലാബുകൾ ജില്ലാ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുന്നു. ലാബുകളുടെ നടത്തിപ്പ ചുമതല വനിതകൾക്ക് ആയിരിക്കും. ജീവനക്കാരും വനിതകൾ ആയിരിക്കും .തനത് വരുമാനം കൂടി ലക്ഷ്യമിടുന്നു.

## കാരുണ്യ സ്പർശം

നാം മാതൃകാപരമായി നടപ്പാക്കി കൊണ്ടിരിക്കുന്ന പദ്ധതിയായ ഡയാലിസിസ് പദ്ധതി വഴി ജില്ലയിലെ 600 പരംവൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിത്സയ്ക്ക് പ്രതിവർഷം 48,000/- രൂപ വീതം നൽകി വരുന്നുണ്ട്. നമ്മുടെ മാതൃക സ്വീകരിച്ച് ഇപ്പോൾ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതി നടപ്പാക്കുന്നുണ്ട്. ഏറെ പേർക്ക് പ്രയോജനം ചെയ്യുന്ന ഈ പദ്ധതി തുടരുന്നതിന് ജില്ലാപഞ്ചായത്ത് വിഹിതമായി **90 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

## പുനർജനി -കരൾ മാറ്റ ശസ്ത്രക്രിയയ്ക്ക്ചികിത്സാ സഹായം സഹായം

വൃക്ക രോഗികളെപ്പോലെ തന്നെ പ്രയാസം അനുഭവിക്കുന്നവരാണ് കരൾരോഗികളും. ഞാൻ ഇവിടെ കരൾ രോഗം മൂലം അകാലത്തിൽ മരണമടഞ്ഞ നമ്മുടെ പ്രിയപ്പെട്ട താരം സുബി സുരേഷിനെ സ്മരിക്കുന്നു. ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയായ കരളിന് പെട്ടെന്ന് തന്നെ വളരുവാൻ സാധിക്കും എന്ന പ്രത്യേകതയും ഉണ്ട് ചില കരൾ രോഗങ്ങൾക്ക് കരൾ മാറ്റിവെക്കൽ അനിവാര്യമാകാറുണ്ട്. കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയും ചികിത്സയും ഏറെ ചെലവേറിയതും

ദീർഘകാല പരിചരണം ആവശ്യമുള്ളതുമാണ്. നല്ല സാമ്പത്തിക ശേഷിയുള്ളവർക്ക് പോലും ഇത് താങ്ങാവുന്നതല്ല. കരൾമാറ്റ ശസ്ത്രക്രിയ ചെയ്യുന്നവരെ കടക്കണിയിലേക്കും പട്ടിണിയിലേക്കും നിത്യദുരിതത്തിലേക്കും തള്ളി വിടാതെ സംരക്ഷിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ഈ കടമ നിർവഹിക്കുന്നതിനായി **പുനർജനി** എന്ന പേരിൽ **40 ലക്ഷം രൂപ**യുടെ പദ്ധതി സധൈര്യം ഏറ്റെടുക്കുന്നു.

## സ്പന്ദനം – അവയവ ദാന ബോധവത്ക്കരണം

അമ്പോട്ടു കൊടുത്താല് കൊടുത്തവനമൃത്

അമ്പോട്ടു വാങ്ങിയാല് വാങ്ങിയവനമൃത്

സർ, നമ്മുടെ ചെറിയ ജീവിതം ധന്യമാകുന്നത് നൽകുമ്പോഴാണ്. ദത്താ ഭയത്വം രമ്യത എന്നതാണ് നമ്മുടെ സൂക്തം Give take and compassion – നൽകുന്നതും സ്വീകരിക്കുന്നതും ഒരുപോലെ മഹത്തരമാണ്. നൽകുന്നതിന് നല്ല മനസ്സ് വേണം സ്വാർത്ഥതയെ ഹരിക്കണം. എല്ലാ മതങ്ങളും നൽകലിന്റെ ഈ സന്ദേശം നൽകുന്നതാണ്. സ്വീകരിക്കണമെങ്കിൽ എളിമ വേണം. അഹത്തെ ഹനിക്കണം. എളിമയുടെ ഈ പാഠമാണ് ബുദ്ധസന്ന്യാസിമാർ നൽകുന്നത്. അവരെ ഭിക്ഷുക്കൾ എന്നാണ് നാം വിളിക്കുന്നത്. ഭിക്ഷാപാത്രവുമായി നടക്കുന്നവർ. നൽകലിന്റെയും വാങ്ങലിന്റെയും ഈ ശാന്തി മന്ത്രം ഇന്ന് പലർക്കും അസ്വീകാര്യമാണ്. അവർക്ക് വെട്ടിപ്പിടിക്കലും അക്രമണോത്സുകതയുമാണ് ദേശീയത. അത് കൊണ്ട് ശാന്ത മുഖഭാവങ്ങളെ രൗദ്രതയിലേക്ക് പരിവർത്തിപ്പിക്കുന്നു. വെറുപ്പിന്റെ സന്ദേശങ്ങളെ ചെറുക്കാൻ ജീവിതം തന്നെ സന്ദേശമാക്കുകയാണ് വേണ്ടത്. കാലഘട്ടം ആവശ്യപ്പെടുന്ന ആ ദൗത്യവും ഈ ബജറ്റ് ഏറ്റെടുക്കുകയാണ്. അവയവ ദാനത്തിനുള്ള ഒരു massive campaign ഏറ്റെടുക്കുന്നു.

സർ, ഈ അടുത്ത് ഒരു വീട്ടിൽച്ചെന്നപ്പോൾ സ്വീകരണ മുറിയിൽ ഞങ്ങൾ ഞങ്ങളുടെ ശരീരം മരണശേഷം മെഡിക്കൽ കോളേജിൽ വിട്ടു കൊടുത്തിരിക്കുന്നു എന്ന ഒരു സാക്ഷ്യപത്രം ഫ്രയിം ചെയ്ത്

വച്ചിരിക്കുന്നത് കാണുകയുണ്ടായി. ആ വീട്ടിലെ ഭാര്യാ ഭർത്താക്കന്മാരുടെ ഫോട്ടോ അതിൽ പതിച്ചിരുന്നു. അത് കണ്ടപ്പോൾ ഞാൻ തീരെ ചെറുതായിപ്പോയതായി തോന്നി. അമരരാകുക എന്നത് ഏതൊരു മനുഷ്യന്റെയും ആഗ്രഹമാണ്. അതിന് അവയവ ദാനത്തോളം നല്ല മാർഗ്ഗമില്ല. നമ്മുടെ ഭൂരിഭാഗം അവയവങ്ങളും നമുക്ക് ദാനം ചെയ്യാൻ കഴിയും. ജീവിച്ചിരിക്കുമ്പോൾത്തന്നെ കരൾ പകുത്തു നൽകാം. വൃക്കകളിലൊന്നു നൽകാം. മരണശേഷം ഹൃദയവും കണ്ണും നൽകാം. അതിലൂടെ എത്ര പേർക്ക് ജീവൻ നൽകാൻ കഴിയും. അവരിലൂടെ നാം ജീവിക്കും. നാം അമരരാകും. അത് മാത്രമല്ല എറണാകുളത്തുള്ള ഒരു സനിതയുടെ ഹൃദയം സ്പന്ദിക്കുന്നത് അമേരിക്കയിലുള്ള ഏതെങ്കിലും ഒരു മൈക്കിളിന്റെ ഉള്ളിലാകാം. അതു വഴി നാം ഒറ്റയടിക്ക് റദ്ദു ചെയ്യുന്നത് വർഗ്ഗീയതയെയും കപട ദേശീയതയെയും ആണ്.

സന്നദ്ധ പ്രവർത്തകരും ആരോഗ്യ പ്രവർത്തകരും വഴി അവയവ ദാന സന്ദേശങ്ങളെഴുതിയ ലഘു ലേഖകളും പ്ലക്കാർഡുകളും എല്ലാ വീടുകളിലുമെത്തിക്കും. വിവിധ കേന്ദ്രങ്ങളിൽ സെമിനാറുകളും ബോധവത്ക്കരണ ക്ലാസുകളും സംഘടിപ്പിക്കും. പൊതു സ്ഥാപനങ്ങളിൽ അവയവ ദാന സന്ദേശം പ്രദർശിപ്പിക്കും. അവയവം ദാനം ചെയ്തവരുടെയും സ്വീകരിച്ചവരുടെയും സംഗമം സംഘടിപ്പിക്കും. അവയവം ദാനം ചെയ്യുന്നവരെയും കുടുംബാംഗങ്ങളെയും ആദരിക്കും. ആരോഗ്യ സ്ഥാപനങ്ങളിൽ ഇതിനായി Help Desk സ്ഥാപിക്കും. ഈ പദ്ധതി മുന്നോട്ടുവക്കുന്ന സന്ദേശമുൾക്കൊണ്ട് ഭരണസമിതി അംഗങ്ങളും ജില്ലാ പഞ്ചായത്ത് ജീവനക്കാരും അവയവദാനത്തിൽ ആദ്യം തന്നെ പങ്കാളികളായി മാതൃക കാട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## ആലുവ ജില്ല ആശുപത്രി യിൽ ഐ സി യൂണിറ്റ്

ആലുവ പട്ടണത്തിനകത്ത് കെഎസ്ആർടിസി സ്റ്റാൻഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ആലുവ ജില്ല ആശുപത്രി സുപ്രധാനമായ ഒരു ആരോഗ്യ കേന്ദ്രമാണ്. ഇവിടെ വിവിധ ചികിത്സാ സൗകര്യങ്ങൾ

ഉണ്ടെങ്കിലും ഇന്റൻസീവ് കെയർ യൂണിറ്റില്ലാത്തത് വലിയ പോരായ്മയാണ്. നാളുകളായുള്ള പൊതുജനങ്ങളുടെ ആവശ്യത്തെ പരിഗണിച്ച് പൂർണ്ണസജ്ജമായ ഇന്റൻസീവ് കെയർ യൂണിറ്റ് ആലുവ ജില്ലാ ആശുപത്രിയിൽ സ്ഥാപിക്കുന്നതിന് **40 ലക്ഷം രൂപ** വകയിരുത്തുന്നു. ഐ സി യൂണിറ്റ് പ്രവർത്തനസജ്ജമാകുന്ന മുറക്ക് ഇവിടേക്ക് ആവശ്യമായ ഡോക്ടർമാർ, നേഴ്സുമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കും.

ആലുവ ആശുപത്രിയിൽ ദിനംപ്രതി നൂറുകണക്കിന് രോഗികളാണ് ചികിത്സ തേടിയെത്തുന്നത്. ഒ പി കൗണ്ടർ, ഫാർമസി എന്നിവിടങ്ങളിലെ സൗകര്യക്കുറവ് മൂലം രോഗികൾക്ക് OPടിക്കറ്റ് എടുക്കുന്നതിനും മരുന്ന് ലഭിക്കുന്നതിനും കാലതാമസം നേരിടുന്നുണ്ട്. ഇത് വലിയ ക്യൂവിന് ഇടയാക്കുകയും രോഗികളും ആശുപത്രി ജീവനക്കാരും തമ്മിൽ ചെറിയ തോതിലുള്ള സംഘർഷങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നു. ഇത് ഒഴിവാക്കേണ്ടതുണ്ട്. രോഗം മൂലം ശാരീരിക വിഷമത അനുഭവിക്കുന്ന രോഗികളെ ദീർഘനേരം കാത്തുനിർത്തി ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കേണ്ടത് തന്നെയാണ് . ഒ പി കൗണ്ടർ സൗകര്യവും ഫാർമസി സൗകര്യവും വർദ്ധിപ്പിക്കുന്നതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു. ഒ പി യിലും ഫാർമസിയിലും അധിക കൗണ്ടർ പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കും.

## ദൃഷ്ടി – ആലുവ ജില്ലാ ആശുപത്രിയിൽ ഒഫ്താൽമോളജി വിഭാഗം ആധുനികവൽക്കരണം

ആലുവ ജില്ലാ ആശുപത്രിയിൽ ഒഫ്താൽമോളജി വിഭാഗം പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ കണ്ണ് പരിശോധനയ്ക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങൾ പഴയ രീതിയിലുള്ളവയാണ്. ഈ ഉപകരണങ്ങൾ മാറ്റി ഏറ്റവും അത്യന്താധുനികമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് **15 ലക്ഷം രൂപ** വകയിരുത്തുന്നു.

ഇതോടൊപ്പം അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് കണ്ണു പരിശോധനയും ആവശ്യമായവർക്ക് തിമിര ശസ്ത്രക്രിയയും കണ്ണടയും

സൗജന്യമായി നൽകുന്ന **ദൃഷ്ടി** എന്ന നൂതന പദ്ധതിക്ക് **10 ലക്ഷം രൂപ**യും അനുവദിക്കുന്നു.

## നന്മ – ഉപയോഗശേഷം മിച്ചം വരുന്ന മരുന്നുകൾ ശേഖരിച്ച് വിതരണം ചെയ്യൽ

സർ, മിക്ക വീടുകളിലും ഉപയോഗശേഷം മിച്ചം വരുന്ന മരുന്നുകൾ യാതൊരു പ്രയോജനവും ഇല്ലാതെ സൂക്ഷിച്ചു വെക്കുന്നുണ്ട്. ഈ മരുന്നുകൾ ശേഖരിച്ച് ദരിദ്രരായ ആളുകൾക്ക് ആവശ്യാനുസരണം സൗജന്യമായി വിതരണം ചെയ്യുന്ന ഒരു പദ്ധതിയും ഈ ബജറ്റ് മുന്നോട്ട് വയ്ക്കുകയാണ്. ആരോഗ്യപ്രവർത്തകർ അവരുടെ സാധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകൾ സന്ദർശിക്കുന്ന വേളയിൽ ഇത്തരം മരുന്നുകൾ ശേഖരിക്കുകയും അത് അതാത് പി എച്ച് സി കളിൽ പ്രത്യേകം ക്രമീകരിക്കുന്ന ബോക്സുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. പിഎച്ച്സികൾ അവ തരംതിരിച്ച് ജില്ലാ ആശുപത്രിക്ക് കൈമാറുന്നു. രണ്ടാഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ ജില്ലാ ആശുപത്രി സംഭരിക്കുന്ന ഈ മരുന്ന് ആവശ്യാനുസരണം ദരിദ്രർക്ക് സൗജന്യമായി നൽകുന്നു. ഈ പദ്ധതിക്കായി **10 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

## ഓപ്പൺ ജിം

പല ജീവിതശൈലി രോഗങ്ങളുടെയും കാർഷികവൃത്തിയിൽ നിന്നും വെള്ള കോളർ ജോലികളിലേക്കുള്ള ചുവടുമാറ്റം ശാരീരിക അധ്വാനമുള്ള പണികൾ കുറയ്ക്കുന്നു. അതിനാൽ ആരോഗ്യകരമായ ജീവിതത്തിന് വ്യായാമമുറകൾ അത്യന്താപേക്ഷിതമായിരിക്കുന്നു. എല്ലാവർക്കും വ്യായാമം സാധ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓപ്പൺ ജിം സ്ഥാപിക്കുന്ന പദ്ധതി ഏറ്റെടുക്കുന്നു. ഘട്ടം ഘട്ടമായി മുഴവൻ പ്രദേശങ്ങളിലും ആവശ്യമായ വ്യായാമ സൗകര്യത്തിനായുള്ള ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കും ഇതിനായി **2 കോടി രൂപ** വകയിരുത്തുന്നു.

# ഭിന്നശേഷി വിഭാഗം

## രാജഹംസം

എറണാകുളം ജില്ലയെ ഭിന്നശേഷി സൗഹൃദ ജില്ലയായി മാറ്റുന്നതിനുള്ള അക്ഷീണ പ്രയത്നത്തിലാണ് ഈ ഭരണസമിതി ഏർപ്പെട്ടിരിക്കുന്നത്. ഇതിനനുസൃതമായ ഒട്ടേറെ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. 2022-23ൽ 106 പേർക്കാണ് നാം രാജഹംസം പദ്ധതിയിൽ മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്യുന്നത്. ഈ പദ്ധതി തുടരുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## ശാക്തി - ഭിന്നശേഷി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനവും തൊഴിൽ നൽകലും

ഭിന്നശേഷി വിഭാഗത്തിന് ആവശ്യമായ ഇത്തരം ഉപകരണങ്ങൾ നൽകുന്നതോടൊപ്പം അവർക്ക് സ്ഥിര വരുമാനം നൽകുന്ന തൊഴിലുകളിൽ ഏർപ്പെടുന്നതിന് നാം സഹായം നൽകി വരുന്നുണ്ട് എന്നത് എടുത്തു പറയേണ്ടതുണ്ട്. എപ്പോഴും മറ്റുള്ളവരെ ആശ്രയിക്കാതെ സ്വന്തം നിലയിൽ ജീവിത മാർഗം കണ്ടെത്തുക എന്നത് ഏതൊരാളുടെയും ആഗ്രഹമാണ്. തങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പ്രത്യേകമായ കഴിവുകളെ ഉപയോഗിച്ച് ചെയ്യുവാൻ കഴിയുന്ന ജോലികളിൽ ഏർപ്പെടുന്നത് അവർക്ക് വരുമാനത്തോടൊപ്പം ഏറെ സംതൃപ്തിയും പ്രദാനം ചെയ്യും. അതിനാൽ അത്തരം തൊഴിലധിഷ്ഠിത പരിപാടികൾ ഈ വർഷവും കൂടുതൽ വിപുലമായ രീതിയിൽ ഏറ്റെടുക്കുന്നു. **ശാക്തി** എന്ന് നാം പേരിട്ടിരിക്കുന്ന ഭിന്നശേഷി വിഭാഗത്തിനുള്ള വിവിധ തൊഴിൽദാന പരിശീലന പരിപാടികൾക്കും തൊഴിൽ സംരംഭങ്ങൾക്കും ആയി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പിനായി **1.5 കോടി രൂപ** നീക്കിവെക്കുന്നു. ഇതോടൊപ്പം ഭിന്നശേഷി വിഭാഗത്തിനായി മറ്റു ചില പദ്ധതികളും പ്രഖ്യാപിക്കുന്നു. ചലനശേഷി പരിമിതപ്പെട്ട ഭിന്നശേഷി വിഭാഗക്കാർക്ക് വീട്ടിലെത്തി ഫിസിയോതെറാപ്പി നൽകുന്ന പദ്ധതിക്ക് **10 ലക്ഷം രൂപ** നൽകുന്നു.

## ഭിന്നശേഷി സൗഹൃദ ടോയ് ലറ്റ്

ഭിന്നശേഷി വിഭാഗക്കാർക്ക് അവരവരുടെ വീടുകളിൽ ആവശ്യമായ സൗകര്യമുണ്ടെങ്കിൽ മുറിയോട് ചേർന്ന് ഭിന്നശേഷി സൗഹൃദ ടോയ്ലെറ്റുകൾ സ്ഥാപിക്കുന്നതിനും ജില്ലാ പഞ്ചായത്ത് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ചുരുങ്ങിയത് ഒരു ഭിന്നശേഷി സൗഹൃദ ടോയ്ലറ്റ് സ്ഥാപിക്കുന്നതിനും **50 ലക്ഷം രൂപ** വകയിരുത്തുന്നു.

### സഹോ –ഭിന്നശേഷി വിഭാഗത്തിന് ഫെസിലിറ്റേഷൻ സെന്റർ

എറണാകുളം ജില്ലയെ ഭിന്നശേഷി സുഹൃദ ജില്ല എന്ന നിലയിലേക്ക് ഉയർത്തുന്നതിന് അവരുടെ സർവ്വദോന്മുഖമായ പുരോഗതി ഉറപ്പാക്കേണ്ടതുണ്ട്. സാധാരണ ജനങ്ങളെപ്പോലെ അവർക്ക് വിവിധ ആവശ്യങ്ങൾക്ക് വിവിധ ഓഫീസുകളെ സമീപിക്കുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിനാവശ്യമായി വരുന്ന സേവനങ്ങളെപ്പാം ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനും , മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഭിന്നശേഷി ക്ഷേമ പരിപാടികൾ സംബന്ധിച്ച അറിവ് പകർന്നു നൽകുന്നതിനുമായി ഒരു ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയുടെ പദ്ധതി ഏറ്റെടുക്കുന്നു

# വയോജന പദ്ധതികൾ

തോളത്തു കനം തൂങ്ങും
വണ്ടി തൻ തണ്ടും പേറി
കാളകൾ മന്ദം മന്ദ മിഴഞ്ഞു
നീങ്ങിടുമ്പോൾ
മറ്റൊരുവണ്ടി ക്കാള
മനുഷ്യാകാരം പൂണ്ടിട്ടറ്റത്തു
വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി
തോളുകൾ കുനിഞ്ഞിട്ടുണ്ടവനും
സ്വജീവിത നാളുകൾ
കണ്ഠത്തിലേറ്റിയ നുകം പേറി

## സാദരം – ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധർക്ക് സുരക്ഷാ ഉപകരണങ്ങൾ

വാർദ്ധക്യ ജീവിതം ഇന്ന് ഭയപ്പെടുത്തുന്ന ഒന്നായി മാറിയിട്ടുണ്ട്. പല വൃദ്ധരും ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കുന്നവരാണ്. പലവിധ അവശതകൾക്കിടയിൽ ഒറ്റപ്പെട്ട വീടുകളിൽ കഴിയേണ്ടി വരുന്ന വൃദ്ധജനങ്ങൾക്ക് പലതരത്തിലുള്ള അപകടങ്ങളും ഉണ്ടാകുന്നു. തങ്ങളുടെ ആയുസ്സും ആരോഗ്യവും പുതുതലമുറയ്ക്ക് വേണ്ടി വിനിയോഗിച്ച അവരെ വേണ്ടവിധം പരിചരിക്കേണ്ടത് നമ്മുടെ കടമയാണ്. വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധ ജനങ്ങൾക്ക് സഹായകമായ പദ്ധതി ഞാൻ മുന്നോട്ടുവയ്ക്കുന്നു. ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധരുടെ പ്രഷർ, ഹൃദയസ്പന്ദനം, ഓക്സിജൻ ലെവൽ, എന്നിവ 48 മണിക്കൂർ രേഖപ്പെടുത്തി വയ്ക്കുന്ന ഒരു ഉപകരണം ലഭ്യമാക്കും. ഇതു കൂടാതെ ഇവരുടെ ആരോഗ്യനിലയിൽ എന്തെങ്കിലും കാര്യമായ പ്രശ്നങ്ങൾ ഉണ്ടാവുകയോ വീഴ്ച മുതലായ

എന്തെങ്കിലും അപകടങ്ങൾ സംഭവിക്കുകയോ ചെയ്താൽ ഏറ്റവും അടുത്ത ബന്ധുവിനും ആശുപത്രിക്കും വാർഡ് മെമ്പർക്കും അലർട്ട് ലഭ്യമാകുന്ന സംവിധാനവും ഈ ഉപകരണത്തിൽ ഉണ്ടാകും. ഇങ്ങനെ ഒറ്റപ്പെട്ട് കഴിയുന്ന വൃദ്ധരുടെ സുരക്ഷാ ഉറപ്പാക്കുന്ന പദ്ധതിക്ക് **20 ലക്ഷം രൂപ** അനുവദിക്കുന്നു.

## വയോരക്ഷ

ആയുർവേദ ജില്ലാമെഡിക്കൽ ഓഫീസർ വഴി ജില്ലാ ആശുപത്രിയിലും ജില്ലയിലെ എല്ലാ ആയുർവ്വേദ ഡിസ്പൻസറികളിലും നടപ്പാക്കിവരുന്ന വൃദ്ധജനങ്ങൾക്കുള്ള മരുന്നുദാന പദ്ധതി ഏറെ പ്രയോജനകരമാണ്. രോഗം മൂലം വിഷമിക്കുന്ന വൃദ്ധജനങ്ങൾക്ക് ആശ്വാസകരമായ ഈ പദ്ധതി തുടരുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## സായന്തനം – വയോ പാർക്ക്

വൃദ്ധജനങ്ങൾക്ക് വിനോദത്തിനും ഉല്ലാസത്തിനുമായി ഉള്ള സൗകര്യങ്ങൾ പരിമിതമാണ്. കായലോരത്ത് പ്രകൃതി സൗന്ദര്യം ആസ്വദിച്ചു കൊണ്ട് ശുദ്ധമായ കാറ്റേറ്റ് വിശ്രമിക്കുവാൻ കഴിയുന്ന തരത്തിൽ **സായന്തനം** എന്ന പേരിൽ ഒരു വയോ പാർക്ക് തുടങ്ങുന്നതിനുള്ള പദ്ധതി പ്രഖ്യാപിക്കുന്നു. ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ വൃദ്ധജന സൗഹൃദമായി നിർമ്മിക്കുന്ന പാർക്കിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

## സീനിയർ സിറ്റിസൺസിന് സ്വയംതൊഴിൽ സംരംഭങ്ങൾ

"കുട്ടിയായിരുന്നപ്പോഴും ഞാൻ
യുവാവായിരുന്നപ്പോഴും ഞാൻ
ഇപ്പോഴിതാ വൃദ്ധനായിരിക്കുമ്പോഴും ഞാൻ
അതിനാലെന്നുമുള്ളത് ഞാൻ
എന്നും പതിനാറായ ഞാൻ
അതിനാലാർക്കുമെന്റെ പതിനാറടിയന്തരം കഴിച്ചു വിഷമിക്കേണ്ടതില്ല"

60 വയസ്സ കഴിഞ്ഞവരെ സീനിയർ സിറ്റിസൺസായാണ് നാം പരിഗണിക്കുന്നത്. എന്നാൽ 70 80 വയസ്സുള്ള പലരും നല്ല ആരോഗ്യത്തോടെ ഇരിക്കുന്നവരാണ്. പ്രത്യേകമായി ഒരു ജോലിയും ചെയ്യാനില്ലാത്തതു മൂലം ഇവർക്ക് വലിയ മടുപ്പ് അനുഭവപ്പെടുന്നു. മാത്രമല്ല വെറുതെ ഇരിക്കുന്നതുമൂലം പലവിധ രോഗങ്ങൾ ഉണ്ടാകുന്നതിന് ഇടയാവുകയും ചെയ്യുന്നു. 60 വയസ്സ കഴിഞ്ഞ ആളുകൾക്ക് നല്ല പ്രായോഗിക പരിജ്ഞാനവും, അനുഭവസമ്പത്തും ഉണ്ടാകും. ഇത് സമൂഹത്തിന് ഗുണകരമായി ഉപയോഗിക്കുവാൻ കഴിയണം. ആരോഗ്യമുള്ള 60 വയസ്സിനു മേൽ പ്രായമുള്ള ആളുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനു സാമ്പത്തിക സഹായം നൽകുന്ന നൂതനപദ്ധതിയും പ്രഖ്യാപിക്കുന്നു. ഇതിലേക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

# അതിഥി തൊഴിലാളികൾക്കുള്ള പദ്ധതി

## ഹമാര ഘർ

എറണാകുളം ജില്ലയിൽ ധാരാളം അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. സ്വന്തം നാട്ടും കുടുംബവും വിട്ട് അന്നന്നത്തെ ആഹാരം തേടുവാൻ നമ്മുടെ നാട്ടിലെത്തിയിരിക്കുന്ന ഈ തൊഴിലാളികളോട് അനുകമ്പാ പൂർണ്ണമായ സമീപനമാണ് നമുക്ക് ഉണ്ടാകേണ്ടത്. ഇന്ന് നമ്മുടെ എല്ലാ പണികൾക്കും ഈ അന്യസംസ്ഥാന തൊഴിലാളികളാണ് ആശ്രയം. അതിഥി ദേവോ ഭവ എന്ന നമ്മുടെ പാരമ്പര്യത്തെ മുൻനിർത്തി ഇവരുടെ ക്ഷേമം നാം ഉറപ്പാക്കേണ്ടതുണ്ട്. അതിഥി തൊഴിലാളികൾക്ക് ആവശ്യമായ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ഫെസിലിറ്റേഷൻ സെൻറർ പെരുമ്പാവൂർ കേന്ദ്രീകരിച്ച് **ഹമാര ഘർ** –പദ്ധതിക്ക് **10 ലക്ഷം രൂപ** നീക്കി വയ്ക്കുന്നു.

## അതിദാരിദ്ര്യ നിർമാർജന പദ്ധതി

## കൈത്താങ്ങ്

കേരള സർക്കാർ നടപ്പാക്കി വരുന്ന പ്രധാന പരിപാടിയാണ് അതിദാരിദ്ര്യ നിർമാർജനം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ദാരിദ്ര്യത്തിന്റെ തോത് വളരെ തുച്ഛമാണ്. എന്നാൽ സർക്കാർ നടത്തിയ സർവ്വേയിൽ ഏതാനും പേരെ അതി ദരിദ്രരായി കണ്ടെത്തിയിട്ടുണ്ട്. വിഷമിക്കുന്ന ഈ സഹോദരങ്ങളെ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ നിന്നും ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. അതിദാരിദ്ര്യ പട്ടികയിലുള്ളവർക്ക് ധനസഹായ പദ്ധതിക്കായി **10 ലക്ഷം രൂപ** മാറ്റിവെക്കുന്നു.

# കുട്ടികൾക്കുള്ള പദ്ധതികൾ

"ബാല്യമെൻ ജീവിത വാസരം തന്നിലെ
കാലം ഹരിതാഭമായ കാലം
നാലഞ്ചു കമ്പിനാൽ തീർത്ത കുടിലിൽ ഞാൻ നാകത്തെ നിത്യവും കണ്ടിരുന്നു പ്ലാവില കുമ്പിളിൽ പൂഴിച്ചോറന്നെല്ലാം പാലിലും പ്രീതിതം ആയിരുന്നു "

എല്ലാവരും ഗൃഹാതുരതയോടെ ഓർക്കുന്ന കാലഘട്ടമാണ് ബാല്യകാലം ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാലവും ബാല്യകാലം ആണ് കളിവീടുണ്ടാക്കിയും കണ്ണാരം കളിച്ചും യാതൊരു അല്ലലുമില്ലാതെ തുള്ളിച്ചാടി നടക്കുന്ന ബാല്യകാലത്തേക്ക് മടങ്ങുവാൻ ആരാണ്ആഗ്രഹിക്കാത്തത് ?എന്നാൽ ഇപ്പോൾ നമ്മുടെ കുട്ടികൾക്ക് അത്തരം ആസ്വാദ്യകരമായ ഒരു ബാല്യകാലം ഉണ്ടോ എന്നത് സംശയകരമാണ്.ബാല്യകാലത്തിൻറെ സവിശേഷമായ കളിചിരികൾ ഇന്ന് അന്യമായിരിക്കുന്നു .

## കുട്ടികൾക്ക് മുയലും കൂടും

കുട്ടികളിൽ പ്രകൃതി സ്നേഹവും കാർഷിക അഭിരുചിയും വളർത്തുന്നതിന് ഒരു പുതിയ പദ്ധതി മുന്നോട്ടുവയ്ക്കുന്നു. സ്കൂൾ പരിസ്ഥിതി ക്ലബ്ബ് വഴി കുട്ടികൾക്ക് മുയലും കൂടും നൽകുന്ന പദ്ധതിയാണിത്. ഒരു കുട്ടിക്ക് രണ്ടു മുയലും ഒരു കൂടും നൽകും. ഇതിലേക്ക് ആവശ്യമായ മുയലുകൾ ജില്ലാ പഞ്ചായത്തിന്റെ റാബിറ്റ് ബ്രീഡിങ് ഫാമിൽ നിന്നും ലഭ്യമാക്കും. കൂട് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിർമിച്ചു നൽകും. പൈലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന 10 സ്കൂളുകളിലെ നൂറു വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.

## കൂട് – സ്കൂൾ നേച്ചർ ക്ലബിന് പക്ഷിക്കൂട്

കുട്ടികളിൽ നിരീക്ഷണപാടവവും ശാസ്ത്രബോധവും വളർത്തുന്നതിനുള്ള മറ്റൊരു പദ്ധതിയും പ്രഖ്യാപിക്കുന്നു. പ്രത്യേകമായി രൂപകൽപ്പന ചെയ്ത പക്ഷിക്കൂടുകൾ സ്കൂൾ നേച്ചർ ക്ലബ് അംഗങ്ങൾക്ക്

നൽകുന്നു. ഇത്തരം കൂടുകൾ വിദ്യാലയ പരിസരത്തെയും കുട്ടികളുടെ വീട്ടു പറമ്പിലെയും കൊമ്പുകളിൽ സ്ഥാപിക്കുന്നു. ഏതാനും നാളുകൾക്കുള്ളിൽ പക്ഷികൾ ഈ കൂടുകളിൽ വാസം ഉറപ്പിക്കും. ഈ പക്ഷികളെ നിരീക്ഷിച്ച് കുട്ടികൾ റിപ്പോർട്ട് തയ്യാറാക്കും. ഇതിനായി ഓരോ കുട്ടിക്കും ഡയറി നൽകും. വർഷാവസാനം നിശ്ചയിക്കപ്പെട്ട തീയതിയിൽ കുട്ടികൾ തങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്യും. ഇവ സമാഹരിച്ച് ജില്ലാ പഞ്ചായത്ത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കും. ഈ രണ്ടു പദ്ധതികൾക്കുമായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## **നൂപുരം – കുട്ടികൾക്ക്കലാ പരിശീലനം**

ജില്ലാ പഞ്ചായത്ത് സ്കൂളുകളിൽ അധ്യയനം നടത്തുന്ന ഏഴ് മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ ഭിന്നാഭിരുചികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് **നൂപുരം** എന്ന പദ്ധതിക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു. കുട്ടികൾ താൽപര്യം പ്രകടിപ്പിക്കുന്ന കലകളിൽ – വജ്രജൂബിലി കലാകാരന്മാരുടെ സേവനം ഉപയോഗപ്പെടുത്തി കലാപരിശീലനം നടത്തുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. കലാപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകും. കലാപരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് കലാസംഗമവും നടത്തും.

## **ജല തരംഗം – കുട്ടികൾക്കുള്ള നീന്തൽ പരിശീലനം**

കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി നീന്തൽ കുളങ്ങൾ നിർമ്മിക്കുന്ന പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പാക്കുന്നതിനായി 135 **ലക്ഷം രൂപ** പ്രഖ്യാപിക്കുന്നു.

ദ്രോണം പദ്ധതി കൂടുതൽ മികവോടെ നടപ്പാക്കുന്നതിന് **20 ലക്ഷം രൂപ** വകയിരുത്തുന്നു.

# ഭിന്ന ലിംഗ വിഭാഗക്കാർക്കുള്ള പദ്ധതികൾ

## മാരിവില്ല്

സർ, ഈ വർഷം മലയാളത്തിൽ ഞാൻ മേരിക്കുട്ടി എന്ന ശ്രദ്ധേയമായ ഒരു ചിത്രം പുറത്തിറങ്ങുകയുണ്ടായി. അങ്ങ് അത് കണ്ടു കാണും എന്ന് ഞാൻ കരുതുന്നു. ആണിന്റെ ശരീരത്തോട് കൂടി ജനിക്കുകയും പെണ്ണിന്റെ മനസ്സോടെ ജീവിക്കുകയും ചെയ്യുന്ന ഒരു ട്രാൻസ്ജെൻഡറിന്റെ കഥയാണ് ആ സിനിമ പറയുന്നത്. ജയസൂര്യ അവതരിപ്പിച്ച മേരിക്കുട്ടി എന്ന കഥാപാത്രം എൻറെ മനസ്സിൽ നിന്നും ഇപ്പോഴും മായുന്നില്ല സർ. പക്ഷേ എത്ര മികവാർന്ന അഭിനയത്തിനും ഭിന്നലിംഗക്കാർ അനുഭവിക്കുന്ന മാനസിക സംഘർഷത്തിന്റെ പകുതി പോലും പകർന്നു നൽകാൻ ആവില്ല. അത്രയും ദുരിത പൂർണ്ണമാണ് അവരുടെ അവസ്ഥ. ചിത്രത്തിലെ മേരിക്കുട്ടി വീട്ടുകാരുടെയും നാട്ടുകാരുടെയും അവഗണനയ്ക്കും പരിഹാസത്തിനും ഇടയിലും വെല്ലുവിളികളെ സധൈര്യം നേരിട്ടുകൊണ്ട് തന്റെ ജന്മാഭിലാഷം ആയ പോലീസ് സബ് ഇൻസ്പെക്ടർ ആയിത്തീരുന്നുണ്ട്. ആ കഥാപാത്രത്തിന് അതിന് കഴിയുന്നത് അവരെ തിരിച്ചറിഞ്ഞ് സഹായിക്കുന്ന ഒരു കലക്ടറുടെയും ഒരു ക്രിസ്തീയ വൈദികന്റെയും പിൻബലത്തിലാണ്. എന്നാൽ നമ്മുടെ ചുറ്റിലുമുള്ള ഈ ഹതഭാഗ്യർക്ക് ആരാണ് സാർ പിന്തുണ നൽകുന്നത്. ആരാണ് സർ അവരെ കേൾക്കുവാൻ തയ്യാറാക്കുന്നത്. തങ്ങളുടേതല്ലാത്ത കുറ്റത്തിന് വീടുകളിൽ നിന്നും എല്ലാവിധ കൂട്ടായ്മകളിൽ നിന്നും അട്ടിപ്പായിക്കപ്പെടുന്ന അവരെ ഓർത്ത് എൻറെ കണ്ണുകൾ നിറയുകയാണ്. തീർച്ചയായും നാം അവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു. ഇതിനായി ചില തുടക്കങ്ങൾ നാം നടത്തിയിട്ടുണ്ട്. ഈ വിഭാഗത്തിന് വേണ്ടി പ്രത്യേകമായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന ക്ലിനിക് പൊന്നുരുന്നിയിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. അവിടെ ഭിന്നലിംഗ വിഭാഗക്കാരുടെ

പ്രാഥമികമായ ചികിത്സ ആവശ്യങ്ങൾ നിറവേറ്റപ്പെടും. ഈ ക്ലിനിക്കിന്റെ തുടർ പ്രവർത്തനങ്ങൾക്ക് **10 ലക്ഷം രൂപ** മാറ്റിവെക്കുന്നു.

ഈ വർഷം ട്രാൻസ്ജെൻഡേഴ്സിനായി നാം ഒരു ഗ്രാമസഭ സംഘടിപ്പിക്കുകയുണ്ടായി. ഭിന്നലിംഗക്കാർക്കായി രാജ്യത്ത് ആദ്യമായി നടത്തുന്ന ഗ്രാമസഭയായി അത് ചരിത്രത്തിൽ എഴുതപ്പെടും. ലോകത്ത് മറ്റൊരിടത്തും ഗ്രാമസഭാ സമ്പ്രദായം നിലവിലില്ലാത്തതിനാൽ ലോകത്ത് തന്നെ ഒരുപക്ഷേ ഇത്തരത്തിൽ ഒന്ന് ആദ്യമായിട്ടായിരിക്കാം. എന്നാൽ ഇത്തരം കാര്യങ്ങളിൽ അഭിരമിക്കുകയല്ല നാം ചെയ്യേണ്ടത്. ഫലപ്രദമായ പദ്ധതികൾ അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നാം നടപ്പിലാക്കിയേ തീരൂ.

ജില്ലയെ ട്രാൻസ്ജെൻഡർ സൗഹൃദ ജില്ലയാക്കി മാറ്റുക എന്നത് അവരുടെ പ്രാഥമികമായ ഒരു ആവശ്യമാണ്. ന്യായമായ ഈ ആവശ്യം നിറവേറ്റുന്നതിനും മറ്റു പൗരന്മാരെ പോലെ അവകാശവും അസ്തിത്വവും ഉള്ള ആളുകളായി അവരെ അംഗീകരിക്കുന്നതിനും ജില്ലാ ഭരണകൂടത്തിന്റെയും ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ എല്ലാ പൊതു സ്ഥാപനങ്ങളിലും ട്രാൻസ്ജെൻഡർ സൗഹൃദ സൗകര്യങ്ങൾ ഒരുക്കും.

ഭിന്നലിംഗ വിഭാഗക്കാർക്ക് അനുയോജ്യവും അവരുടെ അഭിരുചിക്ക് ചേരുന്നതുമായ തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് ഇവർക്കായി പ്രത്യേക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും. പരിശീലനം വിജയകരമായി പൂർത്തിയാക്കി സംരംഭം തുടങ്ങുവാൻ മുന്നോട്ടു വരുന്നവർക്ക് മുഴുവൻ പിന്തുണ സംവിധാനങ്ങളും ഉറപ്പുവരുത്തും. ഈ പദ്ധതിക്കായി **10 ലക്ഷം രൂപ** നീക്കി വെയ്ക്കുന്നു. ഭിന്നലിംഗ വിഭാഗക്കാർക്ക് സാധാരണ മനുഷ്യർക്കൊപ്പം ഉള്ള അംഗീകാരവും സ്വീകാര്യതയും ലഭിക്കണമെങ്കിൽ അവർ സമൂഹവുമായി കൂടുതൽ ബന്ധപ്പെടുന്നതിനുള്ള അവസരങ്ങൾ ഉണ്ടാവുകയും സമൂഹം ഉന്നതമെന്ന് കരുതുന്ന തൊഴിൽ മേഖലകളിൽ അവർ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യണം. ഈ ലക്ഷ്യം മുൻനിർത്തി ഭിന്നലിംഗ

വിഭാഗത്തിനായി സ്പെഷ്യൽ പി. എസ്.സി കോച്ചിംഗ് നടത്തുന്ന പദ്ധതിക്ക് **5 ലക്ഷം രൂപ** വകയിരുത്തുന്നു.

ഭിന്നലിംഗ വിഭാഗക്കാരുടെ ഏറ്റവും വലിയ ആഗ്രഹം അവർക്ക് അവർ ആഗ്രഹിക്കുന്ന ലിംഗ വിഭാഗത്തിലേക്ക് മാറുവാൻ കഴിയുക എന്നുള്ളതാണ്. ഇതിന് ലിംഗമാറ്റ ശസ്ത്രക്രിയ ആവശ്യമാണ്. ദീർഘമായ ഹോർമോൺ ചികിത്സ ആവശ്യമുള്ള ഈ ശസ്ത്രക്രിയ വലിയ ചെലവുള്ളതും ആണ്. പലപ്പോഴും ഇവരുടെ അവസ്ഥയെ ആതുരാലയങ്ങൾ ചൂഷണം ചെയ്യുന്നുണ്ട്. സ്വകാര്യ ആശുപത്രികളുടെ ഈ ചൂഷണം തടയുന്നതിന് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഇത്തരം സേവനം ലഭ്യമാക്കുന്നതിന് ശ്രമിക്കും.

# പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം

കേരളത്തിന്റെ മധ്യകാല ചരിത്രത്തിലൂടെ സഞ്ചരിക്കുമ്പോൾ ഇരുളടഞ്ഞതും മനുഷ്യത്വരഹിതവുമായ കാഴ്ചകളാണ് നമ്മുടെ മുമ്പിൽ തെളിയുന്നത്.

മലയാളത്തിന്റെ പ്രിയ കവി ശ്രീ. ഇടശ്ശേരി ഗോവിന്ദൻ നായരുടെ *പുത്തൻകലവും അരിവാളും* എന്ന കവിത കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യ അവസ്ഥയെ വരച്ചുകാട്ടുന്നു. കോമൻ എന്ന കൃഷിപ്പണിക്കാരൻ വിതച്ച് കള പറിച്ച് വെള്ളം തേവി വളമിട്ട് വളർത്തുന്ന പൊന്നാര്യൻ നെല്ല് പാകമാകുമ്പോൾ അവന്റെ മനസ്സിൽ ഒരായിരം സ്വപ്നങ്ങളും കതിരിടുന്നു.

"കോരിത്തരിച്ചൊരു മാറോടെ ചെന്നു
കോമൻ പുണർന്നു കുടുംബത്തെ
അയാളുടെ മനോഗണം ഇപ്രകാരമാണ്
പൂത്തു കൊണ്ടൊരു പൊന്നോണത്തിന്
പുത്തനുടുപ്പൻ കുറിഞ്ഞിക്ക്
മൂത്ത മകൾക്ക് കനം വയ്ക്കുന്നൊരു
മുഖമൊന്നു നോക്കി പെറ്റമ്മ
പൂത്താലിക്കു കൊടുക്കാനിപ്പകിൽ
പൊന്നു വിളഞ്ഞാലെന്നച്ഛൻ
മൂന്നോളം മാസത്തെ ഫീസ് ഉണ്ടെന്നൊരു
മൂളലുമുയരുന്നു കൂട്ടത്തിൽ"

എന്നാൽ ഈ സ്വപ്നമെല്ലാം തകർത്തുകൊണ്ട് ജന്മി പൊന്നു വിളഞ്ഞു കിടക്കുന്ന ആ പാടം മുഴുവൻ കൊയ്തെടുക്കുന്നു. അതിന് അയാൾക്ക് ഭരണകൂടത്തിന്റെ പിന്തുണയും ഉണ്ട്. കോമൻ ഈ അനീതിയെ ചോദ്യം ചെയ്യുന്നുണ്ടെങ്കിലും യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. കോമന്റെ

ഭാര്യ ഇതിനെ എതിർക്കുമ്പോൾ അയാളെ ചവിട്ടിത്താഴെയിടുന്നു.

"അധികാരം കൊയ്യണമാദ്യം നാം

അതിനുമേൽ ആകട്ടെ പൊന്നാര്യൻ"

എന്ന വരിയിലാണ് കവിത അവസാനിക്കുന്നത്

മനുഷ്യരായി പിറന്നിട്ടും മനുഷ്യരുടെ ഒരു അവകാശവും സ്വാതന്ത്ര്യവും അനുഭവിക്കുവാൻ അനുവദിക്കപ്പെടാതിരുന്ന ദുരിതപൂർണ്ണമായ കുറെ ജീവിതങ്ങളെ നാം അവിടെ കണ്ടുമുട്ടുന്നു. പശുക്കളെയും കാളകളെയും സർപ്പങ്ങളെയും പൂജിക്കുകയും ഉന്നതമായി കാണുകയും ചെയ്തിരുന്നവർ ചിലയാളുകളെ പ്രത്യേക വിഭാഗത്തിൽ ജനിച്ചു പോയി എന്നതുകൊണ്ട് മാത്രം പുഴു സമാനമായി കണ്ടിരുന്ന ക്രൂരമായ ഒരു കാലഘട്ടമായിരുന്നു അത്. ജാത്യാചാരങ്ങൾ അരങ്ങു വാണ ആ കാലഘട്ടത്തിൽ നീച ജന്മങ്ങൾ എന്ന് കരുതപ്പെട്ട പുലയരും പറയരും ആദിവാസികളും ഉൾപ്പെടെയുള്ള വിഭാഗക്കാർക്ക് എലികളെ പോലെ പകൽ സമയം മാളങ്ങളിൽ ഒളിക്കേണ്ടിവന്നു.

സർ, മനു നിഷ്കർഷിച്ച ചാതുർവർണ്യത്തിൽ ഏറ്റവും അടിത്തട്ടിൽ ശൂദ്രർ വരയേ ഉള്ളൂ. അതിനപ്പുറമുള്ളവർ മനുഷ്യരായി ഗണിക്കപ്പെട്ടിരുന്നില്ല. തങ്ങൾക്ക് അന്നവും ലാഭവും ഉണ്ടാക്കുന്നതിനുള്ള അധ്വാനം കൂലി നൽകാതെ ലഭിക്കുവാൻ മേലാളന്മാർ അവരെ അടിമകളാക്കി വെച്ചു. അവർക്ക് വിദ്യാഭ്യാസം നിഷേധിച്ചു. ഭൂമിക്കും വസ്തുക്കൾക്കും ഒപ്പം ഈ അടിമകളെയും ക്രയവിക്രയം ചെയ്തു. ഇതിനെയാണ് ചിലർ ഇന്ന് മഹത്തായ സംസ്കാര പാരമ്പര്യം എന്നെല്ലാം ഘോഷിക്കുന്നത്.

നൃശംസതയുടെ ഈ തലപ്പാവും പേറി നടക്കുന്ന കുറച്ച് ആളുകൾ ഇന്നും നമ്മുടെ സമൂഹത്തിൽ അവശേഷിക്കുന്നുണ്ട്. ഇവിടെയാണ് സർ വില്ലുവണ്ടിയും പഞ്ചമിയും പ്രതീകങ്ങൾ ആകുന്നത്. സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട വഴികളിലൂടെ മഹാത്മ അയ്യങ്കാളി രാജാവിന്റെ വേഷഭൂഷകളോടെ വില്ലു വണ്ടിയിൽ നെഞ്ചുവിരിച്ച്

സഞ്ചരിച്ച പുലയർക്ക് വിദ്യാഭ്യാസം നൽകുന്നതിനായി സ്കൂൾ സ്ഥാപിക്കുകയും അവിടേക്ക് പഞ്ചമി എന്ന ബാലികയെ വിദ്യാഭ്യാസത്തിനായി കൊണ്ടുവരികയും ചെയ്തു. സവർണർ ആ സ്കൂളിന് തന്നെ തീയിട്ടു കളഞ്ഞു. നൂറ്റാണ്ടുകളുടെ അടിമത്വം ഈ സമുദായങ്ങളുടെ കാര്യശേഷിയെ ചോർത്തിക്കളഞ്ഞിട്ടുണ്ട്. അവരോട് അവരോട് നാം ചെയ്തുകൂട്ടിയ തിന്മകൾക്ക് പ്രായശ്ചിത്തം ചെയ്യേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ പിടിച്ചുയർത്തുവാനുള്ള കടമ നമുക്കുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നു.

## കിരണം മികവ് പദ്ധതികൾ

2022-23 വർഷം പട്ടികജാതി വിഭാഗത്തിനായി നടപ്പാക്കിയ **കിരണം** പദ്ധതിയിലൂടെ ധാരാളം യുവതി യുവാക്കൾക്ക് അപ്രന്റീസ് ട്രെയിനിങ് ലഭിച്ചു. **മികവ്** പദ്ധതിയിലൂടെ നൈപുണ്യ വികസനം നേടിയ നിരവധി പേർക്ക് തൊഴിൽ നേടാനായി. ഈ രണ്ടു പദ്ധതികളും ഈ വർഷവും തുടരുന്നതിന് 2 കോടി രൂപ നീക്കിവെക്കുന്നു.

## പഞ്ചമി - സിവിൽ സർവീസ് കോച്ചിങ്ങ്

പട്ടികജാതി പട്ടിക വിഭാഗക്കാർ ഭരണതലത്തിലെ ഉന്നതങ്ങളിൽ എത്തിയാൽ മാത്രമേ ഇന്നുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുവാൻ കഴിയുകയുള്ളൂ. ഈ ലക്ഷ്യം മുൻനിർത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് സിവിൽ സർവീസ്, പി എസ് സി, ഐ ഇ എൽ ടി എസ്, ഒ ഇ ടി കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾക്കുള്ള കോച്ചിങ്ങിന് **30 ലക്ഷം രൂപ**യുടെ പദ്ധതി ഏറ്റെടുക്കുന്നു.

പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിന് **5 കോടി രൂപ** നീക്കിവെക്കുന്നു.

പട്ടികജാതി കോളനികളിൽ സൗരോർജ്ജ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് **2 കോടി രൂപ** നൽകുന്നു.

പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്ക് കായിക പരിശീലനം നൽകുന്നതിന് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

പട്ടികജാതി വിദ്യാർത്ഥികളുടെ ബിരുദ ബിരുദാനന്തര പഠനത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും കോച്ചിങ്ങിനും സ്കോളർഷിപ്പ് നൽകുന്നതിന് **2 കോടി രൂപ** നീക്കിവെക്കുന്നു.

പട്ടികജാതി വിഭാഗങ്ങളുടെ ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

## ഉണ്ണിക്കൊരു മുത്തം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്കും പോഷണ ദാരിദ്ര്യം പരിഹരിക്കുന്നതിനും ശിശുമരണങ്ങൾ സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുമായി നാം 2022-23 തുടങ്ങിവെച്ച **ഉണ്ണിക്കൊരു മുത്തം** പദ്ധതി കൂടുതൽ കോളനികളിലേക്ക് വ്യാപിപ്പിക്കുന്നതിന് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലെ 50 വയസ്സിൽ താഴെ പ്രായമുള്ള എല്ലാവരെയും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവരാക്കി തീർക്കുവാൻ സാക്ഷരതാ മിഷനുമായി ചേർന്ന് തീവ്ര യജ്ഞ പരിപാടി സംഘടിപ്പിക്കും.

## കവർ & കെയർ പദ്ധതി

പട്ടികജാതി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകളും പരിശോധനകളും നടത്തി ആവശ്യമുള്ളവർക്ക് വിദഗ്ധ ചികിത്സ സ്വകാര്യ ആശുപത്രികളുടെ സഹകരണത്തോടെ ഉറപ്പാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കും. പരിശോധനകളിൽ ഏതെങ്കിലും ആളുകൾക്ക്

പോഷകക്കുറവ് കണ്ടെത്തുന്ന പക്ഷം അത്തരക്കാർക്ക് പോഷകാഹാരം ഉറപ്പാക്കും. പട്ടിണി ഇല്ലാത്ത ഊര് എന്ന ലക്ഷ്യം സാധ്യമാക്കും.

പട്ടികവർഗ്ഗ ഊരുകളിലെ മദ്യപാനശീലം മാറ്റുന്നതിന് കർമ്മപദ്ധതി തയ്യാറാക്കും. ഇതിനായി പ്രത്യേക ബോധവൽക്കരണ ക്ലാസുകളും ലഹരി മോചന ചികിത്സയും സംഘടിപ്പിക്കും. പട്ടികവർഗ്ഗ ഊരുകളിലെ വനിതകളുടെ ശക്തികരണത്തിനും സാമ്പത്തിക അഭിവൃത്തിയുമായി പദ്ധതികൾ നടപ്പാക്കും. 2022-23 ആരംഭിച്ച കവർ & കെയർ പദ്ധതി വിപുലീകരിക്കുന്നതിന് **10 ലക്ഷം രൂപ** നീക്കി വെക്കുന്നു.

# കലയും സംസ്കാരവും

## ചരിത്രപഥം – ചരിത്ര മ്യൂസിയവും ഡോക്യുമെന്ററിയും

ഒരു സമൂഹത്തിന്റെ ഉന്നതിയുടെ അളവുകോൽ അതിന്റെ കലയും സംസ്കാരവും ആണ്. രണ്ടും പരിപോഷിപ്പിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വവുമാണ്. സംസ്കാര രഹിതമായ ഒരു സമൂഹം സാമ്പത്തികമായി എത്ര ഉയർച്ച കൈവരിക്കുന്നതും പ്രയോജന രഹിതമാണ്. ചരിത്രത്തെ വളച്ചൊടിക്കുകയും പുനർ നിർമ്മിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ചരിത്രത്തിന് ഒരു സംഭാവനയും ചെയ്യാത്ത ശരിയായി പറഞ്ഞാൽ ചരിത്രത്തിന്റെ ചവറ്റു കുട്ടകളിലേക്ക് വലിച്ചെറിയപ്പെടേണ്ട പലരും ഇന്ന് മഹത്വവൽക്കരിക്കപ്പെടുകയും മഹാത്മാ ഗാന്ധിക്കൊപ്പം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്ന വിചിത്രമായ കാഴ്ചയാണ് നാം കാണുന്നത്.

സർ, ഓർമ്മകൾ ഉണ്ടായിരിക്കണം. ഏതൊരു സമൂഹവും സാംസ്കാരികമായി ഉയർന്നു വന്നിട്ടുള്ളത് ഏതാനും മഹത്തുക്കളുടെ അശ്രാന്തമായ പരിശ്രമഫലം ആയിട്ടാണ് ചരിത്ര വഴിയിൽ സ്വർണ്ണലിപികളാൽ കുറിച്ചുവെക്കപ്പെട്ടിരിക്കുന്ന അത്തരം സംഭവങ്ങളെ നമസ്കരിക്കുവാനും അവയ്ക്ക് പുതിയ വ്യാഖ്യാനം നൽകി പുതിയ അവകാശികളെ കണ്ടെത്തുവാനുമുള്ള ശ്രമങ്ങൾ നടന്നു വരുന്നു. അപകടകരമായ ഈ പ്രവണതയെ ചെറുക്കണമെങ്കിൽ ശരിയായ ചരിത്രം നമ്മുടെ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കണം. ചരിത്രത്തെ മിത്തുകളിൽ നിന്നും കെട്ടുകഥകളിൽ നിന്നും ഊഹാപോഹങ്ങളിൽ നിന്നും മോചിപ്പിക്കുക എന്നത് ശരിയായ ചരിത്രം മനസ്സിലാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഞാൻ മുൻപേ സൂചിപ്പിച്ച ഇരുളടഞ്ഞ ഒരു കാലഘട്ടത്തിൽ നിന്നും മലയാളിയെ മോചിപ്പിച്ച നവോത്ഥാന സരിണിയെ നാം ഓർത്തെടുക്കേണ്ടതുണ്ട്. ഈ നവോത്ഥാന പരിപാടികളുടെ പ്രധാനപ്പെട്ട ഒരു ഏടായിരുന്നു പന്തിഭോജനം.

സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടന്ന ആ ചരിത്രസംഭവം നമ്മുടെ ജില്ലയിലെ ചെറായിയിലാണ് അരങ്ങേറിയത്. ഇത്തരം മഹത്തായ കുറെ ചരിത്രം എറണാകുളത്തിനും കൊച്ചിക്കും പറയുവാനുണ്ട്. ചരിത്ര സംഭവങ്ങളെ പുതുതലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിനായി കാത്തു സൂക്ഷിക്കുവാൻ ഒരു നൂതന പദ്ധതി പ്രഖ്യാപിക്കുന്നു. ഇത്തരം ചരിത്ര സംഭവങ്ങളുടെ ടെലിഫിലിം തയ്യാറാക്കുകയാണ് പദ്ധതിയിൽ ഒരു പ്രവർത്തനം. എറണാകുളം മഹാരാജാസ് കോളേജിലെ ചരിത്ര വിഭാഗത്തിന്റെയും ആർ എൽ വി സ്കൂൾ ഓഫ് ആർട്സിന്റെയും സഹകരണത്തോടെ ചരിത്ര സംഭവങ്ങളെ ആവിഷ്കരിക്കുന്ന ചിത്രങ്ങളും ഇൻസ്റ്റലേഷനും അവയോട് ബന്ധപ്പെട്ട രചനകളും മറ്റു വസ്തുക്കളും പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയവും പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കും. ഈ പദ്ധതിക്ക് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## കലാക്ഷേത്ര – നാടൻ കലാ പരിശീലനം

സംസ്കാരത്തിന്റെ ഭാഗമാണ് കലകളും സംഗീതവും. നമ്മുടെ നാട്ടിൽ പണ്ട് നിലനിന്നിരുന്ന പല കലകളും പ്രത്യേകിച്ച് അനുഷ്ഠാനകലകൾ ഗോത്ര കലകൾ എന്നിവ അന്യം നിന്നു പോകുന്ന അവസ്ഥയുണ്ട്. ഈ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി ഏറ്റെടുക്കുന്നു. അന്യം നിന്നു പോകുന്ന കലകളുടെയും നാടൻ കലകളുടെയും പരിശീലനത്തിനും കലാസംഘരൂപീകരണത്തിനുമായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## ജ്ഞാനോദയം – ഗ്രന്ഥ ശാലകളുടെ ആധുനികവൽക്കരണം

ലൈബ്രറികളും വായനശാലകളും ജ്ഞാനോദയത്തിൽ എക്കാലവും വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ നടന്ന കരുത്തുറ്റ ചർച്ചകളാണ് നമ്മെ പുരോഗമന കാഴ്ചപ്പാടിലേക്ക് നയിച്ചത്. Reading maketh a full man എന്ന് Francis Bacon പറയുന്നു studies Serve for Knowledge. delight and ability എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. വായന നമ്മെ സംസ്കൃതചിത്തരും വിശാല കാഴ്ചപ്പാടുള്ളവരും ആക്കും.

തിരക്കുപിടിച്ച ജീവിതം വായനശാലകളെയും ലൈബ്രറികളെയും ഏറെക്കുറെ നിർജീവമാക്കിയിട്ടുണ്ട്. വിരൽതുമ്പിലെ വിജ്ഞാനമാണ് ഇന്ന് നമുക്ക് പ്രിയങ്കരം. തീർച്ചയായും സാങ്കേതിക പുരോഗതി നാം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പക്ഷേ വാട്സ്ആപ്പ് യൂണിവേഴ്സിറ്റികൾ പറഞ്ഞു തരുന്ന അറിവുകളിൽ ചുറ്റിപ്പറ്റുന്നത് നമ്മെ വിഡ്ഢികളാക്കും. അറിവില്ലാത്ത മനുഷ്യരെ വേഗം വഴിതെറ്റിക്കുവാൻ കഴിയും. അന്ധവിശ്വാസ നിബദ്ധമായ പലതും ഇന്ന് ശാസ്ത്രത്തിന്റെ നിറം പകർന്ന് സമൂഹത്തിൽ പ്രചരിക്കുന്നതിന് കാരണം ശരിയായ വായനയുടെ അഭാവമാണ്. വില്യം ഷേക്സ്പിയറുടെ ജൂലിയസ് സീസർ എന്ന നാടകത്തിൽ ശരിയായ വിജ്ഞാനം ലഭിക്കാത്ത മനുഷ്യരെ എങ്ങനെ എളുപ്പം ഒരു വശത്തേക്ക് മാറ്റാം എന്നത് സ്പഷ്ടമാക്കുന്നുണ്ട്. കൊലപാതക ശേഷം ബ്രൂട്ടസ് നടത്തുന്ന പ്രഭാഷണത്തിൽ താൻ ഒരു ജനാധിപത്യ വാദി ആയതുകൊണ്ടാണ് ഏകാധിപതിയായ സീസറെ വധിച്ചതെന്നും റോമിന്റെ നന്മയ്ക്കായാണ് താൻ അപ്രകാരം പ്രവർത്തിച്ചത് എന്നും പറയുമ്പോൾ ജനം ബ്രൂട്ടസിന് ജയ് വിളിക്കുന്നു. അതിനുശേഷം രംഗപ്രവേശം ചെയ്യുന്ന മാർക്ക് ആൻറണി ജൂലിയ സീസറിന്റെ മഹത്വത്തെ ജനങ്ങളുടെ മുമ്പിൽ പ്രഘോഷിക്കുന്നു. അതോടെ ജനം ബ്രൂട്ടസിനെതിരെ തിരിയുന്നു. സാമാന്യ ജനത്തിന്റെ സ്ഥിതി ഇതാണ്. അതുകൊണ്ട് പ്രത്യേകിച്ചും ഈ സത്യാനന്തര കാലഘട്ടത്തിൽ നാം ശരിയായ അറിവ് സമ്പാദിക്കേണ്ടിയിരിക്കുന്നു. അതിനുള്ള മാർഗ്ഗം ലൈബ്രറികളെയും വായനശാലകളെയും ശക്തിപ്പെടുത്തുക എന്നതാണ്. ഏറിയ തിരക്കുകൾക്കിടയിൽ പുസ്തകം മുഴുവനായി വായിച്ചു തീർക്കുവാൻ ഒരുപക്ഷേ പുതുതലമുറ തയ്യാറായി എന്ന് വരികയില്ല. കാലഘട്ടത്തിനനുസരിച്ച് നമ്മുടെ ഗ്രന്ഥശാലകളും മാറേണ്ടിയിരിക്കുന്നു. ഈ വായന ടോക്കിങ് ബുക്ക് തുടങ്ങിയ സങ്കേതങ്ങളെ നമുക്ക് ഉപയോഗപ്പെടുത്തുവാൻ ആവും. ഗ്രന്ഥശാലകൾ ഡിജിറ്റലൈസ് ചെയ്യണം. ഗ്രന്ഥശാലകളുടെ ആധുനികവൽക്കരണത്തിനും ഡിജിറ്റയിസേഷനുമായി **25 ലക്ഷം രൂപ** നീക്കി വെക്കുന്നു.

## തുമ്പപ്പൂ – ജില്ലാ പഞ്ചായത്ത് ഓണാഘോഷ പരിപാടികൾ

ജില്ലാ പഞ്ചായത്തിന്റെ ഓഫീസ് മഹാബലി ചക്രവർത്തിയുടെ രാജധാനി എന്നാണ് അറിയപ്പെടുന്നത്. മഹാബലിയുടെ നാട് തൃക്കാക്കരയും പരിസര പ്രദേശവും ആയിരുന്നു എന്ന് ഐതീഹ്യം പറയുന്നു. അദ്ദേഹത്തിന്റെ കൊട്ടാരം സ്ഥിതി ചെയ്തിരുന്നത് ഇപ്പോൾ ജില്ലാ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആണ് എന്നാണ് കരുതപ്പെടുന്നത്. തൃപ്പൂണിത്തുറയിലെ അത്താ ഘോഷത്തോടെയാണ് സംസ്ഥാനത്തെ ദേശീയ ഉൽസവമായ ഓണാഘോഷത്തിന് തുടക്കം കുറിക്കുന്നത്. മഹാബലി ചക്രവർത്തിയുടെ രാജധാനി എന്ന നിലയിൽ ജില്ലാ പഞ്ചായത്ത് ഓണം വിപുലമായി ആഘോഷിക്കുന്നതിന് ഈ വർഷം തുടക്കമിടും. അത്തച്ചമയ ഘോഷ യാത്രയ്ക്ക് ശേഷം ഓണാഘോഷങ്ങൾക്ക് ജില്ലാ പഞ്ചായത്ത് അങ്കണത്തിൽ തിരി തെളിക്കും. തുടർന്ന് 82 പഞ്ചായത്തുകളിലും ഓണ വിളംബരം നടത്തും. പത്തു ദിവസം നീണ്ടു നിൽക്കുന്ന ഓണാഘോഷത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറും. പൊതു ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഭരണ സമിതി അംഗങ്ങൾക്കുമായി മൽസരങ്ങൾ സംഘടിപ്പിക്കും. ഓണാഘോഷ പരിപാടികൾക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

# കുടിവെള്ളം

കുടിവെള്ളക്ഷാമം ഈ ജില്ലയുടെ പല ഭാഗങ്ങളിലും അതീവ രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്നത് ഈ ഭരണസമിതിയുടെ വ്യക്തമായ കാഴ്ചപ്പാടാണ്. കുടിവെള്ള പദ്ധതികൾക്കായി ഓരോ വർഷവും നാം കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. ഈ വർഷവും വിവിധ കുടിവെള്ള പദ്ധതികൾക്കായി **5കോടി രൂപ** വകയിരുത്തുന്നു.

ഇതു കൂടാതെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളമെത്തിക്കുന്നതിന് **1 കോടി രൂപ**യുടെ ജില്ലാ പഞ്ചായത്തിന്റെ തനത് സമഗ്ര കുടിവെള്ള പദ്ധതിയും ഏറ്റെടുക്കുന്നു.

## റെയിൻ & ഗെയിൻ – മഴവെള്ളകൊയ്ത്ത്

ധാരാളം മഴ ലഭിക്കുന്ന പ്രദേശമാണ് നമ്മുടേത്. എന്നാൽ ഈ മഴവെള്ളം നദികളിലേക്ക് വെറുതെ ഒഴുകിപ്പോവുകയാണ്. ഏറ്റവും ശുദ്ധമായ മഴവെള്ളം സംഭരിക്കുവാൻ കഴിഞ്ഞാൽ കുടിവെള്ളക്ഷാമത്തിന് വലിയൊരു പരിധിവരെ പരിഹാരമാകും. സംഭരിക്കുവാൻ കഴിയാത്ത സ്ഥലങ്ങളിൽ ഭൂമിയിലേക്ക് മഴവെള്ളം റീചാർജ് ചെയ്തു നൽകി ജലസമ്പത്ത് വർധിക്കുന്നതിനും ഇടയാക്കും. ജില്ലാ പഞ്ചായത്ത് സ്കൂളുകളിലും മറ്റ് ഘടകസ്ഥാപനങ്ങളിലും മഴവെള്ള സംഭരണി സ്ഥാപിക്കുന്നതിന് **20 ലക്ഷം രൂപ** വകയിരുത്തുന്നു.

# സദ് ഭരണം

ഏതൊരു ഭരണവും മികച്ചതായി വിലയിരുത്തുന്നത് ഭരണകൂടം ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഗുണമേന്മയുള്ളതും സുതാര്യവും ക്ഷിപ്രവും ആകുമ്പോഴാണ് ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്ത് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നാം നടത്തിവരുന്നുണ്ട്. വിവിധ സേവനങ്ങൾക്കായി ഈ സ്ഥാപനങ്ങളിൽ എത്തുന്നവർക്ക് മികച്ച സൗകര്യങ്ങളും പ്രദാനം ചെയ്യേണ്ടതുണ്ട്. ജില്ലാ പഞ്ചായത്തിലേക്കും ജില്ലാ പഞ്ചായത്ത് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ജില്ലാ പഞ്ചായത്തിലും ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങളിലും പഞ്ചിങ്ങ് ഏർപ്പെടുത്തുന്നത്തിനും **30 ലക്ഷം രൂപ** വകയിരുത്തുന്നു.

ജില്ലാ പഞ്ചായത്ത് മഹാബലി ചക്രവർത്തിയുടെ രാജധാനി എന്നാണ് അറിയപ്പെടുന്നത്. എന്നാൽ പഞ്ചായത്ത് ഓഫീസിന്റെ മുഖച്ഛായ ഈ പെരുമയ്ക്ക് ചേർന്നതല്ല. ജില്ലാ പഞ്ചായത്ത് ഓഫീസിന്റെ മുഖച്ഛായ മാറ്റുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും **30 ലക്ഷം രൂപ** വകയിരുത്തുന്നു.

ജില്ലാ പഞ്ചായത്ത് ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവും വേഗത്തിലും ആക്കുന്നതിന് ജില്ലാ പഞ്ചായത്ത് പൂർണമായും ഇ – ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്ന പദ്ധതിക്ക് **10 ലക്ഷം രൂപ** നീക്കി വയ്ക്കുന്നു.

## ധ്വനി – ജില്ലാ പഞ്ചായത്ത് എഫ് എം റേഡിയോ

ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളും പ്രവർത്തനങ്ങളും ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കുവാൻ 2022–23 വർഷം ആരംഭിച്ച FM റേഡിയോ സംപ്രേഷണം വളരെ ഫലപ്രദവും ജനപ്രിയവും ആണ് ഈ പരിപാടി ഈ വർഷവും തുടരും.

## മിഴി – ജില്ലാ പഞ്ചായത്ത് യൂട്യൂബ് ചാനൽ

ജില്ലാ പഞ്ചായത്ത് പ്രവർത്തനങ്ങളെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് തനതായി യൂട്യൂബ് ചാനൽ ആരംഭിക്കും. ഇതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

എറണാകുളം ജില്ലാ പഞ്ചായത്തിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ട്രസ്റ്റിന് ബൈലോയും ഭരണസമിതിയും ആയിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുള്ളിൽ ട്രസ്റ്റ് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്കായി **50 ലക്ഷം രൂപ** നൽകുന്നു.

# ദുരന്ത നിവാരണം

വെള്ളപ്പൊക്കം, വേലിയേറ്റം, അതിമഴ ചുഴലിക്കാറ്റ്, മണ്ണിടിച്ചിൽ തുടങ്ങിയ ദുരന്തങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ദുരന്തങ്ങളെപ്പറ്റി മുന്നറിയിപ്പ് നൽകുവാനും മനസ്സാന്നിധ്യത്തോടെ ദുന്തങ്ങൾ നേരിടുവാനും ദുരന്തങ്ങൾ ഉണ്ടായാൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുവാനുമുള്ള സംവിധാനങ്ങൾ അനിവാര്യമാണ്. സ്കൂൾ വിദ്യാർത്ഥികളെ ദുരന്തനിവാരണ മാർഗങ്ങളെക്കുറിച്ച് ബോധവൽക്കരിച്ചും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും സ്കൂൾ ദുരന്തനിവാരണ ക്ലബ്ബ് രൂപീകരിക്കുന്നതിനുള്ള ജില്ലാ പദ്ധതിക്ക് **15 ലക്ഷം രൂപ** വകയിരുത്തുന്നു. വേലിയേറ്റ വെള്ളപ്പൊക്ക ദുരന്തനിവാരണം, വേലിയേറ്റ വെള്ളപ്പൊക്ക നിരീക്ഷണ സംവിധാനം എന്നിവയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി **രണ്ടര ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

# പശ്ചാത്തല സൗകര്യ വികസനം

നാടിന്റെ വികസനത്തിന്റെ സൂചികയാണ് പശ്ചാത്തല സൗകര്യം വർദ്ധനവ്. വികസനം സാധ്യമാകണമെങ്കിൽ ഗതാഗത സൗകര്യങ്ങൾ വർധിക്കേണ്ടതുണ്ട്. ചക്രത്തിന്റെ കണ്ടുപിടിത്തം ആണ് മനുഷ്യ പുരോഗതിയെ നിർണയിച്ച പ്രധാന കണ്ടുപിടിത്തങ്ങളിൽ ഒന്ന്. ചക്രത്തിന്റെ വരവോടു കൂടി മനുഷ്യ അധ്വാനം ലഘൂകരിക്കപ്പെട്ടു എന്നത് മാത്രമല്ല ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്കുള്ള ആൾ സഞ്ചാരത്തിനും ചരക്കു നീക്കത്തിനും ഗതിവേഗം വരികയും ചെയ്തു. ഈ വേഗതയാണ് വികസന കുതിപ്പിന് ഇടയാക്കിയത്. വികസനം സാധ്യമാകണമെങ്കിൽ സുഗമവും വേഗമേറിയതുമായ സഞ്ചാര പാതകൾ ഉണ്ടാകണം. നദികൾ മുറിച്ചു കിടക്കുന്നതിന് വീതിയേറിയ പാലങ്ങൾ വേണം. സേവനം ഗുണപ്രദമായി പ്രദാനം ചെയ്യുന്നതിന് നല്ല കെട്ടിടങ്ങളും വേണം. ഇത്തരത്തിലുള്ള പശ്ചാത്തല സൗകര്യ വികസനത്തിന്റെ കാര്യത്തിലും ഈ ബജറ്റ് ശ്രദ്ധ വയ്ക്കുന്നു.

**പുതിയ റോഡുകളുടെ നിർമ്മാണത്തിനായി 1 കോടി രൂപ വകയിരുത്തുന്നു. റോഡുകളുടെ പുനരുദ്ധാരണത്തിനും മെച്ചപ്പെടുത്തലിനുമായി 15 കോടി രൂപ നീക്കിവെക്കുന്നു.**

പല സന്ദർഭങ്ങളിലും കരാറുകാരുടെ അലംഭാവവും നിസ്സഹകരണവും മൂലം റോഡ്പണികൾ യഥാസമയം പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. ഇത് ധനനഷ്ടത്തിനിടയാക്കുകയും വികസനം തടസ്സപ്പെടുന്നതിന് ഇട നൽകുകയും ചെയ്യും. ഇത് ഒഴിവാക്കുന്നതിന് പ്രത്യേക ജാഗ്രത പുലർത്തും. റോഡ് നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി കൃത്യമായി കരാറിൽ രേഖപ്പെടുത്തും.

നിർമ്മാണ വേളയിൽ പ്രവർത്തികൾ ശരിയാംവിധം നിരീക്ഷിക്കുവാൻ മതിയായ ഉദ്യോഗസ്ഥ സംവിധാനം ഇല്ലാത്തത് റോഡ് പണികളുടെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിന് ഈ പ്രദേശത്തുള്ള എഞ്ചിനീയറിങ് കോളേജുകളിലും, ITI, പോളി ടെക്നിക് എന്നിവിടങ്ങളിൽ സിവിൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ

സേവനം അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമായി ഉപയോഗപ്പെടുത്തി റോഡ് നിർമ്മാണ പ്രവർത്തി നടക്കുന്ന സ്ഥലങ്ങളിൽ ഓവർസിയർമാരായി നിയമിക്കും.

**പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കുമായി 50 ലക്ഷം രൂപ മാറ്റി വെക്കുന്നു.**

**പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 2 കോടി രൂപ നീക്കി വെക്കുന്നു.**

പൊതു ആവശ്യത്തിന് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ശില്പ ചാതുരി ആ പ്രദേശത്തിന്റെ മനോഹാരിതയെ വർധിപ്പിക്കുന്നു. കേരളം പോലെ വിനോദ സഞ്ചാരത്തിന് അനുയോജ്യമായ ഒരു സ്ഥലത്ത് ശില്പ ഭംഗിയുള്ള കെട്ടിടങ്ങൾ ഉണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ നിലവിൽ നമ്മുടെ എൻജിനീയറിങ് വിഭാഗം രൂപകൽപ്പന ചെയ്യുന്ന കെട്ടിടങ്ങൾക്ക് ഭംഗിയായ ആകൃതി ഉണ്ടാവുന്നില്ല എന്നത് വസ്തുതയാണ്. എഞ്ചിനീയറിങ് വിഭാഗത്തിൽ സിവിൽ എഞ്ചിനീയർമാർ മാത്രമാണുള്ളത് എന്നതു കൊണ്ടാണ് ഇത് സംഭവിക്കുന്നത്. എല്ലാ പുതിയ നിർമ്മാണങ്ങളിലും ആർക്കിടെക്റ്റ് കളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പല സന്ദർഭങ്ങളിലും ആവശ്യമായ പ്ലംബിംഗ് വയറിങ് മുതലായ പ്രവർത്തികൾ ചെയ്യാത്തതുമൂലം നിർമ്മാണം പൂർത്തിയായ പല കെട്ടിടങ്ങളും ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയിലാണ്. ഇത് പൊതുഖജനാവിന്റെ ദുർവിനിയോഗമാണ്. ഇത്തരം അബദ്ധങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതുണ്ട്. അതിനാൽ 2023-24 വർഷം മുതൽ എല്ലാ നിർമ്മാണങ്ങൾക്കും കോമ്പോസിറ്റ് ടെൻഡർ നിർബന്ധിതമാക്കുന്നു.

കോമ്പോസിറ്റ് ടെൻഡറിങ് ഫലപ്രദമായി നടപ്പാക്കുന്നതിനും പുതിയ കെട്ടിടങ്ങൾക്ക് ശില്പഭംഗി ഉണ്ടാകുന്നതിനുമായി ജില്ലാ പഞ്ചായത്ത് എൻജിനീയറിങ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു ഇലക്ട്രിക്കൽ എൻജിനീയറെയും ആർക്കിടെക്റ്റിനെയും നിയമിക്കുവാൻ നടപടി സ്വീകരിക്കും.

# ഉപസംഹാരം

ലഭ്യമായ വിഭവസ്രോതസുകൾ പരമാവധി പ്രയോജനപ്പെടുത്തി സ്വപ്നങ്ങളേതും കലർത്താതെ തയ്യാറാക്കിയിട്ടുള്ള ഒരു ബജറ്റാണിത്. മുൻകാലങ്ങളിൽ നാം ബജറ്റിൽ പ്രഖ്യാപിച്ച പരിപാടികൾ നടപ്പാക്കുന്നതിൽ നമുക്ക് രാഷ്ട്രീയ ഭേദം ഉണ്ടായിട്ടില്ല എന്നത് ഏറെ സന്തോഷത്തോടെ ഓർക്കുന്നു. എല്ലാ രാഷ്ട്രീയ കക്ഷികളിലും പെട്ടവർ ഭരണസമിതിയുടെ തന്നെ ഭാഗമാണെന്ന ചിന്തയോടെ, ഒരേ മനസ്സോടെ പ്രവർത്തിക്കുന്നത് മൂലമാണ് നമുക്ക് മറ്റുള്ളവർക്ക് മാതൃകയായ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുവാൻ കഴിഞ്ഞിട്ടുള്ളത്. തൻറെ മുഴുവൻ സമയവും ഊർജ്ജവും നിഷ്കാമമായി ഈ ജില്ലാ പഞ്ചായത്തിന് വേണ്ടി സമർപ്പിച്ചിരിക്കുന്ന എല്ലാവരെയും പ്രചോദിപ്പിക്കുന്ന ഓരു പ്രസിഡൻറ് അമരക്കാരനായി ഉണ്ട് എന്നതാണ് നമുക്ക് ഊർജ്ജം പകർന്നു നൽകുന്നത്. കർമ്മനിരതരായ ഒരുപറ്റം ഉദ്യോഗസ്ഥരും നമുക്ക് ഒപ്പമുണ്ട് എന്നതും ഒരു ഭാഗ്യമാണ്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ പല സ്വപ്ന പദ്ധതികളും നമുക്ക് യാഥാർത്ഥ്യമാക്കുവാൻ പോയ വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. ഈ ബജറ്റിലും ഏറ്റെടുത്തിട്ടുള്ള വ്യത്യസ്തമായ പദ്ധതികൾ ചിട്ടയോടും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിന് കൂട്ടായ പ്രവർത്തങ്ങളിലൂടെ നമുക്ക് കഴിയും എന്ന പ്രതീക്ഷയോടെ ഈ ബജറ്റ് നിങ്ങളുടെ അംഗീകാരത്തിനായി സവിനയം സമർപ്പിച്ചു കൊള്ളുന്നു.

ഓം സഹനാവവതു
സഹനൗ ഭുനക്തു
സഹവീര്യം കരവാവഹേ
തേജസ്വിനാ അവധീതവസ്തു
മാ വിദ്വിഷാവഹൈ,
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

അവൻ നമ്മൾ  രണ്ടു പേരെയും സംരക്ഷിക്കട്ടെ
അവൻ നമ്മൾ രണ്ടു പേരെയും അറിവിനാൽ  പോഷിപ്പിക്കട്ടെ
നമുക്ക് വലിയ ഊർജ്ജത്തോടെ ഒരുമിച്ച് പ്രവർത്തിക്കാം.
നമ്മുടെ  പഠനം ഉർജ്ജസ്വലവും ഫലപ്രദവുമാകട്ടെ.
നമുക്ക് ആരെയും വെറുക്കാതിരിക്കാം.
നമ്മിൽ സമാധാനമുണ്ടാവട്ടെ.
നമ്മുടെ പരിതസ്ഥിതിയിൽ  സമാധാനമുണ്ടാവട്ടെ.
നമ്മിൽ  പ്രവർത്തിക്കുന്ന ശക്തികളിൽ സമാധാനമുണ്ടാകട്ടെ.

2023 amÀ¨ı am kw 22þmw XobXn _p[ \mgN

k \nXm d I mw
ssh k ı {] k nU â ı
Pnñm ] © mb ¯ ı FdWm I pfw

# എറണാകുളം ജില്ലാ പഞ്ചായത്ത്
## 2023-2024 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻബാക്കി | 10,88,13,696 |
| വരവ് | 139,56,88,000 |
| ആകെ വരവ് | 150,45,01,696 |
| ആകെ ചെലവ് | 145,82,56,500 |
| നീക്കി ബാക്കി | 4,62,45,196 |

# എറണാകുളം ജില്ലാ പഞ്ചായത്ത് 2023-2024 ബജറ്റ് സംഗ്രഹം

( ധനകാര്യ സ്ഥിരം സമിതിയുടെ 20-03-2023 തീയതിയിലെ 1 - നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത്. )

## വരവുകൾ

| | |
|---|---|
| മുൻബാക്കി | 10,88,13,696 |
| നികുതി വരുമാനം | 0 |
| നികതിയിതര വരുമാനം | 15,24,67,500 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5,39,68,000 |
| ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി വിഹിതം / കേന്ദ്രാവിഷ്ക്കൃത പദ്ധതി വിഹിതം | 0 |
| വികസനഫണ്ട് | 68,75,53,500 |
| മെയിന്റനൻസ് ഗ്രാന്റ് | 26,76,99,000 |
| ക്ഷേമപദ്ധതികൾ / സംസ്ഥാനാവിഷ്ക്കൃത പദ്ധതി വിഹിതം | 4,00,00,000 |
| MP ഫണ്ട് | 0 |
| MLA ഫണ്ട് | 0 |
| | |
| | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,50,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 |
| വായ്പ വരവുകൾ | 0 |
| കുടുംബശ്രീ | 0 |
| മറ്റുള്ളവ | 17,90,00,000 |
| **ആകെ വരവ്** | **150,45,01,696** |

## എറണാകുളം ജില്ലാ പഞ്ചായത്ത് 2023-2024 ബജറ്റ് സംഗ്രഹം

## ചെലവുകൾ

| | |
|---|---|
| ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാപ്പടി, മറ്റ് ആനുകൂല്യങ്ങൾ | 51,50,000 |
| ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും | 2,41,90,000 |
| ഓഫീസ് ചെലവുകൾ | 15,00,000 |
| തെരുവു വിളക്കുകൾ | 0 |
| പൊതു ടാപ്പുകളുടെ വെള്ളക്കരം | 0 |
| മറ്റ് ഭരണച്ചെലവുകൾ | 40,00,000 |
| ജനകീയാസൂത്രണ പദ്ധതി ചെലവുകൾ | 134,44,58,500 |
| തൊഴിലുറപ്പുപദ്ധതി / മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ | 0 |
| ക്ഷേമപെൻഷനുകൾ / സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | 4,00,00,000 |
| MP ഫണ്ട് | 0 |
| MLA ഫണ്ട് | 0 |
| 0 | 0 |
| 0 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,50,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 |
| കുടുംബശ്രീ | 0 |
| മറ്റുള്ളവ | 2,91,08,000 |
| **ആകെ ചെലവ്** | **145,82,56,500** |

| | |
|---|---|
| **നീക്കിയിരിപ്പ്** | **4,62,45,196** |

# എറണാകുളം ജില്ലാ പഞ്ചായത്ത്

## 2023-2024 സാമ്പത്തികവർഷത്തെ ബജറ്റ്

( ധനകാര്യ സ്ഥിരം സമിതിയുടെ 20-03-2023 തീയതിയിലെ
1 - നമ്പർ തീരുമാനം പ്രകാരം
അംഗീകരിച്ചത്. )

## Ernakulam  District Panchayath Budget for the Financial Year 2023-2024

## BUDGET   STATEMENT

| PARTICULARS | | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| A | Opening balance (net) (ws-1) | 13,33,60,114 | 18,61,99,170 | 10,88,13,696 |
| B | a) Tax revenue-നികുതി വരുമാനം (BS-1) | 0 | 0 | 0 |
| C | b) Non tax revenue-നികുതിയിതര വരുമാനം (BS-2) | 3,28,51,707 | 4,23,57,500 | 15,24,67,500 |
| D | Total  Own Fund-ആകെ തനത് ഫണ്ട് (B+C) | 3,28,51,707 | 4,23,57,500 | 15,24,67,500 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3) | 4,30,23,000 | 4,86,86,000 | 5,39,68,000 |
| F | Total -ആകെ (D+E) | 7,58,74,707 | 9,10,43,500 | 20,64,35,500 |
| G | d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് (BS-4) | 94,27,02,644 | 163,68,33,519 | 86,94,17,300 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതി ഇതര ചെലവുകൾക്ക് (BS-5) | 0 | 3,00,00,000 | 4,00,00,000 |
| I | Toal Revenue Income -ആകെ റവന്യൂ  വരവുകൾ (F+G+H) | 101,85,77,351 | 175,78,77,019 | 111,58,52,800 |
| J | Capital Income -  Loans  -മൂലധന വരവ്-വായ്പ വാങ്ങൽ (BS-6) | 0 | 0 | 10,00,00,000 |

| | PARTICULARS | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| K | Capital Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ (BS-7) | 1,79,37,887 | 14,20,26,085 | 17,98,35,200 |
| L | Total Capital Income-ആകെ മൂലധന വരവുകൾ (J+K) | 1,79,37,887 | 14,20,26,085 | 27,98,35,200 |
| M | Total Income -ആകെ വരവുകൾ (I+L) | 103,65,15,238 | 189,99,03,104 | 139,56,88,000 |
| N | Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A) | 116,98,75,352 | 208,61,02,274 | 150,45,01,696 |
| O | Revenue Expenditure-Statutory functions-റവന്യൂ ചെലവുകള് -അനിവാര്യ ചുമതലകൾക്ക് (BS-8) | 2,52,79,335 | 3,13,73,790 | 3,87,98,000 |
| P | Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9) | 90,74,42,487 | 177,00,77,049 | 110,56,58,500 |
| Q | Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10) | 0 | 3,00,00,000 | 4,00,00,000 |
| R | Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ (O+P+Q) | 93,27,21,822 | 183,14,50,839 | 118,44,56,500 |
| S | Capital Expenditure -Loan repayments-മൂലധന ചെലവുകള് -വായ്പ തിരിച്ചടവ് (BS-11) | 0 | 0 | 2,00,00,000 |
| T | Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12) | 5,09,54,360 | 14,58,37,739 | 25,38,00,000 |
| U | Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T) | 5,09,54,360 | 14,58,37,739 | 27,38,00,000 |
| V | Total Expenditure -ആകെ ചെലവുകൾ (R+U) | 98,36,76,182 | 197,72,88,578 | 145,82,56,500 |
| W | Closing Balance-നീക്കി ബാക്കി (N-V) | 18,61,99,170 | 10,88,13,696 | 4,62,45,196 |

| Ernakulam District Panchayath Budget for the Financial Year 2023-2024 | | | | |
|---|---|---|---|---|
| BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
| 1101001 | Property Tax-വസ്തു നികുതി | 0 | 0 | 0 |
| 1101101 | Service Tax-സേവന നികുതി | 0 | 0 | 0 |
| 1102001 | Profession Tax-തൊഴിൽ നികുതി | 0 | 0 | 0 |
| 1103001 | Advertisement Tax-പരസ്യ നികുതി | 0 | 0 | 0 |
| 1103501 | Show Tax-പ്രദർശന നികുതി | 0 | 0 | 0 |
| 1104001 | Entertainment Tax-വിനോദനികുതി | 0 | 0 | 0 |
| 1105101 | Toll-ടോൾ | 0 | 0 | 0 |
| 1105201 | Land Conversion Cess-ഭൂ പരിവർത്തന സെസ് | 0 | 0 | 0 |
| 110 | Total-Tax Revenue-ആകെ നികുതി വരവ് | 0 | 0 | 0 |

| Ernakulam District Panchayath Budget for the Financial Year 2023-2024 | | | | |
|---|---|---|---|---|
| BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
| **130 - Rental Income from Panchayat Properties** | | | | |
| 1301001 | Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 0 | 0 | 1,00,00,000 |
| 1302001 | Rent from Staff Quarters-സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക | 0 | 0 | 0 |
| 1303001 | Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക | 45,000 | 2,00,000 | 25,00,000 |
| 1304001 | Daily Rentals from Grama Panchayat Properties-പഞ്ചായത്ത് സ്വത്തുകളുടെ ദിവസ വാടക | 0 | 0 | 0 |
| 1308001 | Other Rents- മറ്റ് വാടകകൾ | 0 | 0 | 0 |
| 130 | Total Rental Income from Panchayat Properties | 45,000 | 2,00,000 | 1,25,00,000 |

| BS-2 PARTICULARS | | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| **140 - Fees & User Charges** | | | | |
| 1401001 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 0 | 0 | 0 |
| 1401101 | Licence Fees-ലൈസൻസ് ഫീസ് | 0 | 0 | 0 |
| 1401201 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 0 | 0 | 0 |
| 1401301 | Fees for Certificate or Extract-സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 1,233 | 7,500 | 7,500 |
| 1402001 | Penalties and Fines-ഫൈൻ | 13,83,783 | 7,00,000 | 50,00,000 |
| 1404001 | Miscellaneous Fees-മറ്റ് ഫീസുകൾ | 17,290 | 0 | 0 |
| 1405001 | User Charges Collected-യൂസർ ചാർജ് | 30,41,800 | 35,00,000 | 40,00,000 |
| 1407001 | Service/ Administrative Charges-സർവീസ്/അഡ്മിനിസ്ട്രേറ്റിവ് ചാർജുകൾ | 0 | 0 | 0 |
| 140 | Total Fees & User Charges | 44,44,106 | 42,07,500 | 90,07,500 |

| BS-2 PARTICULARS | | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| **150 - Sale & Hire Charges** | | | | |
| **1501001** | **Sale of Products-ഉൽപ്പന്നങ്ങളുടെ വില** | **2,44,90,000** | **3,00,00,000** | **0** |
| **1501101** | **Sale of Forms-ഫാറം വില** | **17,600** | **40,00,000** | **45,00,000** |
| **1501201** | **Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന** | **31,19,794** | **25,00,000** | **50,00,000** |
| **1503001** | **Miscellaneous Sales--മറ്റ് വസ്തുക്കളുടെ വിൽപ്പന** | **0** | **0** | **2,00,00,000** |
| **1504001** | **Hire Charges of Vehicles-വാഹന വാടക** | **0** | **0** | **0** |
| **1504101** | **Hire Charges of Tools, Machinery and Equipment-ഉപകരണങ്ങളുടെ വാടക** | **0** | **0** | **0** |
| **150** | **Total-Sale & Hire Charges** | **2,76,27,394** | **3,65,00,000** | **2,95,00,000** |

| BS-2 PARTICULARS | | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| **151 - Receipts from Transferred Institutions** | | | | |
| 1511001 | Receipts from Transferred Institutions - ഘടകസ്ഥാപനങ്ങളിൽനിന്നുള്ള വരവുകൾ | 0 | 0 | 10,00,00,000 |
| 151 | Total Receipts from Transferred Institutions | 0.00 | 0.00 | 10,00,00,000.00 |
| BS-2 PARTICULARS | | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
| **170 - Income from Investments** | | | | |
| 1701001 | Interest from Investments-നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 0 | 0 | 0 |
| 1702001 | Dividend-നിക്ഷേപങ്ങളിൽ നിന്നുള്ള അംശആദായം | 0 | 0 | 0 |
| 1704001 | Profit on Sale of Investments-നിക്ഷേപങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള ലാഭം | 0 | 0 | 0 |
| 1708001 | Other Income from Investments-നിക്ഷേപങ്ങളിൽ നിന്നുള്ള മറ്റു വരവുകൾ | 0 | 0 | 0 |
| 170 | Total Income from Investments | 0 | 0 | 0 |

| BS-2 PARTICULARS | | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| **171 - Interest Earned** | | | | |
| 1711001 | Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 7,26,863 | 12,00,000 | 12,00,000 |
| 1712001 | Interest on Loans and Advances to Employees-ജീവനക്കാർക്ക് നൽകിയിട്ടുള്ള മുന്കൂറുകളിൽ നിന്നുള്ള പലിശ | 0 | 0 | 0 |
| | | | | |
| 1718001 | Other Interest-മറ്റ് പലിശ വരവുകൾ | 0 | 0 | 0 |
| 171 | Total Interest Earned | 7,26,863 | 12,00,000 | 12,00,000 |

| BS-2 PARTICULARS | | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| **180 - Other Income** | | | | |
| 1801001 | Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 0 | 2,50,000 | 2,50,000 |
| 1801101 | Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 0 | 0 | 0 |
| 1802001 | Insurance Claim Recovery-ഇൻഷുറൻസ് ക്ലെയിം ലഭിച്ചത് | 0 | 0 | 0 |
| 1803001 | Profit on Disposal of Fixed Assets-സ്ഥിര ആസ്തികളുടെ വില്പ്പനയിലുള്ള ലാഭം | 0 | 0 | 0 |
| 1804001 | Recovery from Employees-ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ | 8,344 | 0 | 10,000 |
| 1808001 | Miscellaneous Income | 0 | 0 | 0 |
| 180 | Total Other Income | 8,344 | 2,50,000 | 2,60,000 |
| **Total-Non tax revenue-ആകെ നികുതിയിതര വരവുകൾ** | | **6,56,95,070** | **8,44,65,000** | **30,46,75,000** |

| Ernakulam District Panchayath Budget for the Financial Year 2023-2024 | | | | |
|---|---|---|---|---|
| BS-3- GENERAL PURPOSE FUND- ജനറൽ പർപ്പസ് ഫണ്ട് ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
| 1601005 | General purpose fund-ജനറൽ പർപ്പസ് ഫണ്ട് | 4,30,23,000 | 4,86,86,000 | 5,39,68,000 |
| 160 | Total-General purpose fund-ജനറൽ പർപ്പസ് ഫണ്ട് | 4,30,23,000 | 4,86,86,000 | 5,39,68,000 |

## Ernakulam District Panchayath Budget for the Financial Year 2023-2024

### BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ )

| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| 3111001 | Special Funds-പ്രത്യേക ഫണ്ട് | 0 | 0 | 0 |
| 3112001 | Development Fund for Transfer to Other LSGIs for Joint Venture Project - for Capital Expenditure-സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക് | 0 | 0 | 0 |
| 3112002 | Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure -സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യു ചെലവുകൾക്ക് | 0 | 0 | 0 |
| 3112003 | Development Fund for Transfer to Other LSGIs for Other Specific Purposes - for Capital Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക് | 0 | 0 | 0 |
| 3112004 | Development Fund for Transfer to Other LSGIs for Other Specific Purposes - for Revenue Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യു ചെലവുകൾക്ക് | 0 | 0 | 0 |
| 3117101 | Trust or Agency Funds-ട്രസ്റ്റ്/ഏജൻസി ഫണ്ടുകൾ | 0 | #REF! | 2,00,00,000 |
| 3121001 | capital contribution- | 0 | 0 | 0 |
| 3201001 | Grants, Funds & Contributions for Specific Purposes - centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 0 | 2,00,00,000 | 2,00,00,000 |

| | | | | |
|---|---|---|---|---|
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികൾക്കുള്ളത് | 0 | 0 | 0 |
| 3202001 | Development Fund - General - Revenue-വികസന ഫണ്ട് - പൊതുവിഭാഗം - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ | 28,70,81,411 | 33,13,24,663 | 23,93,79,700 |
| 3202001 | Development Fund - SCSP -Revenue -വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ | 12,46,79,358 | 18,19,08,139 | 16,93,42,000 |
| 3202001 | Development Fund - TSP - Revenuel -വികസന ഫണ്ട് - പട്ടികവർഗ്ഗഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ | 63,85,474 | 70,27,000 | 70,27,000 |
| 3202001 | Development Fund - CFC - Revenue -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ | 7,32,74,907 | 20,99,50,209 | 13,59,02,400 |
| 3202001 | Development Fund - KLGSDP - Revenue -വികസന ഫണ്ട് - ലോകബാങ്ക് ധനസഹായം- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ | 0 | 0 | 0 |
| 3202001 | Development Fund - Special Grant - Revenue -വികസന ഫണ്ട് - സ്പെഷ്യൽ ഗ്രാന്റ്- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ | 0 | 69,55,97,993 | 0 |
| 3202001 | Maintenance Fund - Road Assets -Revenue- സംരക്ഷണച്ചെലവ് - റോഡ് ആസ്തികള് -- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ | 36,21,83,681 | 14,73,97,517 | 12,83,71,000 |
| 3202001 | Maintenance Fund - Non Road Assets - Revenue - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികള് -- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ | 8,70,17,022 | #REF! | 12,53,95,200 |
| 3202002 | Fund for Transferred Institutions -ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ | 0 | 0 | 0 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന | 0 | 0 | 0 |
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| 3204001 | **Grants, Funds & Contributions for Specific Purposes - Financial Institutions -  ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും** | **8,661** | **0** | **0** |
| 3205001 | **Grants, Funds & Contributions for Specific Purposes - Welfare Bodies- ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും** | **0** | **0** | **0** |
| 3206001 | **Grants, Funds & Contributions for Specific Purposes - International Organizations-അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും** | **0** | **0** | **0** |
| 3207001 | **Contributions for Joint Venture Projects (for Capital Expenditure) - From Other LSGIs - സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം** | **0** | **0** | **0** |
| 3207002 | **Contributions for Joint Venture Projects (for Centrally Sponsored Scheme) - From Other LSGIs - സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം (കേന്ദ്രാവിഷ്കൃത** | **20,72,130** | **3,36,16,818** | **1,50,00,000** |
| 3207003 | **Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)** | **0** | **0** | **0** |
| 3207004 | **Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)** | **0** | **9,62,500** | **0** |
| 3208001 | **Other Grants, Funds & Contributions for Specific Purposes - others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും** | **0** | **30,48,680** | **50,00,000** |
| 3209001 | **Awards from Central Government -കേന്ദ്ര സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ** | **0** | **0** | **0** |
| 3209002 | **Awards from State Government --സംസ്ഥാന സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ** | **0** | **40,00,000** | **40,00,000** |
| 3209003 | **Other Awards and Honours-മറ്റ് അവാർഡുകളും ബഹുമതികളും** | **0** | **0** | **0** |
| 311 | **Revenue Grants, Funds, Contributions & Compensations-** | **94,27,02,644** | **#REF!** | **86,94,17,300** |

| Ernakulam District Panchayath Budget for the Financial Year 2023-2024 | | | | |
|---|---|---|---|---|
| **BS-5-REVENUE INCOME- NON PLAN GRANTS- (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - വരവുകൾ )** | | | | |
| **DETAILED HEAD CODE** | **PARTICULARS (ഇനവിവരം)** | **Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022)** | **Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)** | **Budget for the Year2023-2024 (ബജറ്റ്-2023-2024)** |
| **1601003** | **State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ** | **0** | **3,00,00,000** | **4,00,00,000** |
| **160** | **Total-Revenue Grants, Funds, Contributions & Compensations** | **0** | **3,00,00,000** | **4,00,00,000** |

| Ernakulam District Panchayath Budget for the Financial Year 2023-2024 | | | | |
|---|---|---|---|---|
| **BS-6-CAPITAL INCOME- LOANS -(വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ് )** | | | | |
| **DETAILED HEAD CODE** | **PARTICULARS (ഇനവിവരം)** | **Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022)** | **Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)** | **Budget for the Year2023-2024 (ബജറ്റ്-2023-2024)** |
| **3301001** | **loans from Central Government- കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ** | **0** | **0** | **0** |
| **3302001** | **loans from State Government-സംസ്ഥാന സർക്കാരിൽ നിന്നുള്ള വായ്പ** | **0** | **0** | **0** |
| **3303001** | **loans from Government Bodies and Associations-സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള വായ്പ** | **0** | **0** | **0** |
| **3304001** | **loans from International Agencies-അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ** | **0** | **0** | **0** |
| **3305001** | **loans from Banks & Other Financial Institutions-ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ** | **0** | **0** | **0** |
| **3305002** | **loans - Loan from Financial Institutions-മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ** | **0** | **0** | **10,00,00,000** |
| **3306001** | **loans -Other Term Loans-മറ്റ് ടേം ലോണുകൾ** | **0** | **0** | **0** |
| **3307001** | **loans - Bonds & Debentures-ബോണ്ടുകളുടെയും ,ഡിബഞ്ചറുകളുടെയും ഈടിന്മേലുള്ള വായ്പകൾ** | **0** | **0** | **0** |
| **3308001** | **loans -Other Loans-മറ്റ് വായ്പകൾ** | **0** | **0** | **0** |

| | | | | |
|---|---|---|---|---|
| 330 | Total-loans-ആകെ വായ്പകൾ | 0 | 0 | 10,00,00,000 |

## Ernakulam District Panchayath Budget for the Financial Year 2023-2024

## BS-7- CAPITAL INCOME- OTHER THAN LOANS -( മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റു വരവുകൾ )

| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| 3111001 | Special Funds-പ്രത്യേക ഫണ്ട് | 0 | 0 | 0 |
| 3112001 | Development Fund for Transfer to Other LSGIs for Joint Venture Project - for Capital Expenditure-സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക് | 0 | 0 | 0 |
| 3112002 | Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure -സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യൂ ചെലവുകൾക്ക് | 0 | 0 | 0 |
| 3112003 | Development Fund for Transfer to Other LSGIs for Other Specific Purposes - for Capital Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-മൂലധന ചെലവുകൾക്ക് | 0 | 0 | 0 |
| 3112004 | Development Fund for Transfer to Other LSGIs for Other Specific Purposes - for Revenue Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യൂ ചെലവുകൾക്ക് | 0 | 0 | 0 |
| 3117101 | Trust or Agency Funds-ട്രസ്റ്റ്/ഏജൻസി ഫണ്ടുകൾ | 5,00,000 | 0 | 0 |
| 3121001 | capital contribution- | 0 | 0 | 0 |
| 3207001 | Contributions for Joint Venture Projects (for Capital Expenditure) - | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| 3207003 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്) | 0 | 0 | 0 |
| 3201001 | Grants, Funds & Contributions for Specific Purposes - centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും | 32,00,000 | 73,00,000 | 3,00,00,000 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും-- | 0 | 0 | 0 |
| 3202001 | Development Fund - General - Capital -വികസന ഫണ്ട് - പൊതുവിഭാഗം - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 0 | 1,92,37,277 | 3,39,75,600 |
| 3202001 | Development Fund - SCSP - Capital -വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 0 | 1,38,11,528 | 0 |
| 3202001 | Development Fund - TSP - Capital -വികസന ഫണ്ട് - പട്ടികവർഗ്ഗഘടകപദ്ധതി - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 0 | 7,61,776 | 0 |
| 3202001 | Development Fund - CFC - Capital -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 1,42,37,887 | 7,39,38,943 | 10,19,26,800 |
| 3202001 | Development Fund - KLGSDP - Capital -വികസന ഫണ്ട് - ലോകബാങ്ക് ധനസഹായം- മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 0 | 0 | 0 |
| 3202001 | Development Fund - Special Grant - Capital -വികസന ഫണ്ട് - സ്പെഷ്യൽ ഗ്രാന്റ്- മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 0 | 0 | 0 |
| 3202001 | Maintenance Fund - Road Assets - സംരക്ഷണച്ചെലവ് - റോഡ് ആസ്തികൾ - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 0 | 54,58,402 | 0 |
| 3202001 | Maintenance Fund - Non Road Assets - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികൾ - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ | 0 | 1,36,27,204 | 1,39,32,800 |
| 3202002 | Fund for Transferred Institutions -ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ | 0 | 0 | 0 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും | 0 | 0 | 0 |
| 3204001 | Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 0 | 0 | 0 |
| 3205001 | Grants, Funds & Contributions for Specific Purposes - Welfare Bodies- ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 0 | 0 | 0 |
| 3206001 | Grants, Funds & Contributions for Specific Purposes - International Organizations-അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും | 0 | 0 | 0 |
| 3207001 | Contributions for Joint Venture Projects (for Capital Expenditure) - From Other LSGIs - സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം | 0 | 78,90,955 | 0 |
| 3207004 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്) | 0 | 0 | 0 |
| 3208001 | Other Grants, Funds & Contributions for Specific Purposes - others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 0 | 0 | 0 |
| 3209001 | Awards from Central Government -കേന്ദ്ര സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ | 0 | 0 | 0 |
| 3209002 | Awards from State Government --സംസ്ഥാന സർക്കാരിൽ നിന്നുള്ള അവാർഡ് സംഖ്യ | 0 | 0 | 0 |
| 3209003 | Other Awards and Honours-മറ്റ് അവാർഡുകളും ബഹുമതികളും | 0 | 0 | 0 |
| 311 | Total-Revenue Grants, Funds, Contributions & Compensations | 1,79,37,887 | 14,20,26,085 | 17,98,35,200 |

| Ernakulam District Panchayath Budget for the Financial Year 2023-2024 | | | | |
|---|---|---|---|---|
| BS-8-Revenue Expenditure-Mandatory functions- (അനിവാര്യ ചുമതലകൾക്കു വേണ്ടിയുള്ള വകയിരുത്തലുകള്) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
| 210 - Establishment Expenses- | | | | |
| 2101001 | Salaries-ശമ്പളം | 1,57,03,337 | 1,70,65,790 | 2,00,00,000 |
| 2101002 | Wages-കൂലി | 9,98,365 | 15,00,000 | 16,00,000 |
| 2101003 | Bonus-ബോണസ് | 20,000 | 36,000 | 40,000 |
| 2102001 | Travelling Allowances-യാത്രാ ബത്ത | 48,971 | 2,00,000 | 2,50,000 |
| 2102002 | Other Benefits and Allowances-മറ്റ് ബത്തകൾ | 64,602 | 75,000 | 1,00,000 |
| 2102003 | Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം | 33,33,906 | 40,00,000 | 45,00,000 |
| 2102004 | Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 2,24,200 | 4,00,000 | 4,00,000 |
| 2102005 | Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 1,42,263 | 2,50,000 | 2,50,000 |

| | | | | |
|---|---|---|---|---|
| 2103001 | Pension Contributions-പെൻഷൻ കോൺട്രിബ്യൂഷൻ | 81,975 | 5,00,000 | 5,00,000 |
| 2103002 | Leave Salary Contributions-അവധി ശമ്പളം | 0 | 5,00,000 | 5,00,000 |
| 2104001 | Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 11,65,332 | 10,00,000 | 12,00,000 |
| 210 | Total-Establishment Expenses-ജീവനക്കാര്യത്തി ലേക്കുള്ളചെലവുകൾ -ആകെ | 2,17,82,951 | 2,55,26,790 | 2,93,40,000 |

| BS-8 PARTICULARS | | Actuals for the year 2021-2022 (യഥാർത്ഥ കണക്ക് 2021-2022) | Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023) | Budget for the Year2023-2024 (ബജറ്റ്-2023-2024) |
|---|---|---|---|---|
| **220 - Administrative Expenses-ഭരണ ചെലവുകൾ** | | | | |
| 2201001 | Rent-വാടക | 0 | 0 | 0 |
| 2201002 | Rates- | 39,517 | 5,000 | 50,000 |
| 2201003 | Taxes-നികുതി | 0 | 2,000 | 3,000 |
| 2201101 | Office Maintenance-ഓഫീസ് ചെലവുകൾ | 4,34,464 | 12,00,000 | 15,00,000 |
| 2201201 | Communication Expenses-വാർത്താ വിനിമയ ചെലവുകൾ | 42,859 | 1,00,000 | 2,00,000 |
| 2202001 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| 2202101 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 3,36,861 | 5,00,000 | 6,00,000 |
| 2204001 | Insurance and Registration-ഇൻഷുറൻസ്/രജിസ്ട്രേഷൻ | 70,591 | 1,00,000 | 1,50,000 |
| 2205001 | Audit Fees-ഓഡിറ്റ് ഫീ | 67,500 | 0 | 0 |
| 2205101 | Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ | 0 | 1,20,000 | 1,50,000 |
| 2205201 | Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 0 | 0 | 0 |
| 2206001 | Advertisement & Publicity-പരസ്യവും പ്രചരണവും | 1,15,877 | 1,00,000 | 1,25,000 |
| 2206101 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 0 | 5,000 | 5,000 |
| 2207001 | Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ | 0 | 0 | 0 |
| 2207101 | Extra - ordinary Expenses-അസാധാരണ ചെലവുകൾ | 3,15,642 | 5,00,000 | 5,00,000 |
| 2208001 | Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ | 9,49,260 | 15,00,000 | 40,00,000 |
| 220 | Total-Administrative Expenses-ഭരണ ചെലവുകള് -ആകെ | 23,72,571 | 41,32,000 | 72,83,000 |

